32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

NOT OUR MERIT BUT HIS GRACE

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 26, 2024 | Vol. XXXII No. 30 | Periodicals Postage Paid



A Trusted Compassionate
**Partner in Senior Care Excellence.**

We recognise that senior care is about nurturing a genuine sense of belonging. We are dedicated to providing more than just assistance. We offer a safe haven where the elderly can thrive in a nurturing, loving environment. Here, every resident is cherished, respected, and made to feel truly at home.

**Our Services**
* Dementia Care
* Respite Care
* Stroke Rehabilitation
* Palliative Care

**Why Choose Kancare?**
* Residential Care
* 24×7 Medical Support
* Homely Meals
* Individual Care Plans

Give your loved ones
**The Care They Deserve**

kancare
CONTEMPLATIVE CARE

Call: 0484- 4055022
Mob: +91 9497 380 999 / 9497 380 888
www. kancare.in

IDEAL AVENUE, Vadavucode P.O,
**Kangarappady,** Holy cross Road,
Ernakulam - 682021

24/2181 Rajiv Gandhi Nagar Road,
**Kakkanad,** CSEZ P O,
KOCHI 682037



വാഷിങ്ടണിൽ നടന്ന 21-ാമത് ഫൊക്കാനാ കൺവൻഷനിൽ അഡ്വ. ഫ്രാൻസിസ് ജോർജ് എംപി ഭദ്രദീപം തെളിക്കുന്നു. പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, മുകേഷ് എംഎൽഎ, ഡോ. കലാ ഷഹി, ബിജു കൊട്ടാരക്കര, ജോർജ് പണിക്കർ, സജി പോത്തൻ, ടി.പി. ശ്രീനിവാസൻ, അഡ്വ. എ.എ. റഷീദ്, നികേഷ്കുമാർ, ഷാജി വർഗീസ്, ഡോ. ബ്രിജിറ്റ് ജോർജ്, സോണി അമ്പൂക്കൻ, ജോയി ചാക്കപ്പൻ, ലീലാ മാരേട്ട്, വിജി നായർ തുടങ്ങിയവർ സമീപം. (ഫോട്ടോ: എബിൻ പോൾസൺ)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

## EXPERIENCE PERSONAL ATTENTION RESULTS


Salu K. Kunnatha


Reena Emmanuel


Joshua Opdycke

**Dedicated Lawyers Handling Serious Injuries and Wrongful Death Cases**

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!


**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com




# LOOKING FOR INVESTORS

ബാംഗ്ലൂരിലും കേരളത്തിലും കോളേജുകൾ ഉള്ള പ്രമുഖ വിദ്യാഭ്യാസഗ്രൂപ്പ് വിപുലീകരിക്കുന്നതിനായി ഇൻവെസ്റ്റേഴ്സിനെ തേടുന്നു.

നിലവിൽ **MBA MCA BBA BCOM B-Pharm D-Pharm** എന്നീ കോഴ്സുകളാണ് ഉള്ളത്.



**Best Return higher than Bank Deposit & Stock**

Website - www.kap.ac.in
Email - operations@kap.ac.in

Connect for further details:
**Ms.SUBBY RENISH**
(Head of Operations)
Ph: (+91)9241330444
**KERALA ACADEMY OF PHARMACY**
Kandala Near Kattakada Trivandrum
Kerala - 695512

32nd Year of Service 2024
കേരളാ എക്സ്പ്രസ്
KERALA EXPRESS
Price $1.00
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 റവ.ഡോ. ടി.ജെ. ജോഷ്വ അന്തരിച്ചു
5 ഡോ. സജിമോൻ ആന്റണി ഫൊക്കാനാ പ്രസിഡന്റ്
6 ഉമ്മൻ ചാണ്ടിയുടെ ഓർമകൾക്ക് ഒരാണ്ട്
10 കെജ്‌രിവാളിനെ ജയിലിൽ വധിക്കാൻ ഗൂഢാലോചന
18 ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണാഘോഷം

# ഫൊക്കാനാ അവാർഡുകൾ സമ്മാനിച്ചു



ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്
ഡോ. എം.വി. പിള്ളയ്ക്ക്
ഫ്രാൻസിസ് ജോർജ് എംപി സമ്മാനിക്കുന്നു



മീഡിയ എക്സലൻസ് അവാർഡ്
ജോസ് കണിയാലിക്ക്
നികേഷ്കുമാർ സമ്മാനിക്കുന്നു



വിഷ്വൽ മീഡിയ അവാർഡ്
ജോസ് കാടാപുറത്തിന്
മോൻസ് ജോസഫ് എംഎൽഎ സമ്മാനിക്കുന്നു



സാഹിത്യരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം
മുരുകൻ കാട്ടാക്കടയ്ക്ക് മുൻ അംബാസിഡർ
ടി.പി. ശ്രീനിവാസൻ സമ്മാനിക്കുന്നു

### ഷിരൂരിൽ ദേശീയ പാതയിലെ മണ്ണിടിച്ചിൽ

# അർജുനായി ഏഴാം നാളിലും തെരച്ചിൽ ഊർജിതം

കോഴിക്കോട്: അങ്കോണ താലൂക്കിലെ ഷിരൂരിൽ ദേശീയ പാതയിലെ മണ്ണിടിച്ചിലിനെ തുടർന്നു ലോറിക്കൊപ്പം കാണാതായ മലയാളി അർജുനനു വേണ്ടി തെരച്ചിൽ ഏഴാം ദിവസവും തുടരുന്നു. നിലവിൽ കരയിലും പുഴയിലുമാണ് തെരച്ചിൽ പുരോഗമിക്കുന്നത്.

മണ്ണിടിഞ്ഞിടത്ത് ലോറി ഇല്ലെന്നു പൂർണമായും ഉറപ്പാക്കിയശേഷം മാത്രമാകും ഈ ഭാഗത്തെ പരിശോധന നിർത്തുക. ഗംഗാവാലി പുനയിലേക്ക് ഇടിഞ്ഞു കിടക്കുന്ന മണ്ണ് മാറ്റിയും പരിശോധന നടക്കും. ഇവിടെ സ്കൂബടീം തെരച്ചിൽ നടത്തുന്നുണ്ട്. ലോറി പാർക്ക് ചെയ്തു എന്ന് ദൃക്സാക്ഷികൾ പറയുന്ന മലയോടു ചേർന്നുള്ള ഭാഗത്തെ മണ്ണ് മാറ്റിക്കൊണ്ടിരിക്കുകയാണ്.

സൈന്യമാണ് കരയിൽ പരിശോധന നടത്തുന്നത്. സാദ്ധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്നും അത്യാധുനിക റഡാർ സംവിധാനം എത്താത്തത് പോരായ്മയാണെന്നും രക്ഷാപ്രവർത്തകൻ രഞ്ജിത്ത് ഇസ്രായേൽ പറയുന്നു. കോഴിക്കോട്ട് നിന്ന് മുക്കത്തെ മുപ്പതംഗസംഘം രക്ഷാപ്രവർത്തനത്തിനായി ഷിരൂരിലേക്ക് തിരിച്ചു. കർമ ഓമശ്ശേരി, എന്റെ മുക്കം സന്നദ്ധസേന, പുൽപറമ്പ് സന്നദ്ധ സേന എന്നീ സംഘങ്ങളിൽ നിന്നുള്ളവരാണ് ഈ സംഘത്തിലുള്ളത്. മുങ്ങൽ വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർ സംഘത്തിലുണ്ട്. ഡിങ്കിയും മറ്റ് ഉപകരണങ്ങളും ഇവരുടെ കൈവശമുണ്ട്. ജെസിബി ഉൾപ്പെടെ എല്ലാ വാഹനങ്ങളും പ്രവർത്തിപ്പിക്കാൻ അറിയുന്നവരാണ് സംഘത്തിലുള്ളത്. നിരവധി രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും പരിശീലനം ലഭിക്കുകയും ചെയ്തവരാണ് സംഘത്തിലുള്ളത്. സ്ഥലം എംപിയായി എം.കെ. രാഘവൻ ഷിരൂരിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.




അർജുനുവേണ്ടി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ. (ഇൻസെറ്റിൽ അർജുൻ)

മലയിടിച്ചിലിനുശേഷം സ്ഥലത്തെ ഭൂപ്രകൃതി പാടേ മാറിപ്പോയതിനാൽ കൃത്യമായ സ്ഥാനം നിർണയിക്കാനും പ്രയാസമാണ്. തമിഴ്നാട് സ്വദേശിയായ ശരവണൻ എന്നയാളുടെ ലോറിയും ഇതേ സ്ഥലത്തുവെച്ച് കാണാതായതായി വിവരം ലഭിച്ചിട്ടുണ്ട്. കർണാടകയിൽ നിന്നുള്ള ദമ്പതികൾ സഞ്ചരിച്ച കാറും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ വാഹനങ്ങളെല്ലാം പുഴയിലേക്ക് പതിച്ചിട്ടുണ്ടെങ്കിൽ അവശിഷ്ടങ്ങളെങ്കിലും കാണാതിരിക്കില്ലെന്ന് കേരളത്തിൽ നിന്നുള്ള രക്ഷാപ്രവർത്തകർ പറയുന്നു.

രക്ഷാപ്രവർത്തനത്തിന് കനത്ത വെല്ലുവിളിയായി ഷിരൂരിൽ കനത്ത മഴ പെയ്യുന്നുണ്ട്. (ശേഷം 30-ാം പേജിൽ)

# നിപ: ഒരു മരണം; പ്രതിരോധ നടപടികൾ ശക്തമാക്കി

കോഴിക്കോട്: നിപ ബാധിച്ച് അതീവ ഗുരുതരാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ പതിനാലുകാരൻ മരിച്ചു. അബോധാവസ്ഥയിൽ വെന്റിലേറ്ററിലായിരുന്ന കുട്ടിക്ക് ജൂലൈ 21-ന് രാവിലെ 10.50-ന് ഹൃദയസ്തംഭനം ഉണ്ടാകുകയും 11.30-നു മരണം സ്ഥിരീകരിക്കുകയുമായിരുന്നുവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. മൃതദേഹം ഒടോമ്പറ്റ ജുമാ മസ്ജിദിൽ 21-ന് രാത്രി കബറടക്കി. നിപ പ്രോട്ടോക്കോൾ പാലിച്ചായിരുന്നു സംസ്കാരനടപടികൾ. 20-ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ നിന്ന് അബോധാവസ്ഥയിൽ മെഡിക്കൽ കോളജിലേക്ക് എത്തിച്ച് ജീവൻ രക്ഷിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നതായി മന്ത്രി പറഞ്ഞു.



നിപ രോഗം സ്ഥിരീകരിച്ചു ചികിത്സയിലിരിക്കെ മരിച്ച വിദ്യാർത്ഥിയുടെ മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജിലെ ഐസൊലേഷൻ വാർഡിൽനിന്നു മോർച്ചറിയിലേക്കു മാറ്റുന്നതിനായി ആംബുലൻസിൽ കയറ്റുന്നു.

പൂന ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് എത്തിച്ച മോണോക്ലോണൽ ആന്റിബോഡി 21-ന് കുട്ടിക്ക് നൽകുന്നതിനായി മെഡിക്കൽ ബോർഡ് യോഗംചേർന്ന് ക്രമീകരണങ്ങൾ നടത്തിയിരുന്നു. അതിനിടെയാണ് ഹൃദയസ്തംഭനമുണ്ടായത്.

മലപ്പുറം ജില്ലയിൽ നിപ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം 246 ആയി ഉയർന്നു. (ശേഷം 30-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

## ഡാളസിലെ നന്മമരം ഷിജു എബ്രഹാം (ഡാളസ്)



വഴിത്താരകൾ
പേജ്, 16, 17

# നീറ്റ്: രാജ്കോട്ടിൽ യോഗ്യത നേടിയവർ 85 ശതമാനം

ന്യൂഡൽഹി: ദേശീയ മെഡിക്കൽ പ്രവേശനപരീക്ഷ (നീറ്റ് യുജി) യുടെ ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻടിഎ) സെന്ററുകൾ തിരിച്ച് പ്രസിദ്ധപ്പെടുത്തി. പരീക്ഷാ നടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുണ്ടോയെന്നു മനസിലാക്കുന്നതിന് സുപ്രീംകോടതിയുടെ നിർദേശപ്രകാരമാണ് എൻടിഎയുടെ നടപടി.

പരീക്ഷാകേന്ദ്രങ്ങളുടെ അടിസ്ഥാനത്തിൽ ഫലം പ്രഖ്യാപിച്ചപ്പോൾ ഇന്ത്യയിലെ വിവിധ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്കു ലഭിച്ച മാർക്കുകളിൽ വലിയ വ്യത്യാസം സംഭവിച്ചിട്ടുണ്ടെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. വ്യാപക ചോർച്ച സംഭവിച്ചതായി കണ്ടെത്തിയാൽ പുനഃപരീക്ഷ നടത്തേണ്ടിവരുമെന്ന് കേസിന്റെ തുടക്കംമുതൽ കോടതി പറഞ്ഞിരുന്നു.

ഗുജറാത്തിലെ രാജ്കോട്ടിലുള്ള ആർ.കെ. യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് എഞ്ചിനിയറിംഗ് സെന്ററിൽ പരീക്ഷയെഴുതിയ 85 ശതമാനം പേരും യോഗ്യത നേടി. 700-ലധികം മാർക്ക് നേടിയ 12 വിദ്യാർത്ഥികൾ ഇക്കൂട്ടത്തിലുണ്ടെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഏറ്റവും ഉയർന്ന മാർക്കായ 720 ഈ കേന്ദ്രത്തിൽ പരീക്ഷയെഴുതിയ ഒരാൾക്കു ലഭിച്ചു.

ജാർഖണ്ഡിലെ ഹസാരിബാഗ് ഒയാസിസ് സ്കൂളിലെ ഏറ്റവും ഉയർന്ന മാർക്ക് 696 ആണ്. ഈ സ്കൂളിലെ പ്രിൻസിപ്പലിനെ നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിബിഐ അറസ്റ്റ് ചെയ്തിരുന്നു. ആകെ 701 വിദ്യാർത്ഥികളാണ് ഈ സെന്ററിൽനിന്നു പരീക്ഷയെഴുതിയത്. ഇതിൽ 22 വിദ്യാർത്ഥികൾക്ക് 600-നു മുകളിൽ മാർക്ക് ലഭിച്ചു. അതേസമയം, രാജസ്ഥാനിലെ സീക്കറിലെ ആരവല്ലി പബ്ലിക് സ്കൂളിൽ പരീക്ഷയെഴുതിയ 83 വിദ്യാർത്ഥികൾക്ക് 600 മാർക്കിന് മുകളിൽ ലഭിച്ചിട്ടുണ്ട്.


ഗ്രേസ്മാർക്ക് നൽകിയതു റദ്ദാക്കി സുപ്രീംകോടതി വീണ്ടും പരീക്ഷയ്ക്ക് ഉത്തരവിട്ട ഹരിയാനയിലെ ജ്ജാജ്ജരിലെ ഹർദയാൽ പബ്ലിക് സ്കൂൾ സെന്ററിലുള്ള ആറ് വിദ്യാർത്ഥികൾ ആദ്യ പരീക്ഷയിൽ മുഴുവൻ മാർക്കും (720) നേടിയിരുന്നെങ്കിൽ പുനഃപരീക്ഷയിൽ 682 ആണ് ഉയർന്ന മാർക്ക്. വീണ്ടും പരീക്ഷയെഴുതിയവരിൽ 13 പേർക്കു മാത്രമാണ് 600-നു മുകളിൽ മാർക്ക് ലഭിച്ചത്.

ബിഹാറിലെ ഒരു സെന്ററിൽ പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥി നേടിയ -180 (നെഗറ്റീവ് 180) മാർക്കാണ് ഇത്തവണത്തെ ഏറ്റവും മോശം സ്കോർ. 2250 വിദ്യാർത്ഥികൾക്ക് ഇത്തവണ പൂജ്യമാണ്. 9,400 വിദ്യാർത്ഥികൾക്ക് അതിലും പരിതാപകരമായ നെഗറ്റീവ് സ്കോറാണ്.

വിവാദ പരീക്ഷാകേന്ദ്രങ്ങളിലൊന്നായ ജാർഖണ്ഡിലെ ഹസാരിബാഗിൽ നിരവധി വിദ്യാർത്ഥികൾക്കാണ് പൂജ്യം മാർക്ക്.

പൂജ്യം മാർക്ക് ലഭിച്ച വിദ്യാർത്ഥി ഒരു ചോദ്യത്തിനും ശരി ഉത്തരം എഴുതിയിരുന്നില്ല എന്നു വിലയിരുത്താനാവില്ലെന്ന് എൻടിഎ അധികൃതർ വിശദീകരിച്ചു. ചില ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതിക്കാണും.

# റവ.ഡോ. ടി.ജെ. ജോഷ്വ അന്തരിച്ചു



കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സീനിയർ വൈദികനും എഴുത്തുകാരനും സെമിനാരി അദ്ധ്യാപകനുമായിരുന്ന റവ.ഡോ. ടി.ജെ. ജോഷ്വാ (96) അന്തരിച്ചു. പത്തനംതിട്ട കോന്നി തെക്കിനേത്ത് ജോണിന്റെയും റേച്ചലിന്റെയും മകനായി 1929 ഫെബ്രുവരി 13-നാണ് ജനനം.കുറിച്ചി മന്ദിരം കവലയ്ക്കു സമീപമുള്ള വീട്ടിലായിരുന്നു താമസം. മലങ്കര ഓർത്തഡോക്സ് സഭഗുരുരത്നം സ്ഥാനം നല്കി ആദരിച്ചിട്ടുണ്ട്.

1954 മുതൽ 2017 വരെ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ അദ്ധ്യാപകൻ ആയിരുന്നു. കാതോലിക്കാ ബാവ ഉൾപ്പെടെയുള്ള മെത്രാപ്പോലീത്താമാരുടെ ഗുരു കൂടിയാണ്. 64 വർഷമായി പ്രഭാഷണങ്ങൾ നടത്തിവന്നിരുന്നു. 65 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആലുവ യുസി കോളജിൽ നിന്ന് ഇക്കണോമിക്സിൽ ബിഎയും കൊൽക്കത്ത ബിഷപ്സ് കോളജിൽനിന്ന് ബിഡിയും അമേരിക്കയിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്ടിഎം ബിരുദവും നേടി. ജെറുസലേമിലെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണപഠനവും നടത്തിയിട്ടുണ്ട്. 1956-ലാണ് വൈദികനായത്. ഭാര്യ പരേതയായ ഡോ. മറിയാമ്മ ജോഷ്വ. മക്കൾ: ഡോ. റോയി (പ്രൊഫസർ, കൊളംബസ് സർവകലാശാല, യുഎസ്), ഡോ. രേണു ജോളി (ഗൈനക്കോളജി കൺസൽറ്റന്റ്). മരുമക്കൾ: റോഷ്ണി ജോഷ്വാ (യുഎസ്എ), ഡോ. ജോളി വി. മാത്യു (കൺസൽറ്റന്റ് ഫിസിഷ്യൻ).

# ജോ ബൈഡൻ പിൻമാറി; പകരം കമല ഹാരിസ് സ്ഥാനാർത്ഥിയായേക്കും

വാഷിങ്ടൺ: യുഎസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് പ്രസിഡണ്ടും ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയുമായ ജോ ബൈഡൻ പിന്മാറി. രാജ്യത്തിന്റെയും പാർട്ടിയുടെയും നല്ലതിനായി മത്സരത്തിൽനിന്ന് പിന്മാറുന്നുവെന്ന് എക്സിൽ പങ്കുവെച്ച കുറിപ്പിൽ ജോ ബൈഡൻ വ്യക്തമാക്കി.




യുഎസ് തെരഞ്ഞെടുപ്പിന് നാലുമാസം മാത്രം ബാക്കിനിൽക്കേയാണ് ബൈഡന്റെ പിന്മാറ്റം. തനിക്കുപകരം കമല ഹാരിസിന്റെ പേരു നിർദേശിച്ചാണ് ബൈഡൻ പിൻമാറുന്നത്. പ്രസിഡണ്ട് സ്ഥാനത്തേക്കുള്ള മത്സരത്തിൽ കമലയെ പിന്തുണയ്ക്കണമെന്ന് ബൈഡൻ ഡെമോക്രാറ്റുകളോട് ആവശ്യപ്പെട്ടു. റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിയും മുൻ പ്രസിഡണ്ടുമായ ഡോണൾഡ് ട്രംപിനോട് ആദ്യ പ്രസിഡൻഷ്യൽ സംവാദത്തിൽ പതറിയതോടെ ബൈഡൻ പിന്മാറണമെന്ന ആവശ്യം ശക്തമായിരുന്നു. രാജ്യത്തിന്റെ പ്രസിഡണ്ടെന്ന നിലയിലുള്ള ചുമതലകളിൽ ബാക്കിയുള്ള സമയം ശ്രദ്ധിക്കാനാണ് പദ്ധതിയെന്നും ബൈഡൻ കുറിപ്പിൽ പറയുന്നു.

ബൈഡന്റെ പിന്മാറ്റത്തോടെ ചിക്കാഗോയിൽ അടുത്ത മാസം 19-ന് ആരംഭിക്കുന്ന ഡെമോക്രാറ്റ് നാഷണൽ കൺവൻഷനിൽ പുതിയ സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കും. ബൈഡൻ നിർദേശിച്ച കമല ഹാരിസ് തന്നെ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയാകുമെന്നാണ് കരുതുന്നത്.

ഇതോടെ, യുഎസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ആദ്യമായി ഒരു ഇന്ത്യൻ വംശജ മത്സരിക്കുന്നതിനും കളമൊരുങ്ങി. കമല ഹാരിസിനെ വൈസ് പ്രസിഡണ്ടാക്കിയതാണ് തന്റെ ഏറ്റവും മികച്ച തീരുമാനമെന്ന് അവർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ബൈഡൻ വ്യക്തമാക്കി.

# ഡെപ്യൂട്ടി സ്പീക്കർ പദവി പ്രതിപക്ഷത്തിനു കിട്ടിയേ തീരുവെന്ന് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭയിൽ ഡെപ്യൂട്ടി സ്പീക്കർ പദവിക്കായി ഉറച്ചു നിൽക്കാൻ ഇന്ത്യാസഖ്യത്തിന്റെ തീരുമാനം. പാർലമെന്റ് സമ്മേളനത്തിനു



ജയ്റാം രമേശും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും സർവകക്ഷി യോഗത്തിൽ പങ്കെടുക്കാനെത്തിയപ്പോൾ

മുന്നോടിയായി ചേർന്ന സർവകക്ഷി യോഗത്തിൽ കോൺഗ്രസ് ഇക്കാര്യം ആവശ്യപ്പെട്ടു. കീഴ്വഴക്കമനുസരിച്ച് ഡെപ്യൂട്ടി സ്പീക്കർ പദം പ്രതിപക്ഷത്തിനു നല്കാൻ കേന്ദ്രം തയാറാകണമെന്നു യോഗത്തിൽ കോൺഗ്രസിനെ പ്രതിനിധീകരിച്ചു കൊടിക്കുന്നിൽ സുരേഷ്, ഗൗരവ് ഗൊഗോയ് എന്നിവർ ആവശ്യപ്പെട്ടു.

പ്രതിപക്ഷ നിരയ്ക്ക് കരുത്തില്ലാത്തതിനാൽ കഴിഞ്ഞ അഞ്ച് വർഷം ഡെപ്യൂട്ടി സ്പീക്കറായി കേന്ദ്രം ആരെയും നിയമിച്ചിരുന്നില്ല. പ്രതിപക്ഷം ശക്തിയാർജിച്ച സാഹചര്യത്തിൽ ഇക്കുറി പദവിക്കായി ശക്തമായി വാദിക്കാനാണ് ഇന്ത്യാസഖ്യത്തിലെ ധാരണ. നീറ്റ് പരീക്ഷാ ക്രമക്കേട് അടക്കമുള്ള വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കാൻ പ്രതിപക്ഷത്തെ അനുവദിക്കണമെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോൺഗ്രസ് ആവശ്യപ്പെട്ടു.

പ്രത്യേക പദവി വേണമെന്നു ബിഹാറിനു വേണ്ടി ജെഡിയുവും ആന്ധ്രയ്ക്കുവേണ്ടി വൈഎസ്ആർ കോൺഗ്രസും ആവശ്യപ്പെട്ടു. ആന്ധ്രയുടെ പ്രത്യേക പദവിക്കായി നിരന്തരം വാദിച്ചിരുന്ന ടിഡിപി യോഗത്തിൽ ഇക്കാര്യം ആവശ്യപ്പെടാതിരുന്നത് ശ്രദ്ധേയമായി. കേന്ദ്ര സർക്കാരിൽ ഘടകകക്ഷിയായതോടെ ടിഡിപി നിലപാട് മാറ്റിയതായി പ്രതിപക്ഷം വിമർശിച്ചു. അന്വേഷണ ഏജൻസികളെ കേന്ദ്രം ദുരുപയോഗം ചെയ്യുകയാണെന്ന് ഡൽഹി മുഖ്യമന്ത്രി കെജ്രിവാളിന്റെ അറസ്റ്റ് ചൂണ്ടിക്കാട്ടി ആം ആദ്മി പാർട്ടി ആരോപിച്ചു.

ജയ്റാം രമേശ് (കോൺഗ്രസ്), ജോൺ ബ്രിട്ടാസ് (സിപിഎം), പി. സന്തോഷ്കുമാർ (സിപിഐ), ഇ.ടി. മുഹമ്മദ് ബഷീർ (മുസ്‌ലിം ലീഗ്), എൻ.കെ. പ്രേമചന്ദ്രൻ (ആർഎസ്പി), ജോസ് കെ. മാണി (കേരള കോൺ-എം) തുടങ്ങിയവർ പങ്കെടുത്തു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 30
July 26, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ക്ഷമിക്കുന്നതു നല്ലതുതന്നെ. പക്ഷേ, മറക്കുന്നതാണ് കൂടുതൽ നല്ലത്.
**ബ്രൗൺ**

മനസിലെ ദീപം കെടുത്തുന്ന കാറ്റാണ് കോപം.
**ഇങ്കർസോൺ**

# ഡ്രീം ടീമിന് ഉജ്ജ്വല വിജയം
# ഡോ. സജിമോൻ ആന്റണി ഫൊക്കാനാ പ്രസിഡന്റ്

**ജോസ് കണിയാലി**

വാഷിംഗ്ടൺ ഡിസി: അത്യന്തം വാശിയേറിയ മത്സരത്തിൽ 2024-2026 കാലയളവിലെ ഫൊക്കാന പ്രസിഡന്റായി ഡോ. സജിമോൻ ആന്റണി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീകുമാർ ഉണ്ണിത്താനാണ് ജനറൽ സെക്രട്ടറി. ജോയി ചാക്കപ്പൻ ട്രഷററാകും. 'ഡ്രീം ടീം ഡ്രീം പ്രൊജക്ട്സ്' മുദ്രാവാക്യവുമായി സജിമോൻ ആന്റണിയുടെ



നേതൃത്വത്തിലുള്ള ടീം അടുത്ത ഫൊക്കാനയെ നയിക്കും. തന്റെ ടീമിനെ വിജയിപ്പിച്ച എല്ലാ ഫൊക്കാനാ പ്രവർത്തകർക്കും അദ്ദേഹം നന്ദി അറിയിച്ചു. മോൻസ് ജോസഫ് എംഎൽഎ ഡോ. സജിമോൻ ആന്റണിയെയും ടീമിനെയും അഭിനന്ദിച്ചു.

പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, വിമെൻസ് ഫോറം ചെയർ രേവതി പിള്ളൈ, അസ്സോസിയേറ്റ് സെക്രട്ടറി മനോജ് ഇടമന, അസ്സോസിയേറ്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡിഷണൽ അസ്സോസിയേറ്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ അസ്സോസിയേറ്റ് ട്രഷറർ



മില്ലി ഫിലിപ്പ് തുടങ്ങി വിജയിച്ച എല്ലാവരും അമേരിക്കയിലും കാനഡയിലും അറിയപ്പെടുന്ന വ്യക്തിത്വങ്ങളാണ്.

വെറുതെ ഒരു പ്രസിഡണ്ടായി മത്സരിക്കാൻ വേണ്ടിയല്ല ഞാൻ മുന്നോട്ട് വരുന്നത്. മറിച്ചു ഫൊക്കാനായുടെ പ്രവർത്തനം എങ്ങനെ ആയിരിക്കണം എന്ന ഒരു മിഷനോടും വിഷനോടും കൂടിയാണ് ഈ മത്സര രംഗത്തേക്ക് കടന്നുവന്നത്. അതുകൊണ്ടുതന്നെ ഈ ടീമിന് 'ഡ്രീം ടീം' എന്ന പേര് നൽകുകയും ചെയ്തു. രണ്ട് വർഷമായി ഈ ടീം അമേരിക്കൻ മലയാളികളുടെ സ്നേഹങ്ങൾ ഏറ്റുവാങ്ങിയാണ് ഇതുവരെ എത്തിയത്. രണ്ടുവർഷത്തെ പരിശ്രമത്തിനു ഫൊക്കാന പ്രവർത്തകർ നൽകിയ അംഗീകാരമാണ് ഇതെന്ന് അദ്ദേഹം കേരളാ എക്സ്പ്രസിനോട് പറഞ്ഞു.

ഡ്രീം ടീം രൂപീകരിച്ചപ്പോൾ തന്നെ 22 ഇന പരിപാടികൾ ഞങ്ങൾ പ്ലാൻ ചെയ്തിരുന്നു. ഈ ഡ്രീം പ്ലാനുകൾ നടപ്പാക്കനുള്ളതു കൊണ്ടാണ് ഈ ടീമിനെ 'ഡ്രീം ടീം' എന്ന പേര് തന്നെ നൽകിയിരിക്കുന്നത്. കാലാകാലങ്ങളിൽ സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ അനുസരിച്ചു ഫൊക്കാനയുടെ പ്രവർത്തനവും വിപുലീകരിക്കാനാണ് ഡ്രീം ടീമിന്റെ ഉദ്ദേശവും. 2020-ൽ ജോർജി വർഗീസ് പ്രസിഡന്റും ഞാൻ സെക്രട്ടറിയായും എത്തിയപ്പോൾ വെറും 28 അംഗ സംഘടനകൾ ഉണ്ടായിരുന്ന നമ്മുടെ സംഘടനയെ 80-തിൽ അധികം അംഗ സംഘടനകൾ ആക്കി മാറ്റുവാൻ കഴിഞ്ഞു. പേപ്പർ സംഘടനകളെ മാത്രം താലോലിച്ചു അതാണ് സംഘടനാ പ്രവർത്തനം എന്ന് വിശ്വസിക്കുന്നവർ വളരെ അധികം ഉള്ളപ്പോഴാണ്, പ്രവർത്തിക്കുന്ന സംഘടനകളെ മാത്രം ഉൾപ്പെടുത്തി ഇത്രയും മെംബർഷിപ്പ് കൂട്ടുവാൻ സാധിച്ചത് ഞങ്ങളുടെ പ്രവർത്തന മികവാണ് എന്ന് എടുത്ത് പറയാം. ഏതൊരു ചുമതല ഏറ്റെടുത്താലും നൂറു ശതമാനം ഉത്തരവാദിത്വത്തോടെ നിർവഹിക്കുവാനും ചുറുചുറുക്കോടെ പ്രവർത്തിക്കുവാനും ഞാൻ ശ്രമിക്കാറുണ്ട്. ആ ഉത്തരവാദിത്വങ്ങൾ നൂറു ശതമാനവും നിർവഹിച്ചെങ്കിൽ മാത്രമേ വേറെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയുള്ളു എന്നാണ് എന്റെ ശൈലി. സെക്രട്ടറി ആയിരുന്നപ്പോൾ പലരും പ്രസിഡന്റ് ആയി മത്സരിക്കാൻ ആവശ്യപ്പെട്ടപ്പോളും ആ ആവശ്യം നിരസിച്ച് 2022-ലെ കൺവൻഷൻ വിജയമാക്കാൻ വേണ്ടി മാത്രം പ്രവർത്തിച്ചു. ആ കൺവൻഷനെ ഫൊക്കാനയുടെ ചരിത്ര കൺവൻഷൻ ആക്കി മാറ്റാൻ ജോർജി-സജിമോൻ ടീമിന് കഴിഞ്ഞു എന്നത് ഒരു ചരിത്രം മാത്രമാണ്. അന്ന് ഞാൻ മറ്റൊരു സ്ഥാനത്തേക്ക് മത്സരിക്കാൻ പോയിരുന്നെങ്കിൽ ആ കൺവൻഷൻ ഇത്ര വിജയം ആവില്ലായിരുന്നു. ജനറൽ സെക്രട്ടറിയെന്ന നിലയിലും ട്രഷറർ എന്ന നിലയിലും ഞാൻ നടത്തിയ ഓരോ പ്രവർത്തനങ്ങളും അമേരിക്കൻ കനേ




ഡിയൻ സമൂഹം എറ്റെടുത്തിരുന്നു. നിരവധി പദ്ധതികളാണ് ഈ സമയങ്ങളിൽ ആവിഷ്കരിച്ചു നടപ്പിൽ വരുത്തിയത്. അതിൽ പ്രധാനപ്പെട്ടത് കോവിഡ് ടാസ്ക് ഫോഴ്സ്, ഫൊക്കാന ഹെൽത്ത് കാർഡ് പദ്ധതി, 50 തോട്ടം തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകിയ ഭവന പദ്ധതി, പ്രസിഡൻഷ്വൽ വോളണ്ടീയർ സർവീസസ് അവാർഡ് സർട്ടി



ഫയിങ്ങ് (പി.വി.എസ്.എ.എസ്) TSA സർട്ടിഫിക്കേഷൻ തുടങ്ങിയവ ചിലത് മാത്രമാണ്. ഫൊക്കാനയ്ക്ക് പ്രൊഫഷണലിസത്തിന്റെ രൂപവും ഭാവവും നൽകി സംഘടനാ പ്രവർത്തനം നടത്തി വലിയൊരു മാറ്റത്തിന്റെ ശംഖൊലി നാദമായിരുന്നു ഈ കാലത്തു കണ്ടത്. വളരെ അസൂയാവഹമായ വളർച്ചയും പ്രശസ്തിയുമാണ് ഫൊക്കാനയിൽ പ്രകടമായത്. ഒരു ഘട്ടത്തിൽ സമാന്തര സംഘടനകളിലെ നേതാക്കന്മാരെപ്പോലും അമ്പരപ്പിച്ച ഒരു പ്രവർത്തനമാണ് ഫൊക്കാനയുടെ 20-22 കാലഘട്ടത്തിൽ നടന്നത്. ഇന്ന് അമേരിക്കൻ മലയാളി സമൂഹത്തിലുള്ള എല്ലാ സംഘടനകളുമായും സഹകരിച്ചാണ് ഞാൻ പ്രവർത്തിക്കുന്നത്.

'ഡ്രീം ടീം' അധികാരത്തിൽ വരുകയാണെങ്കിൽ അംഗസംഘടനകളോടൊപ്പം സമാന്തര സംഘടനകളോട് യോജിക്കാവുന്ന മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. 2024-2026 ഞങ്ങളുടെ പ്രവർത്തനം മാതൃകാപരമായ ഒരു പ്രവർത്തനം ആയിരിക്കും എന്ന് ഞാൻ ഉറപ്പു തരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മാലിന്യസംസ്ക്കരണം കാര്യക്ഷമമാക്കണം

മാലിന്യം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിൽ ഒരു ജനതയുടെ സംസ്കാരം പ്രതിഫലിക്കുന്നുണ്ടെന്നൊക്കെ നാം പതിവായി പറയാറുണ്ടെങ്കിലും ആമയിഴഞ്ചാൻ തോട്ടിലുണ്ടായ ദാരുണസംഭവം മാലിന്യ സംസ്കരണത്തിൽ നാം കാണിക്കുന്ന അനാസ്ഥയുടെയും വീഴ്ചകളുടെയുംകൂടി സാക്ഷ്യമായിത്തീർന്നിരിക്കുകയാണിപ്പോൾ. പ്ലാസ്റ്റിക് നിരോധനം ഇനിയെങ്കിലും വഴിയിൽ ഇടറിനിൽക്കാതെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനുള്ള ഇച്ഛാശക്തിയാണ് അധികാരികൾക്ക് ഉണ്ടാകേണ്ടത്.

വെടിപ്പും ആരോഗ്യവുമുള്ള സമൂഹം ഏതു നാടിന്റെയും സ്വപ്നമാണെങ്കിലും നമ്മുടെ സംസ്ഥാനം ആ സ്വപ്നത്തിൽനിന്ന് എത്രമാത്രം അകന്നുവെന്നറിയാൻ കേരളത്തിലെ ഏതു വഴിയിലൂടെയും കുറച്ചുദൂരം നടന്നാൽ മതി. ഈ നാട് ഒരു മാലിന്യക്കുപ്പയായി മാറിക്കഴിഞ്ഞു. ശുചിത്വമില്ലായ്മ വിളിച്ചുവരുത്തുന്ന രോഗപ്പെരുപ്പം കേരളത്തിലെ ആശുപത്രികളിലെ പതിവുകാഴ്ചയായി. പരിസരശുചീകരണവും മാലിന്യസംസ്കരണവും വേണ്ടരീതിയിൽ നടത്താത്തതിന് ഈ കാലവർഷക്കാലത്തു വൻവില കൊടുക്കേണ്ടിവരുമെന്ന ആശങ്ക നമുക്കു മുന്നിലുണ്ട്.

അനാവശ്യമെന്നു തോന്നുന്നതെന്തും എവിടേയും വലിച്ചെറിയുന്ന മലയാളി ശീലത്തിന് ഇന്നുമൊരു മാറ്റവും വന്നിട്ടില്ല. കേരളത്തിൽ നഗര, ഗ്രാമ വ്യത്യാസമില്ലാതെ കാണുന്ന മാലിന്യക്കൂമ്പാരങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ഈയൊരു യാഥാർത്ഥ്യമാണ്. മാറാത്ത ജനങ്ങളും മാറ്റം കൊണ്ടുവരാൻ കഴിയാത്ത ഭരണാധികാരികളും ചേർന്നു സൃഷ്ടിച്ച അഴുക്കുചാലിലാണ് ഒരു ജീവൻ മുങ്ങിത്താണത്. തലസ്ഥാനത്തെ, ആമയിഴഞ്ചാൻ തോട്ടിലെ അഴുക്കിൽ ആണ്ടുപോയ ജോയിക്കുവേണ്ടിയുള്ള പ്രാർത്ഥന, ഇനി പ്രവൃത്തിമാത്രമാണ്. നാടു നശിപ്പിക്കുന്ന മാലിന്യത്തിനെതിരായ പോരാട്ടമാണത്. ഈ നാടിന്റെ എല്ലാ നന്മകളെയും വിഴുങ്ങാൻ പോന്നതാണ് മാലിന്യനിർമാർജനത്തിലെ പോരായ്മകളെന്ന് ഇനിയെങ്കിലും തിരിച്ചറിയണം. വീഴ്ചകൾ തിരുത്തി, മാലിന്യനിർമാർജന ശ്രമങ്ങൾ ആത്മാർത്ഥതയോടെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ദുരന്തങ്ങൾ ആവർത്തിക്കുകയാകും ഫലം.

നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഉൽപന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി ഒരിക്കൽക്കൂടി പ്രഖ്യാപിക്കപ്പെട്ടു. നടപ്പാക്കാൻ പലവട്ടം ശ്രമിച്ചിട്ടും പാളിപ്പോയ ഒന്നാണ് പ്ലാസ്റ്റിക് നിരോധനം. 2020-ൽ പ്ലാസ്റ്റിക് നിരോധനം കേരളത്തിൽ ഏർപ്പെടുത്തിയെങ്കിലും ഇന്നും മാറ്റമൊന്നുമില്ല. അരുത് എന്നു പറയുന്നത് ആവർത്തിക്കുന്നവർക്കെതിരെ നടപടികൾ കർക്കശമാക്കിയാൽ മാത്രമേ മാറ്റമുണ്ടാകൂ. തിരുവനന്തപുരം നഗരത്തിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും സുഗമമായ നടത്തിപ്പിനും ദുരന്തനിവാരണ നിയമത്തിലെ വകുപ്പുകൾ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ സബ് കളക്ടർക്കാകും ഏകോപന ചുമതല. തിരുവനന്തപുരത്ത് മാത്രമല്ല, എല്ലാ ജില്ലകളിലും ഈയൊരു സംവിധാനം കാര്യക്ഷമതയോടെ പ്രവർത്തിച്ചാൽ മാറ്റം ഉറപ്പാക്കാനാകും. മാലിന്യം വലിച്ചെറിയുന്നവർ, മാലിന്യ സംസ്കരണത്തിൽ ഉപേക്ഷയും വീഴ്ചയും വരുത്തുന്നവർ എന്നിവരെല്ലാം ശിക്ഷിക്കപ്പെടുന്ന സാഹചര്യത്തിലേ ശുചിത്വ കേരളത്തെക്കുറിച്ച് പറയാൻ പോലും അർഹതയുണ്ടാകൂ.

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള വാതിൽപടി മാലിന്യ ശേഖരണം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഡിസംബറിനുള്ളിൽ പൂർണമായി ഉറപ്പാക്കാൻ നടപടിയുമായി തദ്ദേശവകുപ്പും രംഗത്തിറങ്ങുകയാണ്. പല തദ്ദേശസ്ഥാപനങ്ങളിലും വാതിൽപടി മാലിന്യശേഖരണം പേരിനുമാത്രമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും പഴയ ഉപകരണങ്ങളുമാണു പ്രധാന കാരണം. ഇപ്പോഴത്തെ ഉത്സാഹം കുറഞ്ഞാൽ വീണ്ടും കാര്യങ്ങൾ പഴയപടിയാകും. അതുണ്ടാകാതിരിക്കാനുള്ള ശ്രദ്ധ തദ്ദേശസ്ഥാപനങ്ങളിൽനിന്നും കേരളം പ്രതീക്ഷിക്കുന്നുണ്ട്.

'എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം' എന്ന് ഓരോരുത്തരും തീരുമാനിച്ചാൽത്തന്നെ മാലിന്യസംസ്കരണം എളുപ്പമാകും. മാലിന്യസംസ്കരണത്തിൽ നിലവിലുള്ള പാളിച്ചകൾ കണ്ടെത്തി പരിഹരിച്ച് എല്ലാ വകുപ്പുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹകരണത്തോടെയും ഏകോപനത്തോടെയും സമഗ്രപദ്ധതി നടപ്പാക്കാനാണു സർക്കാർ ശ്രമിക്കേണ്ടത്. കേരളത്തിലെ കോർപറേഷനുകളും ജില്ലകളും നേരിടുന്ന സങ്കീർണമായ മാലിന്യപ്രശ്നത്തിൽ ഹൈക്കോടതിയും ഇടപെട്ടു വരികയാണ്.

പകർച്ചവ്യാധികൾ പടരുമ്പോഴാണ് കേരളം സാധാരണയായി മാലിന്യ പ്രശ്നം ചർച്ച ചെയ്തു കണ്ടിട്ടുള്ളത്. മഴക്കാല പൂർവ ശുചീകരണവും അതിലെ വീഴ്ചകകളും ഇത്തവണയും എടുത്തുപറഞ്ഞിരുന്നു. മാലിന്യത്തിൽ ഒഴുകി മരണംവരെ സംഭവിച്ചതോടെ സാഹചര്യം കൂടുതൽ ഗുരുതരമായിരിക്കുന്നു എന്നാണ് തിരിച്ചറിയേണ്ടത്. എല്ലാ ദിവസവും ശാസ്ത്രീയമായ മാലിന്യ സംസ്കരണം റെയിൽവേ ഉറപ്പുവരുത്തണമെന്നു മുഖ്യമന്ത്രി നിർദേശിക്കുകയുണ്ടായി. റെയിൽവേക്കു മാത്രമല്ല, കേരളത്തിനാകെ ബാധകമായ കാര്യമാണിത്. സർക്കാർ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും കാര്യക്ഷമതയോടെ പ്രവർത്തിച്ചാൽ മാത്രമേ ശാസ്ത്രീയ മാലിന്യസംസ്കരണം സാധ്യമാകൂ.

# ഉമ്മൻ ചാണ്ടിയുടെ മരിക്കാത്ത ഓർമകൾക്ക് ഒരാണ്ട്

കോട്ടയം: ആൾക്കൂട്ടത്തിനു നടുവിൽനിന്ന് ഉമ്മൻ ചാണ്ടി മടങ്ങിയിട്ട് ജൂലൈ 19-ന് ഒരു വർഷം. ജനഹൃദയങ്ങളിൽ ഇന്നും മരിക്കാത്ത ഉമ്മൻ ചാണ്ടിയെ നാടൊന്നാകെ അനുസ്മരിച്ചു. അദ്ദേഹത്തെ കബറടക്കിയിരിക്കുന്ന പുതുപ്പള്ളിയിലേക്ക് ആയിരങ്ങളാണ് ഒഴുകിയെത്തിയത്. പുലർച്ചെ മുതൽ പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിലെ ഉമ്മൻ ചാണ്ടിയുടെ കബറിടത്തിങ്കലേക്ക് ജനപ്രവാഹമായിരുന്നു. കോൺഗ്രസ് നേതാക്കളും പ്രവർത്തകരും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആളുകളും പുതുപ്പള്ളിയിലെത്തിയപ്പോൾ ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്കം പോലെ മറ്റൊരു ജനസമ്പർക്ക ഓർമയായി. ഉമ്മൻ ചാണ്ടിയുടെ ഛായാചിത്രവും കൈകളിൽ പുഷ്പവുമായിട്ടാണ് ആളുകൾ കബറിടത്തിങ്കലെത്തിയത്. പൂക്കൾ അർപ്പിച്ചും മെഴുകുതിരികൾ കത്തിച്ചും അവർ ഉമ്മൻ ചാണ്ടിയോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിച്ചു.

രാവിലെ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബാനയും കബറിങ്കൽ ധൂപപ്രാർഥനയും ഉണ്ടായിരുന്നു. മെത്രാപ്പോലീത്താമാരായ ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, യുഹാനോൻ മാർ ദീയസ്കോറോസ് എന്നിവർ കാർമികത്വം വഹിച്ചു. തുടർന്ന് കരോട്ടുവള്ളക്കാലിൽ വീട്ടിലും ചാണ്ടി ഉമ്മൻ പുതിയതായി പണിയുന്ന വീട്ടിലും പ്രാർഥനാശുശ്രൂഷകൾ നടന്നു. കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ദേശീയ നേതാവ് കെ.സി. വേണുഗോപാൽ, എംപിമാർ, എംഎൽഎമാർ, കെപിസിസി ഭാരവാഹികൾ, ജില്ലാ നേതാക്കൾ തുടങ്ങിയവർ അനുസ്മരണത്തിന്റെ ഭാഗമായി പുതുപ്പള്ളിയിലെത്തിയിരുന്നു.

ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പുതുപ്പള്ളി പള്ളിയിൽ രാവിലെയും ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വൈകുന്നേരം മാമ്മൻ മാപ്പിള ഹാളിലും അനുസ്മരണ യോഗങ്ങൾ നടന്നു. ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രാവിലെ ഒമ്പതിന് ജില്ലയിലെ 1564 ബൂത്തുകളിലും ഉമ്മൻ ചാണ്ടിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

പ്രമുഖ നേതാക്കൾ വിവിധ സ്ഥലങ്ങളിൽ പുഷ്പാർച്ചനയിൽ പങ്കുചേർന്നു. ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ, വ്യക്തിജീവിതത്തിലെ പ്രധാന നിമിഷങ്ങൾ ഉൾക്കൊള്ളിച്ചു 100 ചിത്രങ്ങളുടെ പ്രദർശനവും മാമ്മൻ മാപ്പിള സ്മാരക ഓഡിറ്റോറിയത്തിൽ ആരംഭിച്ചു.



ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷിക ദിനത്തിൽ പുതുപ്പള്ളി പള്ളിയിലെ ഉമ്മൻ ചാണ്ടിയുടെ കബറിടത്തിൽ പുഷ്പാർച്ചന നടത്തുന്നവർ.

# അമീറുൽ ഇസ്ലാമിന്റെ വധശിക്ഷ സുപ്രീംകോടതി സ്റ്റേ ചെയ്തു

ന്യൂഡൽഹി: പെരുമ്പാവൂരിൽ നിയമ വിദ്യാർഥിനിയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ അസം സ്വദേശി അമീറുൽ ഇസ്ലാമിന്റെ വധശിക്ഷ നടപ്പാക്കുന്നതു സുപ്രീംകോടതി സ്റ്റേ ചെയ്തു. ശിക്ഷയിളവു പരിശോധിക്കുന്നതിനായി റിപ്പോർട്ട് തേടിക്കൊണ്ടാണു ജഡ്ജിമാരായ ബി.ആർ. ഗവായ്, സഞ്ജയ കാരോൾ, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ചിന്റെ നടപടി. വധശിക്ഷ ശരിവെച്ച ഹൈക്കോടതി വിധിക്കെതിരെ അമീറുൽ ഇസ്ലാം നൽകിയ അപ്പീൽ ഹർജിയാണു പരിഗണിച്ചത്. ഈ ഹർജി തീർപ്പാകുംവരെയാണു സ്റ്റേ.

പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ട് കേരള സർക്കാർ എട്ട് ആഴ്ചയ്ക്കകം സമർപ്പിക്കണമെന്ന് ഉത്തരവിൽ നിർദേശിക്കുന്നു. വിയ്യൂർ ജയിലിലായിരിക്കെ അമീർ ചെയ്തജോലിയുടെ സ്വഭാവം, പെരുമാറ്റം എന്നിവ സംബന്ധിച്ചു ജയിൽ സൂപ്രണ്ടും എട്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണം. അമീറിന്റെ മനസികാവസ്ഥ പരിശോധിക്കാൻ മെഡിക്കൽ സംഘത്തെ തൃശൂർ മെഡിക്കൽ കോളജ് നിയമിക്കണമെന്നും ആ റിപ്പോർട്ട് കേരള സർക്കാരിന്റെ സ്റ്റാൻഡിങ് കൗൺസിൽവഴി എട്ട് ആഴ്ചയ്ക്കകം നൽകണമെന്നും ഉത്തരവിലുണ്ട്.

ശിക്ഷയിളവു പരിഗണിക്കുന്ന റിപ്പോർട്ടിലേക്കുള്ള വിവരങ്ങൾക്കായി വിയ്യൂർ ജയിലിൽ കഴിയുന്ന അമീറുമായി കൂടിക്കാഴ്ച നടത്താൻ അപ്ലൈഡ് സൈക്കോളജിസ്റ്റായ നൂറിയ അൻസാരിക്കു കോടതി അനുമതി നൽകി. പോലീസോ ജയിലധികൃതരോ ഇല്ലാതെ വേണം കൂടിക്കാഴ്ചയെന്നും ഭാഷാസഹായത്തിന് ഒരാളെ കൂട്ടാമെന്നും കോടതി വ്യക്തമാക്കി. ഈ റിപ്പോർട്ട് 12 ആഴ്ചയ്ക്കകം കോടതിക്കു നൽകണമെന്നും ഉത്തരവിലുണ്ട്.

2016 ഏപ്രിൽ 28-നാണു പെരുമ്പാവൂർ കുറുപ്പംപടിയിൽ പുറമ്പോക്കിലെ അടച്ചുറപ്പില്ലാത്ത വീട്ടിൽ നിയമ വിദ്യാർഥിനിയെ അതിക്രൂരമായി പീഡിപ്പിച്ചശേഷം കൊലചെയ്തത്. ഡൽഹിയിലെ നാഷണൽ ലോ യൂണിവേഴ്സിറ്റിയിലെ ക്രിമിനൽ ജസ്റ്റിസ് റിസർച് ആൻഡ് ലിറ്റിഗേഷൻ സെന്ററാണ് അമീറിനു നിയമസഹായം നൽകുന്നത്.

# ഓസ്ട്രേലിയൻ റോളർ സ്കേറ്റിംഗിൽ മലയാളി പെൺകുട്ടിക്ക് മെഡൽ

സിഡ്നി: ഓസ്ട്രേലിയൻ ആർട്ടിസ്റ്റിക് റോളർ സ്കേറ്റിംഗിൽ മലയാളി പെൺകുട്ടിക്ക് വെള്ളിമെഡൽ. ലിവർപൂളിൽ നടന്ന ദേശീയ മത്സരത്തിൽ ജുവനൈയിൽ വിഭാഗത്തിൽ എലൈൻ മേരി ലിജോയാണ് വെള്ളിമെഡൽ നേടിയത്. മെൽബൺ മക്കിനൻ സെക്കൻഡറി കോളജിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയായ എലൈൻ രണ്ട് വർഷമായി വിക്ടോറിയ സ്റ്റേറ്റ് ചാമ്പ്യനാണ്. ഗ്രേഡ് 2 തൊട്ടേ ദുഷ്കരമായ സോളോ ഫ്രീ ഡാൻസ് സ്കേറ്റിംഗിൽ പരിശീലനം നടത്തിവരുന്നു. മെൽബണിലെ മക്കിനനിൽ താമസിക്കുന്ന കൊല്ലം ആയൂർ സ്വദേശിയും ഐടി പ്രഫഷണലുമായ ഏണെക്കാട്ട് ലിജോ ജോണിന്റെയും കോട്ടയം ചെമ്മലമറ്റം കൂട്ടിയാനിയിൽ അനുമോൾ എൽസ ജോണിന്റെയും മകളാണ്. ജോ ആൻ അന്ന, ഇയാൻ എന്നിവർ സഹോദരങ്ങളാണ്.

# പാസ്റ്റർ ബെൻ കോശി അന്തരിച്ചു
## സംസ്കാരം ജൂലൈ 26-ന് വെള്ളിയാഴ്ച



ചിക്കാഗോ: ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ടി.സി. കോശിയുടെ മകനും ഐപിസി ചിക്കാഗോ സഭയുടെ സഹശുശ്രൂഷകനുമായ പാസ്റ്റർ ബെൻ കോശി (54) അന്തരിച്ചു. ഭാര്യ അനി കോശി ചെങ്ങന്നൂർ നന്ദാവനം കുടുംബാംഗമാണ്. ആൽഫിൻ കോശി ഏകമകനാണ്. മാതാവ് ചിന്നമ്മ കോശി റാന്നി കപ്പമാമൂട്ടിൽ കുടുംബാംഗമാണ്. സഹോദരങ്ങൾ: ഡോ. അലക്സ് ടി. കോശി, സിസിൽ കോശി. കല്ലിശേരി താമരപ്പള്ളിൽ കുടുംബാംഗമായ പരേതൻ കല്ലിശേരി ഐപിസി സഭയുടെ അംഗമായിരുന്നു. അമേരിക്കയിൽ എത്തിയ ബെൻ ക്രിസ്ത്യൻ ലൈഫ് കോളജ്, ട്രിനിറ്റി ബൈബിൾ സെമിനാരി, ലിബർട്ടി ബൈബിൾ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ഓർഡയിൻഡ് മിനിസ്റ്ററാണ്. ഹൂസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് എംബിഎ നേടിയ അദ്ദേഹം യുണൈറ്റഡ് എയർലൈൻസിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലാബ് കോർപ്. മെഡിക്കൽ ലാബിന്റെ ചിക്കാഗോ ബ്രാഞ്ച് സൂപ്പർവൈസറായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

സംസ്കാര ശുശ്രൂഷകൾ ജൂലൈ 26-ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതലും 27-ന് ശനിയാഴ്ച രാവിലെ 9.30 മുതലും ഐപിസി ചിക്കാഗോ സഭാ മന്ദിരത്തിൽ (6725 West Devon Ave, Chicago) നടക്കും. ശനിയാഴ്ച ഉച്ചയോടെ നൈൽസിലുള്ള മേരിഹിൽ സെമിത്തേരിയിൽ ഭൗതികശരീരം സംസ്കരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഡോ. ടൈറ്റസ് ഈപ്പൻ 773 255 6459, കുര്യൻ ഫിലിപ്പ് 847 912 5578.

വാർത്ത: കുര്യൻ ഫിലിപ്പ്

Law Office of Sovmya George
IMMMIGRATION LAW FIRM



SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

"We Handle Cases All Across the USA!"
-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews

Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634

Seeking a Senior Pastor
(Effective Start date: July 01st, 2025)

Required qualifications:

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

For more information:
Biju Cherian: 847-858-1342
Email CV/Resume: PPC.Chicago@Yahoo.Com

# സോഫ്റ്റ്‌വെയർ തകരാർ: കംപ്യൂട്ടറുകൾ നിശ്ചലമായി

ന്യൂഡൽഹി: മൈക്രോസോഫ്റ്റ് വിൻഡോസ് തകരാറിനെത്തുടർന്ന് രാജ്യാന്തരതലത്തിൽ ഐടി അധിഷ്ഠിത സേവനങ്ങളിൽ തടസം. ഫാൽക്കൺ ആന്റിവൈറസ് സോഫ്റ്റ്‌വേറിലെ അപ്ഡേറ്റാണു മൈക്രോസോഫ്റ്റ് വിൻഡോസ് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളെ തകരാറിലാക്കിയത്.

വിമാനസർവീസുകൾ, ബാങ്കുകൾ, പേയ്മെന്റ് സംവിധാനങ്ങൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, ഐടി കമ്പനികൾ, ആശുപത്രികൾ എന്നിവയ്ക്കു പുറമേ മൈക്രോസോഫ്റ്റിനെ ആശ്രയിച്ചുള്ള അടിയന്തരസേവന സംവിധാനങ്ങളും പണിമുടക്കിയതോടെ ആഗോളതലത്തിൽ അനിശ്ചിതത്വം. തകരാർ റിപ്പോർട്ട് ചെയ്ത് ആറുമണിക്കൂറിനു ശേഷം പ്രശ്നപരിഹാരത്തിനുള്ള ഉദ്യമങ്ങളിൽ പ്രതീക്ഷാനിർഭരമായ പുരോഗതിയുണ്ടെന്നു മൈക്രോസോഫ്റ്റ് വ്യക്തമാക്കിയെങ്കിലും സ്ഥിതി സാധാരണനില കൈവരിച്ചില്ലെന്നു സൂചന.

വിൻഡോസിൽ ഉപയോഗിക്കുന്ന ഫാൽക്കൺ ആന്റിവൈറസ് സംവിധാനം അപ്ഡേറ്റായതാണ് പ്രശ്നത്തിനു വഴിവെച്ചത്. അത് ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകൾ അപ്രതീക്ഷിതമായി ഷട്ട്ഡൗണും റീസ്റ്റാർട്ടാകുകയുമായിരുന്നു. പിന്നീട് സ്ക്രീനുകൾ നീലവർണത്തിലായി 'ബ്ലൂ സ്ക്രീൻ ഓഫ് ഡെത്ത് (ബിഎസ്ഒഡി) മുന്നറിയിപ്പ് പ്രത്യക്ഷപ്പെട്ടു.

ഫാൽക്കൺ സെൻസറാണ് വില്ലനായതെന്നു വ്യക്തമായതിനു പിന്നാലെ ഇതു ഹാക്കിങ് ശ്രമമാണെന്നു സൂചിപ്പിച്ച് പ്രചാരണം ശക്തമായി. എന്നാൽ, ഇക്കാര്യം മൈക്രോസോഫ്റ്റും ക്രൗഡ്സ്ട്രൈക്കും നിഷേധിച്ചു.

കമ്പ്യൂട്ടറുകൾ തകരാറിലായി സൈബർ ലോകം ഏതാണ്ട് നിശ്ചലമായതോടെ വിമാനയാത്രികരാണ് ഏറെ ദുരിതത്തിലായത്. ഇന്ത്യയിൽ ഉൾപ്പെടെ ആഗോളതലത്തിൽ ലക്ഷക്കണക്കിനു യാത്രക്കാർ വിമാനത്താവളങ്ങളിൽ കുടുങ്ങി. കമ്പ്യൂട്ടർ മുഖേന ടിക്കറ്റുകൾ നൽകാനോ പരിശോധനകൾ നടത്താനോ കഴിഞ്ഞില്ല. ഇതോടെ സർവീസുകൾ രാജ്യാന്തരതലത്തിൽത്തന്നെ മണിക്കൂറുകൾ വൈകുകയോ റദ്ദാക്കുകയോ ചെയ്തു. അമേരിക്ക, ബ്രിട്ടൻ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, ജർമനി, ഇറ്റലി, സ്പെയിൻ, ഫ്രാൻസ് അടക്കമുള്ള രാജ്യങ്ങളിൽ വിമാനയാത്ര ത്രിശങ്കുവിലായി. തിരക്കേറിയ വിമാനത്താവളങ്ങൾ ജനസാഗരങ്ങളായി.

ഇന്ത്യയിലെ ഒട്ടുമിക്ക വിമാനത്താവളങ്ങളിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. സ്പൈസ് ജെറ്റ്, ആകാശ് എയർലൈൻസ്, ഇൻഡിഗോ തുടങ്ങിയവയുടെ ബുക്കിങ് ഉൾപ്പെടെയുള്ളവയുടെ സേവനം തടസപ്പെട്ടു.

വിവിധ രാജ്യങ്ങളിലെ ഓഹരിവിപണി പ്രവർത്തനങ്ങൾ തടസപ്പെട്ടെന്ന് വിവരമുണ്ടെങ്കിലും സെൻസെക്സ്, നിഫ്റ്റി തുടങ്ങിയവ സാധാരണനിലയിലായിരുന്നു. ഇന്ത്യ ഒഴികെയുള്ള രാജ്യങ്ങളിലെ വിപണികളിൽ ഇടപാടുകൾ കൃത്യസമയത്ത് നടത്താനാകാതെ പലർക്കും വൻതുക നഷ്ടമായെന്നും പരാതി ഉയർന്നു.

വിവിധ രാജ്യങ്ങളിലെ ടെലിവിഷൻ സംപ്രേക്ഷണവും പ്രതിസന്ധിയിലായി. പ്രവർത്തനം താറുമാറായ മാധ്യമസ്ഥാപനങ്ങളിൽ ബ്രിട്ടനിലെ സ്കൈ ന്യൂസ്, ഓസ്ട്രേലിയയിലെ എബിസി ന്യൂസ്, രാജ്യാന്തര വാർത്താ ഏജൻസിയായ അസോസിയേറ്റഡ് പ്രസ് (എപി) തുടങ്ങിയവ ഉൾപ്പെടുന്നു. അമേരിക്കയിലെ അടിയന്തര സേവന സംവിധാനമായ 911-നു പുറമേ ബ്രിട്ടൺ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ ആരോഗ്യസേവന സംവിധാനങ്ങളും മണിക്കൂറുകളോളം നിശ്ചലമായി.

# മണിപ്പൂരിൽനിന്ന് ആദ്യ സുപ്രീംകോടതി ജഡ്ജിയായി ജസ്റ്റിസ് എൻ. കോടീശ്വർ സിംഗ്

ന്യൂഡൽഹി: മണിപ്പൂരിൽനിന്നുള്ള ആദ്യ സുപ്രീംകോടതി ജഡ്ജിയായി ജസ്റ്റിസ് എൻ. കോടീശ്വർ സിംഗ്. സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്ത നിയമനം അംഗീകരിച്ച് കേന്ദ്രസർക്കാർ ജൂലൈ 16-ന് വിജ്ഞാപനം പുറത്തിറക്കി. നിലവിൽ ജമ്മു-കാശ്മീർ ഹൈക്കോടതി ചീഫ് ജസ്റ്റിസാണ് കോടീശ്വർ സിംഗ്. ഇദ്ദേഹത്തിനൊപ്പം മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ് ആർ. മഹാദേവനെയും സുപ്രീംകോടതി ജഡ്ജിയായി നിയമിച്ചു. ഇരുവരുടെയും നിയമനം അംഗീകരിച്ച് രാഷ്ട്രപതി വിജ്ഞാപനത്തിൽ ഒപ്പിട്ടതോടെ സുപ്രീംകോടതിയിലെ ആകെ ജഡ്ജിമാരുടെ എണ്ണം 34 ആയി. കഴിഞ്ഞ 11-നാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള സുപ്രീംകോടതി കൊളീജിയം ഇരുവരുടെയും നിയമനത്തിന് കേന്ദ്രത്തോടു ശിപാർശ ചെയ്തത്.



അതേസമയം, ഭരണഘടന അനുശാസിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ച്, ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചശേഷം രണ്ട് സുപ്രീംകോടതി ജഡ്ജിമാരെ രാഷ്ട്രപതി നിയമിച്ചതിൽ സന്തോഷമുണ്ടെന്ന് കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ സമൂഹമാധ്യമത്തിൽ കുറിച്ചു.

2023 ഫെബ്രുവരി മുതൽ ജമ്മു-കാശ്മീർ, ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസാണ് കോടീശ്വർ സിംഗ്. മണിപ്പൂരിലെ ആദ്യ അഡ്വക്കറ്റ് ജനറലായ എൻ. ഇബോതോംബി സിംഗിന്റെ മകനാണ്. 1986-ൽ അഭിഭാഷക ജോലി ആരംഭിച്ച അദ്ദേഹം ജഡ്ജിയാകുന്നതിനു മുമ്പ് മണിപ്പൂർ അഡ്വക്കറ്റ് ജനറലായും പ്രവർത്തിച്ചിട്ടുണ്ട്.

# സുഖോയ് യുദ്ധവിമാനവും ഇന്ത്യ കയറ്റുമതി ചെയ്യും

ന്യൂഡൽഹി: ഫിലിപ്പീൻസിലേക്കുള്ള ബ്രഹ്മോസ് മിസൈൽ കയറ്റുമതിക്കു പിന്നാലെ സുഖോയ് സു-30എം.കെ.ഐ യുദ്ധവിമാനങ്ങൾ ഇന്ത്യയിൽ നിർമ്മിച്ച് കയറ്റുമതി ചെയ്യാൻ റഷ്യയുമായി ധാരണ. പ്രധാനമന്ത്രിയുടെ റഷ്യൻ സന്ദർശനവേളയിലാണ് ഇതു സംബന്ധിച്ച ചർച്ചകൾ നടന്നത്. റഷ്യൻ സഹകരണത്തോടെയാകും നിർമാണം. വിമാനത്തിന്റെ ഇന്ത്യയിലെ നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡും (എച്ച്എഎൽ) റഷ്യൻ സുഖോയ്സും ഇക്കാര്യത്തിൽ ചർച്ച നടത്തി.

ഇന്ത്യൻ വ്യോമസേനയ്ക്കായി നിർമ്മിച്ച 272 സു-30എം.കെ.ഐ വിമാനങ്ങളുടെ വിതരണം എച്ച്എഎൽ നേരത്തെ പൂർത്തിയാക്കിയിരുന്നു. ഇതിൽ 50 എണ്ണം റഷ്യയിലും 222 എണ്ണം എച്ച്എഎലിന്റെ നാസിക്കിലെ പ്ലാന്റിലുമാണ് നിർമ്മിച്ചത്. ഇവയിൽ 40 എണ്ണത്തിന് സൂപ്പർ സോണിക് ക്രൂസ് മിസൈലായ ബ്രഹ്മോസിനെ വഹിക്കാൻ ശേഷിയുണ്ട്. വ്യോമസേനയ്ക്ക് ലഭിക്കാനുള്ള 12 സുഖോയ് വിമാനങ്ങൾ പുതിയ സാങ്കേതിക വിദ്യയുപയോഗിച്ച് റഷ്യയുടെ സഹായത്തോടെ ഇന്ത്യ നിർമ്മിക്കും. ചൈന, അൾജീരിയ, ഇന്തോനേഷ്യ, മലേഷ്യ, ഉഗാണ്ട, വെനിസ്വേല, വിയറ്റ്നാം എന്നിവിടങ്ങളിലാണ് സുഖോയ് വിമാനത്തിന്റെ വിവിധ പതിപ്പുകൾ ഉപയോഗിക്കുന്നത്.

# എസ്.സി പട്ടിക മാറ്റം വരുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഭരണഘടന പ്രകാരമുള്ള പട്ടികജാതി ലിസ്റ്റിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ലെന്നു സുപ്രീം കോടതി വിധിച്ചു. തന്തി-താന്ത്വ സമുദായത്തെ അതിപിന്നാക്ക വിഭാഗത്തിൽനിന്നു മാറ്റി പട്ടികജാതിയിലെ പാൻ-സ്വാസി സമുദായത്തിൽ ലയിപ്പിക്കാനുള്ള ബിഹാർ സർക്കാരിന്റെ തീരുമാനം റദ്ദാക്കിക്കൊണ്ടാണ് ജഡ്ജിമാരായ വിക്രംനാഥ്, പി.കെ. മിശ്ര എന്നിവരുടെ ബെഞ്ചിന്റെ സുപ്രധാന നിരീക്ഷണം.

പിന്നാക്ക കമ്മീഷന്റെ ശിപാർശ പ്രകാരമായിരുന്നു നടപടിയെന്നു സംസ്ഥാന സർക്കാരിനു വാദിക്കാം. എന്നാൽ, നല്ലതിനായാലും മോശം കാര്യത്തിനായാലും ഭരണഘടന പ്രകാരമുള്ള പട്ടികജാതി ലിസ്റ്റിൽ പുറത്തുനിന്നൊരു സമുദായത്തെ ലയിപ്പിക്കുന്നതു നിയമവിരുദ്ധമാണ്. ജാതി, വംശം, ഗോത്രം എന്നിവയെ ഒഴിവാക്കുകയോ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടത് പാർലമെന്റ് പാസാക്കിയ നിയമപ്രകാരമാകണം. മറ്റേതെങ്കിലും മാർഗത്തിലൂടെ അതു പാടില്ല' - ബെഞ്ച് വ്യക്തമാക്കി.

1991-ലെ ബിഹാർ റിസർവേഷൻ ഓഫ് വേക്കൻസീസ് ഇൻ പോസ്റ്റ്സ് ആൻഡ് സർവീസസ് നിയമപ്രകാരമാണ് തന്തി-താന്ത്വ സമുദായത്തെ അതിപിന്നാക്ക വിഭാഗത്തിൽപ്പെടുത്തിയത്.

എന്നാൽ, പിന്നാക്ക കമ്മീഷന്റെ ശിപാർശ പ്രകാരം 2015-ൽ ഈ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുകയും അതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തു സർക്കാർ വിജ്ഞാപനമിറക്കി. അതു ഹൈക്കോടതിയും ശരിവെച്ചു. തുടർന്നാണ് വിഷയം സുപ്രീം കോടതിയിലെത്തിയത്.

ചരിത്ര-സാമൂഹിക പശ്ചാത്തലം പരിശോധിച്ചാൽ പട്ടികജാതിയിൽപ്പെടുന്ന പാൻ-സ്വാസി സമുദായത്തിന്റെ ഭാഗമാണ് തന്തി-താന്ത്വയെന്നു ബിഹാർ സർക്കാർ ചൂണ്ടിക്കാട്ടി. ഈ വാദം തള്ളിയ സുപ്രീം കോടതി, തീരുമാനം പാർലമെന്റിൽനിന്നാണു വരേണ്ടതെന്നു ചൂണ്ടിക്കാട്ടി.

അതേസമയം, 2015-ലെ സർക്കാർ തീരുമാനപ്രകാരം സർവീസിൽ കയറിയവരെ കോടതി നടപടി ബാധിക്കില്ലെന്നും വ്യക്തമാക്കി. അവരുടെ നിയമനം അതിപിന്നാക്ക വിഭാഗത്തിന്റെ പരിധിയിലാക്കണമെന്നു കോടതി നിർദേശിച്ചു. ഇക്കാര്യത്തിൽ സർക്കാരാണു കുറ്റക്കാരെന്നു നിരീക്ഷിച്ചുകൊണ്ടാണിത്.












Steve Crifase

LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

## Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2024

# കെജ്രിവാളിനെ ജയിലിൽ വധിക്കാൻ ഗൂഢാലോചനയെന്ന് എഎപി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ ജയിലിൽ വധിക്കാനുള്ള ഗൂഢാലോചന നടക്കുന്നുണ്ടെന്ന ആരോപണവുമായി ആം ആദ്മി പാർട്ടി (എഎപി) രംഗത്തെത്തി. കേന്ദ്ര സർക്കാരും ലഫ്. ഗവർണർ വി.കെ. സക്സേനയും കെജ്രിവാളിന്റെ ജീവൻവെച്ചു കളിക്കുകയാണ്. ഏതു നിമിഷവും എന്തും സംഭവിക്കാമെന്ന അവസ്ഥയിലാണ് അദ്ദേഹം തിഹാർ ജയിലിൽ കഴിയുന്നത്. കെജ്രിവാൾ കൂടുതൽ മധുരം കഴിച്ച് പ്രമേഹം കൂട്ടാൻ ശ്രമിക്കുകയാണെന്നാണ് ആദ്യം ആരോപിച്ചത്. എന്നാൽ, ഭക്ഷണം കഴിക്കാതെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ ശ്രമിക്കുകയാണെന്നാണ് ഇപ്പോൾ പറയുന്നത്. ബിജെപി പച്ചക്കള്ളമാണ് പ്രചരിപ്പിക്കുന്നതെന്നും സഞ്ജയ് സിങ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജയിൽ അധികൃതർ തന്നെ കെജ്രിവാളിന്റെ മെഡിക്കൽ റിപ്പോർട്ട് അദ്ദേഹത്തിന്റെ അഭിഭാഷകന് നല്കിയിരുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് അപകടകരമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ഈ നില തുടർന്നാൽ അദ്ദേഹത്തിന് ജയിലിനുള്ളിൽ വെച്ച് എന്തും സംഭവിക്കാമെന്ന് റിപ്പോർട്ടിൽ തന്നെ വ്യക്തമാണെന്നും സഞ്ജയ് സിങ് പറഞ്ഞു.

ഡോക്ടർ നിർദേശിച്ച മരുന്നുകളും ഭക്ഷണവും കെജ്രിവാൾ കഴിക്കു



ന്നില്ലെന്നു ചൂണ്ടിക്കാട്ടി ലഫ്. ഗവർണർ വി.കെ. സക്സേന ചീഫ് സെക്രട്ടറിക്ക് കത്ത് നല്കിയിരുന്നു. എന്നാൽ, സക്സേന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയാണെന്നാണ് എഎപിയുടെ ആരോപണം.

## ജൂലൈ ഒന്നിന് ശേഷമുള്ള എല്ലാ അപ്പീലുകളും ന്യായസംഹിത പ്രകാരം

കൊച്ചി: ക്രിമിനൽ നടപടി ചട്ടമനുസരിച്ചു (സിആർപിസി) വിധിപറഞ്ഞ കേസാണെങ്കിലും ജൂലൈ ഒന്നിനോ ശേഷമോ ഫയൽ ചെയ്യുന്ന അപ്പീലുകൾക്കു ഭാരതീയ നാഗരിക് സുരക്ഷ സംഹിതയിലെ (ബിഎൻഎസ്എസ്) നടപടിക്രമമാണ് ബാധകമെന്ന് ഹൈക്കോടതി. പോക്സോ കേസിൽ തന്നെ ശിക്ഷിച്ച് ജൂൺ 12-ന് മഞ്ചേരി പ്രത്യേക കോടതി നൽകിയ വിധിക്കെതിരെ വേങ്ങര സ്വദേശി അബ്ദുൽ ഖാദർ അപ്പീൽ നൽകിയത് കഴിഞ്ഞ 10-നാണ്. എന്നാൽ, ഒന്നിന് ബിഎൻഎസ്എസ് പ്രാബല്യത്തിൽ വന്നതിനാൽ സിആർപിസി പ്രകാരമല്ല അപ്പീൽ നൽകേണ്ടതെന്ന് ജസ്റ്റിസ് പി.ജി. അജിത്കുമാർ വ്യക്തമാക്കി.

കേസിൽ വിചാരണയും വിധിയുമുണ്ടായത് സിആർപിസി പ്രകാരമായതിനാൽ അപ്പീലിലും സിആർപിസിയാണ് ബാധകമാകുകയെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു. എന്നാൽ, അപ്പീൽ നൽകിയത് ബിഎൻഎസ്എസ് പ്രാബല്യത്തിലായശേഷമായതിനാൽ സിആർപിസി അല്ല ബാധകമെന്നു കോടതി പറഞ്ഞു. ഏതു വ്യവസ്ഥപ്രകാരമാണോ നടപടി തുടങ്ങിയത് അതനുസരിച്ച് അതു പൂർത്തിയാക്കും. ബിഎൻഎസ്എസ് നിലവിൽ വന്നശേഷവും പഴയ നടപടി തുടരുന്നെങ്കിൽ, അതു പൂർത്തിയാക്കുക സിആർപിസി പ്രകാരമാണ്. വിധി വന്നത് ജൂലൈ ഒന്നിന് മുൻപോ ശേഷമോ ആയിരിക്കാം. എന്നാൽ അപ്പീൽ നൽകുന്നത് ജൂലൈ ഒന്നിനോ ശേഷമോ ആണെങ്കിൽ ബിഎൻഎസ്എസ് ബാധകമാകും. കഴിഞ്ഞ 11-നു നൽകിയ ഒരു വിധിയിൽ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയും ഇതേ നിലപാടെടുത്തത് ജസ്റ്റിസ് അജിത്കുമാർ ചൂണ്ടിക്കാട്ടി.

## അബുദാബി വിമാനത്താവളത്തിൽ രേഖയില്ലാതെ യാത്ര ചെയ്യാം

അബുദാബി: വിമാനയാത്ര കൂടുതൽ സുരക്ഷിതവും സുഗമവുമാക്കാൻ അബുദാബി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ബയോമെട്രിക് സ്മാർട്ട് ട്രാവൽ പദ്ധതി ആരംഭിച്ചു. യാത്രാരേഖകൾ ഹാജരാക്കുകയോ വിമാനത്താവള ജീവനക്കാരുമായി നേരിട്ട് ഇടപെടുകയോ ചെയ്യാതെ വിമാനയാത്ര സാദ്ധ്യമാക്കുന്ന പദ്ധതിയാണിത്. നിർമിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ബയോമെട്രിക് സംവിധാനങ്ങൾ സമന്വയിപ്പിച്ചാണ് ഇതു നടപ്പാക്കുന്നത്. ലോകത്ത് ആദ്യമായിട്ടാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കുന്നതെന്ന് അധികൃതർ പറഞ്ഞു. പദ്ധതിപ്രകാരം സ്മാർട്ട് ക്യാമറകൾ ഉപയോഗിച്ച് യാത്രക്കാരുടെ മുഖം പകർത്തി അവർക്ക് യാത്രാ അനുമതി ഉണ്ടോയെന്നു സ്ഥിരീകരിക്കും. ഇതേ വിവരങ്ങൾ ബോർഡിങ്ങിനു മുൻപായും ഉപയോഗിക്കും. ഇതിനാൽ യാത്രക്കാർ രേഖകൾ ഹാജരാക്കേണ്ട ആവശ്യം ഒഴിവാകും. പാസ്പോർട്ടോ ബോർഡിംഗ് പാസോ ഹാജരാക്കാതെ ബയോമെട്രിക് ഡേറ്റ ഉപയോഗിച്ച് ചെക്ക്-ഇൻ ചെയ്യാനും ഇമിഗ്രേഷൻ പരിശോധന പൂർത്തിയാക്കാനും ലോഞ്ചുകൾ ഉപയോഗിക്കാനും വിമാനത്തിൽ കയറാനും കഴിയും.

## വിചാരണ വൈകിയാൽ നിയമതടസ്സം നോക്കാതെ ജാമ്യം നല്കാമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിചാരണ വൈകിയാൽ നിയമപരമായ നിയന്ത്രണങ്ങളുണ്ടെങ്കിലും ജാമ്യം അനുവദിക്കാമെന്ന് യുഎപിഎ കേസിൽ സുപ്രീംകോടതി. വേഗത്തിൽ വിചാരണ ലഭിക്കാനുള്ള അവകാശമാണ് പ്രധാനമെന്നും ജസ്റ്റിസ് ജെബി. പർദിവാല അദ്ധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ഇന്ത്യ-നേപ്പാൾ അതിർത്തിയിൽ നിന്ന് കള്ളനോട്ട് കടത്തലിനു പിടിയിലായ ഉത്തർപ്രദേശിലെ ഷെെഖ് ജാവേദ് ഇഖ്ബാലിന് ജാമ്യം അനുവദിച്ചുകൊണ്ടാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. കുറ്റകൃത്യം ഗുരുതരമാണെങ്കിൽ വേഗത്തിൽ വിചാരണ ഉറപ്പാക്കാൻ പ്രോസിക്യൂഷൻ ശ്രമിക്കണം. വിചാരണ വൈകുകയാണെങ്കിൽ ഗൗരവമുള്ള കുറ്റമാണ് എന്ന കാരണത്താൽ മാത്രം ജാമ്യത്തെ എതിർക്കാനാകില്ലെന്നും സുപ്രീംകോടതി നിരീക്ഷിച്ചു. പ്രതിയുടെ ജാമ്യാപേക്ഷ വിചാരണക്കോടതിയും ഹൈക്കോടതിയും തള്ളിയതിനെത്തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത്. 2015 ഫെബ്രുവരി മുതൽ പ്രതി കസ്റ്റഡിയിലാണെന്ന് നിരീക്ഷിച്ചുകൊണ്ടാണ് സുപ്രീംകോടതി ജാമ്യം അനുവദിച്ചത്.

## പൂജയുടെ ഐഎഎസ് പദവി റദ്ദാക്കി

ന്യൂഡൽഹി: മഹാരാഷ്ട്രയിലെ വിവാദ ഐഎഎസ് ഓഫീസർ പൂജ ഖേദ്കറിന്റെ ഐഎഎസ് റദ്ദാക്കാൻ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന് (യുപിഎസ്സി) തീരുമാനിച്ചു. ഇതു സംബന്ധിച്ച അറിയിപ്പ് യുപിഎസ്സി പുറത്തു വിട്ടതിനു പിന്നാലെ അവധിയിൽ പോകുകയാണെന്ന് പൂജ അറിയിച്ചു. യുപിഎസ്സിയുടെ ഭാവി പരീക്ഷകളിൽ നിന്നും അഭിമുഖങ്ങളിൽ നിന്നും വിലക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നല്കിയതിനു പുറമെ വ്യാജരേഖ നിർമ്മിച്ചുവെന്നു ചൂണ്ടിക്കാട്ടി പൂജയ്ക്കെതിരെ യുപിഎസ്സി പോലീസിൽ പരാതിയും നല്കി. വിഷയവുമായി ബന്ധപ്പെട്ട് സമഗ്ര അന്വേഷണം നടത്തുമെന്നും യുപിഎസ്സി അറിയിച്ചു.

യുവതി പരീക്ഷാചട്ടങ്ങൾ മറികടന്നു എന്നതിനപ്പുറം വ്യാജരേഖകൾ ഉപയോഗിച്ചതായും യുപിഎസ്സി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സ്വന്തം പേര്, മാതാപിതാക്കളുടെ പേര്, മൊബൈൽ നമ്പർ, വിലാസം തുടങ്ങിയവയിൽ മാറ്റം വരുത്തിയാണ് പൂജ പരീക്ഷയ്ക്ക് അപേക്ഷിച്ചതെന്നും കണ്ടെത്തി.

മഹാരാഷ്ട്രയിലെ പൂനയിൽ അസിസ്റ്റന്റ് കളക്ടറായിരുന്ന പൂജ സ്വ



കാര്യ കാറിൽ അനധികൃതമായി സർക്കാർ ബോർഡ് വെക്കുകയും ബീക്കൺ ലൈറ്റ് ഘടിപ്പിക്കുകയും ചെയ്തതോടെയാണ് സംഭവങ്ങളുടെ തുടക്കം. ഇതിനു പിന്നാലെ അഡീഷണൽ കളക്ടറുടെ ചേംബർ ബലമായി കൈയടക്കിയതോടെ ജില്ലാ കളക്ടർ ഇവരെ വാഷിം ജില്ലയിലേക്ക് സ്ഥലം മാറ്റുകയായിരുന്നു.

ഇതിനിടെയാണ് 2022 ബാച്ച് ഉദ്യോഗസ്ഥയായ ഇവർ ജാതി സർട്ടിഫിക്കറ്റ് വ്യാജമായി നിർമ്മിച്ചതുൾപ്പെടെയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടത്. വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റും ഇവർ യുപിഎസ്സിക്ക് സമർപ്പിച്ചതായി പിന്നീട് തെളിഞ്ഞു. കാഴ്ച പരിമിതി ഉണ്ടെന്ന അവകാശവാദം തെളിയിക്കാൻ മെഡിക്കൽ പരിശോധനയ്ക്കു ഹാജരാകണമെന്നു നിർദ്ദേശിച്ചെങ്കിലും ഇവർ ഒഴിഞ്ഞുമാറുകയായിരുന്നു.

ഇതിനിടെ, എല്ലാ പരീക്ഷകളിലും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതാണെന്നും അതു കർശനമായി പാലിക്കുമെന്നും യുപിഎസ്സി പ്രസ്താവനയിൽ വ്യക്തമാക്കി. പൊതുജനങ്ങളിൽ നിന്നും ഉദ്യോഗാർത്ഥികളിൽ നിന്നും വളരെ ഉയർന്ന വിശ്വാസ്യത യുപിഎസ്സിക്കുണ്ട്. അതു നശിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നും യുപിഎസ്സി വ്യക്തമാക്കി.




വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS

Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിന്റെ പുതിയ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?

വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം


ഇനി ലോകം നിങ്ങളെ അറിയട്ടെ

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ


വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ചിക്കാഗോ മാർ തോമാശ്ലീഹാ കത്തീഡ്രലിൽ വിശുദ്ധ അൽഫോൻസാ തിരുനാൾ

ചിക്കാഗോ: വേദനിക്കുന്നവരുടെ സാന്ത്വനമായ ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28-ാം തീയതി ഞായറാഴ്ച ഭക്ത്യാഡംബര പൂർവ്വമായി ചിക്കാഗോ മാർ തോമാശ്ലീഹാ കത്തീഡ്രലിൽ ആഘോഷിക്കുന്നു. 10 മണിക്കുള്ള തിരുനാൾ കുർബാനയ്ക്കുശേഷം ലദീഞ്ഞും വനിതകളുടെയും പുരുഷന്മാരുടെയും ചെണ്ടമേളത്തിന്റെ അകമ്പടിയോടു കൂടിയ പ്രദക്ഷിണവും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. തിരുനാളിൽ പങ്കുചേർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പിള്ളി സാദരം ക്ഷണിക്കുന്നു. ഈ വർഷത്തെ പ്രസുദേന്തിമാർ പതിവുപോലെ ചിക്കാഗോയിലെ പാലാ (മീനച്ചിൽ താലൂക്ക്) നിവാസികളാണ്.



ബിഷപ് മാർ ജോയി ആലപ്പാട്ട്



ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്



ഫാ. തോമസ് കടുകപ്പിള്ളിൽ




ഫാ. ജോയൽ പയസ്

# ഡോ. എം.എസ്. വല്യത്താൻ അന്തരിച്ചു

തിരുവനന്തപുരം: ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ ഡോ. എം.എസ്. വല്യത്താൻ (90) അന്തരിച്ചു. തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടറാണ്. മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വിസിയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ആദ്യ ബാച്ചുകാരനാണ്. മണിപ്പാലിലായിരുന്നു അന്ത്യം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ പഠനത്തിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്നാണ് അദ്ദേഹം എംബിബിഎസ് നേടിയത്. എംഎസ് പഠനം യൂണിവേഴ്സിറ്റി ഓഫ് ലിവർപൂളിൽ. എഫ്ആർസിഎസ് കൂടി എടുത്തശേഷം തിരികെ നാട്ടിലേക്ക്.

ചണ്ഡിഗഡിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജുക്കേഷൻ ആൻഡ് റിസർച്ചിൽ കുറച്ചു കാലം ജോലി ചെയ്തു. ജോലി കിട്ടിയപ്പോഴും പഠനം ഉപേക്ഷിച്ചില്ല. ഹൃദയശസ്ത്രക്രിയയെക്കുറിച്ച് ഉന്നതപഠനത്തിനായി ജോൺ ഹോപ്കിൻസ് അടക്കമുള്ള ഉന്നത വിദേശ സർവകലാശാലകളിലേക്ക് തിരികെപ്പോയി.



തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടർ എന്ന നിലയിലാണ് അദ്ദേഹത്തെ മലയാളികൾക്കു കൂടുതൽ പരിചയം. മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാഴ്ചപ്പാട് തന്നെ അദ്ദേഹം മാറ്റിയെടുത്തു. മെഡിക്കൽ സാങ്കേതികവിദ്യയ്ക്ക് കൂടുതൽ ഊന്നൽ നൽകി. വിദേശത്തുനിന്നു വലിയ വില കൊടുത്തു വാങ്ങിക്കൊണ്ടിരുന്ന ഹൃദയ വാൽവുകൾ ശ്രീചിത്രയിൽ നിർമിച്ച് ഇന്ത്യയിൽ ആദ്യമായി കുറഞ്ഞ വിലയ്ക്കു വാൽവ് ലഭ്യമാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങളുടെ മാറ്റ് വളരെക്കൂടുതലാണ്. രക്തബാഗുകൾ നിർമിച്ചു വ്യാപകമാക്കിയതു മറ്റൊരു ഉദാഹരണം.

ശ്രീചിത്ര വിട്ട് മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ്ചാൻസലറായ ഡോ. വല്യത്താൻ പിന്നീട് ആ വഴിയിൽനിന്ന് ആയുർവേദത്തിന്റെ ഗവേഷണത്തിലേക്കു കടന്നു. അലോപ്പതി ഡോക്ടർമാരും ആയുർവേദക്കാരും തമ്മിൽ പലപ്പോഴും അഭിപ്രായഭിന്നതകൾ ഉണ്ടാകാറുള്ളപ്പോൾ രണ്ടിലും അതിന്റേതായ ഗുണങ്ങൾ കണ്ടെത്താൻ പരിശ്രമിച്ചു. ആയുർവേദവും അലോപ്പതിയും സമന്വയിപ്പിച്ചു കൊണ്ടുപോകാവുന്ന പല നിർദേശങ്ങളും മുന്നോട്ടുവെച്ചു.

കോഴിക്കോട്ട് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് തുടങ്ങാനും സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിനു കീഴിൽ വിവിധ സ്ഥാപനങ്ങളെ ഏകീകരിക്കാനും പരിശ്രമിച്ചു. ഇന്ത്യൻ അക്കാദമി ഓഫ് സയൻസസിന്റെ ചെയർമാനായിരുന്നു. പത്മവിഭൂഷൺ ഉൾപ്പെടെ ഇന്ത്യയിലെയും വിദേശത്തെയും ധാരാളം ബഹുമതികൾക്ക് അർഹനായി.

# പ്ലാസ്റ്റിക് ഉപയോഗം; കർശന നടപടിയുമായി സർക്കാർ നീക്കം

തിരുവനന്തപുരം: പലവട്ടം നടപ്പാക്കിയിട്ടും പാളിപ്പോയ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകളും ഉൽപന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കും. തിരുവനന്തപുരം കോർപറേഷനിൽ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടുന്ന സ്ക്വാഡ് പരിശോധന തുടങ്ങി. സമാന സ്ക്വാഡുകൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും രൂപീകരിക്കും. തലസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞുകൂടി ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണത്തൊഴിലാളി മരിച്ച സംഭവമാണു നിരോധനം കർശനമായി നടപ്പാക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. 2020 ജനുവരിയിൽ കേരളത്തിൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയെങ്കിലും നിരോധിത പ്ലാസ്റ്റിക് ഇപ്പോഴും സുലഭമാണ്. കേരളത്തിൽ ഉൽപാദനമില്ലെങ്കിലും ഇതര സംസ്ഥാനങ്ങളിൽനിന്നു കേരളത്തിലേക്ക് ഇവ ഒഴുകുകയാണ്. പരിശോധനയുള്ളപ്പോൾ പൂഴ്ത്തിവെക്കുകയും അല്ലാത്തപ്പോൾ വിൽക്കുകയും ചെയ്യുന്നതാണു രീതി.

തുടർച്ചയായി മൂന്ന് തവണ നിരോധിത ഉൽപന്നങ്ങൾ കണ്ടെത്തിയാൽ 50,000 രൂപ പിഴയും കടയുടെ ലൈസൻസ് റദ്ദാക്കലുമാണു ശിക്ഷ. മാലിന്യം ശേഖരിക്കുന്ന അനധികൃത ഏജൻസികളെ കണ്ടെത്തി നടപടി സ്വീകരിക്കും. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യം പൊതുസ്ഥലത്തു തള്ളുന്നവർക്കെതിരെ ജാമ്യമില്ലാ വകുപ്പു പ്രകാരം കേസെടുക്കും. ഇവർക്കു മാലിന്യം നൽകുന്നവരിൽനിന്നു 10,000 രൂപ പിഴ ഈടാക്കും.

ഒറ്റത്തവണ ഉപയോഗിക്കുന്നതും 50 മൈക്രോണിൽ താഴെയുള്ളതുമായ പ്ലാസ്റ്റിക് ഉൽപന്നങ്ങളാണു നിരോധിച്ചിട്ടുള്ളത്. പുനരുപയോഗം സാധ്യമല്ലാത്തതാണിവ. കാലങ്ങളോളം നശിക്കാതെ കിടക്കുന്നതിനാൽ പരിസ്ഥിതിക്കു വൻ ആഘാതമാണു നിരോധിക പ്ലാസ്റ്റിക് സൃഷ്ടിക്കുന്നത്.

# ഒളിമ്പിക്സ് ഐക്യം ഊട്ടിയുറപ്പിക്കട്ടെയെന്ന് മാർപാപ്പ

വത്തിക്കാൻ സിറ്റി: ആസന്നമാകുന്ന ഒളിമ്പിക്സ് മത്സരങ്ങൾ സാഹോദര്യത്തിന്റെ സന്ദേശം ലോകത്തിനു പകരാൻ ഉതകുമാറാകട്ടെയെന്ന് ഫ്രാൻസിസ് മാർപാപ്പ ആശംസിച്ചു. മത്സരത്തിൽ പങ്കെടുക്കുന്നതിനായി വിവിധ രാജ്യങ്ങളിൽ നിന്ന് എത്തുന്നവർക്കു വേണ്ടി ക്രൈസ്തവ സ്ഥാപനങ്ങളുടെ വാതിലുകൾ തുറക്കുന്നതോടൊപ്പം മറ്റുള്ളവർക്കായി ഹൃദയവാതിലുകളും തുറന്നുകൊടുക്കണമെന്നും മാർപാപ്പ അഭ്യർത്ഥിച്ചു. ഒളിമ്പിക്സിനോടനുബന്ധിച്ച് പാരീസിലെ സെ. മേരി മഗ്ദലേന ദേവാലയത്തിൽ നടന്ന സമാധാനത്തിനു വേണ്ടിയുള്ള വിശുദ്ധ കുർബാന മദ്ധ്യേ വായിക്കാനായി നല്കിയ സന്ദേശത്തിലാണ് മാർപാപ്പ ഈ ആഹ്വാനം നടത്തിയത്. അഭിപ്രായ വ്യത്യാസങ്ങൾക്കും എതിർപ്പുകൾക്കും അതീതമായി ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള അവസരമാണ് ഒളിമ്പിക്സ് മത്സരദിനങ്ങൾ. ഭാഷകൾ, വംശങ്ങൾ, ദേശീയതകൾ, മതങ്ങൾ എന്നിവയ്ക്ക് അതീതമായ സാർവത്രിക ഭാഷയാണ് കായികമെന്നും മാർപാപ്പ പറഞ്ഞു. ശത്രുതയുള്ളവർ പോലും തമ്മിൽത്തമ്മിൽ അസാധാരണമാംവിധം കൂടിക്കാഴ്ചയ്ക്ക് അവസരമൊരുക്കുന്ന വേദിയാണ് മത്സരയിനങ്ങൾ. അതിനാൽ എല്ലാ മുൻവിധികളും ഒഴിവാക്കിക്കൊണ്ട് പരസ്പര ബഹുമാനവും സൗഹൃദവും വളർത്താനുള്ള അവസരമായി ഈ ഒളിമ്പിക്സ് മാറട്ടെയെന്നും മാർപാപ്പ ഉദ്ബോധിപ്പിച്ചു.

ഈ മാസം 26 മുതൽ ഓഗസ്റ്റ് 11 വരെ പാരീസിൽ നടക്കുന്ന ഒളിമ്പിക്സ് മത്സരങ്ങളുടെ ഉദ്ഘാടനത്തിനു മുന്നോടിയായി പാരീസിലെ പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയ്ക്ക് ഫ്രാൻസിലെ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ഡോ. ചേലസ്തീനോ മില്ല്യോരെ മുഖ്യകാർമ്മികത്വം വഹിച്ചു. നിരവധി മെത്രാന്മാരും വൈദികരും സഹകാർമ്മികത്വം വഹിച്ചു. ഒളിമ്പിക്സ് മത്സരങ്ങളുടെ സംഘാടക സമിതി അംഗങ്ങളും നയതന്ത്ര പ്രതിനിധികളും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. തദവസരത്തിലാണ് ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം വായിക്കപ്പെട്ടത്.



# ഹെലൻ ജോബി മംഗലത്തേട്ട് കെസിസിഎൻഎ കൺവൻഷൻ 2024 കലാതിലകം

വിനോദ് കൊണ്ടൂർ ഡേവിഡ്

ഡിട്രോയിറ്റ്: ടെക്സാസ് സംസ്ഥാനത്തെ സാൻ അന്റോണിയോയിലെ ഹെൻറി ഗൊൺസാലെസ് കൺവൻഷൻ സെന്ററിൽ വെച്ച് 2024 ജൂലൈ 4, 5, 6, 7 തീയതികളിൽ നടന്ന നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമമായ ക്നാനായ കാത്തലിക് കമ്യൂണിറ്റി ഓഫ് നോർത്ത് അമേരിക്കയുടെ (കെസിസിഎൻഎ) 15-ാമത് കൺവൻഷനിൽ വെച്ച് നടത്തപ്പെട്ട കലോത്സവത്തിൽ ഹെലൻ ജോബി മംഗലത്തേട്ട് കലാതിലകമായി തെരഞ്ഞെടുക്കപ്പെട്ടു. പങ്കെടുത്ത എല്ലാ ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയാണ് ഹെലൻ കലാതിലക പട്ടം നേടിയെടുത്തത്. ലളിതഗാനം, പ്രസംഗം, സിനിമാറ്റിക് ഡാൻസ് എന്നീ വ്യക്തിഗത ഇനങ്ങളിലും പുരാതനപ്പാട്ട്, സിനിമാറ്റിക് ഗ്രൂപ്പ് ഡാൻസ് എന്നീ ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.




2023-ൽ മിഷിഗൺ സ്റ്റേറ്റ് ഹൈസ്കൂൾ ലെവൽ ഡിബേറ്റ് കോമ്പറ്റീഷനിൽ വിജയിയാണ് ഹെലൻ. പഠനത്തോടൊപ്പം ചിത്രരചന, അഭിനയം, ഭരതനാട്യം, കർണാടിക് മ്യൂസിക് തുടങ്ങി വിവിധ പാഠ്യേതര വിഷയങ്ങളിലും സമർത്ഥയാണ് ഹെലൻ.

മിഷിഗണിലെ ഡിട്രോയിറ്റിൽ താമസിക്കുന്ന ക്നാനായ കാത്തലിക് സൊസൈറ്റി (കെസിഎസ്) ഡിട്രോയിറ്റ് & വിൻഡ്സർ അംഗങ്ങളായ മംഗലത്തേട്ട് ജോബി & മഞ്ജു ദമ്പതികളുടെ മൂന്നാമത്തെ പുത്രിയാണ് 14 വയസുകാരി ഹെലൻ. സ്റ്റർലിങ് ഹൈറ്റ്സ് യൂട്ടിക്ക അക്കാഡമി ഫോർ ഇന്റർനാഷണൽ സ്റ്റഡീസിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ഹെലന്റെ സഹോദരിമാരായ ക്രിസ്റ്റീൻ, കെസിസിഎൻഎയുടെ 2014-ലെ ചിക്കാഗോ കൺവൻഷനിലും മെഗൻ 2018-ലെ അറ്റ്ലാന്റാ കൺവൻഷനിലും കലാതിലകമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.



കെസിസിഎൻഎയുടെ ഈ ഭരണസമിതിയുടെ പ്രസിഡണ്ട് ഷാജി എടാട്ടിന്റെയും ടീമിന്റെയും കൺവൻഷൻ ചെയർമാൻ ജെറിൻ ലൂക്ക് പടപ്പുറമ്പിലിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട സാൻ അന്റോണിയോ കൺവൻഷൻ, സംഘാടക മികവുകൊണ്ട് വൻ വിജയമായി മാറി. കൺവൻഷനിൽ ഏറ്റവും പ്രധാനപ്പെട്ട ആർട്ട് & ലിറ്റററി മത്സരങ്ങൾക്ക് മരിയാ പതിയിൽ ചെയർപേഴ്സണായി. സിറിൾ വടകര, ആരതി കാരക്കാട്ട്, ബിനു എടകര എന്നിവരടങ്ങിയ കമ്മിറ്റി പ്രശംസനീയമായ നേതൃത്വം നല്കി.

## സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ കേരളത്തിന് കേന്ദ്രാനുമതി

തിരുവനന്തപുരം: കേരളം തന്നെ കരാർ വിളിച്ച്, പണം മുടക്കി മീറ്റർ സ്ഥാപിക്കുന്ന ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ (കാപ്പെക്സ്) മാതൃകയിൽ സ്മാർട് മീറ്റർ പദ്ധതി നടപ്പാക്കാൻ കേരളത്തിന് കേന്ദ്രാനുമതി. കരാർ കമ്പനി മുഴുവൻ തുകയും ചെലവഴിച്ചു മീറ്റർ സ്ഥാപിച്ചു പരിപാലിക്കുകയും ചെലവു തുക ഗഡുക്കളായി തിരിച്ചു പിടിക്കുകയും ചെയ്യുന്ന ടോട്ടൽ എക്സ്പെൻഡിച്ചർ (ടോട്ടെക്സ്) മാതൃകയാണ് കേന്ദ്രം നിർദേശിച്ചിരുന്നത്. ഇതു സ്വീകാര്യമല്ലെന്ന നിലപാടിലായിരുന്നു കേരളം.


കേന്ദ്രാനുമതി ലഭിച്ചതോടെ ആദ്യഘട്ടമായി മൂന്ന് ലക്ഷം സ്മാർട് മീറ്റർ വാങ്ങാനുള്ള ടെൻഡറിലേക്കു കടക്കാൻ കെഎസ്ഇബി തീരുമാനിച്ചു. 90,000 ട്രാൻസ്ഫോമറുകൾക്കും എല്ലാ സർക്കാർ ഓഫീസുകൾക്കും വ്യവസായ ഉപയോക്താക്കൾക്കും ആദ്യഘട്ടത്തിൽ സ്മാർട് മീറ്റർ സ്ഥാപിക്കും. സ്വകാര്യ കമ്പനികൾക്കൊപ്പം കെൽട്രോണും ടെൻഡറിൽ പങ്കെടുത്തേക്കും. 2025-ൽ കേരളത്തിൽ 37 ലക്ഷം സ്മാർട് മീറ്ററുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം.

സ്മാർട് മീറ്റർ സ്ഥാപിച്ചാൽ മാത്രമേ ആർഡിഎസ്എസ് (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതിയിലൂടെയുള്ള ധനസഹായം നൽകൂ എന്ന് കേന്ദ്രം നിലപാടെടുത്തിരുന്നു. 4000 കോടിയിലധികം രൂപയാണ് ഇത്തരത്തിൽ ലഭിക്കേണ്ടത്. സ്മാർട് മീറ്റർ സ്ഥാപിക്കാൻ 15 ശതമാനം തുക ഗ്രാന്റ് ആയും കേന്ദ്രം നൽകും.

ടോട്ടെക്സ് രീതി നടപ്പാക്കണമെന്ന കേന്ദ്രനിർദേശത്തെ സിപിഎം പൊളിറ്റ്ബ്യൂറോയും കെഎസ്ഇബി ജീവനക്കാരുടെ ഭൂരിഭാഗം സംഘടനകളും എതിർത്തിരുന്നു. 2022 ഡിസംബറിൽ ഈ നിലപാട് അറിയിച്ചെങ്കിലും കേന്ദ്രം അനുമതി നൽകാത്തതിനെ തുടർന്നാണ് പദ്ധതി വൈകിയത്.

വിതരണനഷ്ടം കുറയ്ക്കാനും വൈദ്യുതി വാങ്ങൽ ചെലവു നിയന്ത്രിക്കാനും സഹായകരം. വൈദ്യുതി ഉപയോഗം പരിശോധിക്കാനും ആവശ്യമെങ്കിൽ വിഛേദിക്കാനും നേരിട്ട് ആൾ എത്തേണ്ട ആവശ്യമില്ല. ഉപയോക്താക്കൾക്ക് പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമാണെന്നു സ്മാർട് മീറ്ററിൽ രേഖപ്പെടുത്താം. ഉപയോഗം കൂടുമ്പോൾ മുന്നറിയിപ്പു സന്ദേശങ്ങൾ ലഭിക്കും. വേണ്ടിവന്നാൽ വൈദ്യുതി ടോപ് അപ് ചെയ്യാം.

## വിനയ് ഖ്വാത്ര അമേരിക്കൻ സ്ഥാനപതി



ന്യൂഡൽഹി: മുൻ വിദേശകാര്യ സെക്രട്ടറി വിനയ് മോഹൻ ഖ്വാത്രയെ അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതിയായി നിയമിച്ചു. ഈമാസം 14-നാണ് ഖ്വാത്ര വിദേശകാര്യ സെക്രട്ടറിപദം ഒഴിഞ്ഞത്.

2022 മുതൽ 2024 വരെയാണ് വിദേശകാര്യ സെക്രട്ടറിയായി പ്രവർത്തിച്ചത്. അതിനു മുൻപ് 2017 മുതൽ 2020 വരെ ഫ്രാൻസിലെയും 2020 മുതൽ 2022 വരെ നേപ്പാളിലെയും ഇന്ത്യൻ നയതന്ത്ര പ്രതിനിധിയായി പ്രവർത്തിച്ചിരുന്നു. 1988 ബാച്ച് ഐഎഫ്എസ് ഉദ്യോഗസ്ഥനാണ് 62-കാരനായ ഖ്വാത്ര.

## സിസ്റ്റർ ജീനാ വിത്സൺ പിസിനാക് നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ

കുര്യൻ ഫിലിപ്പ്



ചിക്കാഗോ: ചിക്കാഗോയിൽ 2026-ൽ നടക്കുന്ന 40-ാമത് പിസിനാക്കിന്റെ നാഷണൽ ലേഡീസ് കോ-ഓർഡിനേറ്ററായി സിസ്റ്റർ ജീനാ വിൽസനെ തെരഞ്ഞെടുത്തതായി നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് എന്നിവർ ഒരു സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. ഹൂസ്റ്റൺ ഐപിസി സഭയുടെ സീനിയർ പാസ്റ്റർ ഡോ. വിൽസൺ വർക്കിയുടെ ഭാര്യയാണ് സിസ്റ്റർ ജീന വിൽസൺ. എംഎ ബിഎഡ് ബിരുദധാരിയായ സിസ്റ്റർ ജീന വിൽസൺ വേദശാസ്ത്രത്തിലും പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തൃശൂർ ഐപിസി ശുശ്രൂഷകൻ പാസ്റ്റർ ബേബി ഏബ്രഹാമിന്റെ മകളാണ്. ആഗ്നസ്, ആഷ്‌ലി എന്നിവർ മക്കളാണ്.


FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com



ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056




FULL TIME REALTOR

# വാഷിങ്ടണിൽ നടന്ന 21–ാമത് ഫൊക്കാനാ കൺവൻഷൻ ചിത്രങ്ങളിലൂടെ...

ഫോട്ടോ: എബിൻ പോൾസൺ




















# വാഷിങ്ടണിൽ നടന്ന 21–ാമത് ഫൊക്കാനാ കൺവൻഷൻ ചിത്രങ്ങളിലൂടെ...

ഫോട്ടോ: എബിൻ പോൾസൺ
























# ആതിര വർമ്മ ഫൊക്കാന മലയാളി മങ്ക




ജോസ് കണിയാലി

വാഷിങ്ടൺ: വാഷിങ്ടൺ ഡിസിയിൽ നടക്കുന്ന 21-ാമത് ഫൊക്കാന കൺവൻഷനിൽ ആതിര വർമ്മ (വിർജീനിയ) മലയാളി മങ്കയായി തെരഞ്ഞെടുക്കപ്പെട്ടു. ഫസ്റ്റ് റണ്ണർ അപ്പ് സുബി ബാബു (അറ്റ്ലാന്റ), സെക്കൻഡ് റണ്ണർ അപ്പ് പ്രീതി നായർ (വിർജീനിയ) എന്നിവരാണ്.

വിമൻസ് ഫോറം നാഷണൽ ചെയർപേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജ്, ഫാൻസിമോൾ പല്ലാട്ടുമഠം, ഡോ. സൂസൻ ചാക്കോ, ഹണി ജോസഫ്, നീമ ഷമീൽ, രേവതി പിള്ള എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

മുരളി ആർ (മാതൃഭൂമി) റാണി നികേഷ് (ജേർണലിസ്റ്റ്), പൊന്നു പിള്ള (ഫൊക്കാന) എന്നിവരായിരുന്നു വിധികർത്താക്കൾ.

ഡോ. ബ്രിജിറ്റ് ജോർജ് സ്വാഗതം പറഞ്ഞു. ഫാൻസിമോൾ പല്ലാട്ടുമഠം ആയിരുന്നു എംസി. പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ വിജയികൾക്ക് കാഷ് അവാർഡ് സമ്മാനിച്ചു. കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ വിജയികളെ അഭിനന്ദിച്ചു.















ഡോ. ബ്രിജിറ്റ് ജോർജ്



ഫാൻസിമോൾ പല്ലാട്ടുമഠം







ഫോട്ടോ: എബിൻ പോൾസൺ

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024











'എല്ലാം ദൈവത്തിൽ നിന്ന് ദൈവത്തിലേക്ക് തന്നെ മടങ്ങി പോകേണ്ടതാണ്.
പ്രഭാതത്തിൽ ഉദിക്കുന്ന വെയിലു മുതൽ സന്ധ്യയിലെ മഞ്ഞു കണങ്ങൾ വരെ ദൈവീകമാണ്.
ഈ ഭൂമിയിൽ അവന്റെ ഇച്ഛയിൽ നമ്മൾ ദുഃഖങ്ങളും സന്തോഷങ്ങളും അനുഭവിക്കുന്നു.
അവൻ നമ്മോടൊപ്പമുണ്ട്. നമ്മുടെ ഓരോ പ്രവൃത്തിയിലും ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്.'



# ഡാളസിലെ നന്മമരം ഷിജു ഏബ്രഹാം

ജീവിതം ഒരു സിനിമയാണെങ്കിൽ അതിന് തിരക്കഥ എഴുതിയത് ദൈവം തന്നെയാണ്. അവൻ എഴുതിവെച്ചതിൽ നിന്ന് അണുവിട മാറാതെ എല്ലാം സംഭവിക്കും. അതുകൊണ്ട് ഭൂമിയിലെ മനുഷ്യായുസ്സ് ചുറ്റുമുള്ളവരുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കുക. അതിൽ ജാതിയോ വർണമോ മതമോ ഒന്നും കലർത്താതിരിക്കുക. എല്ലാവരോടും, എല്ലാത്തിനോടും കരുണയും, കരുതലും സ്നേഹവും മാത്രം.

'മകന്റെ വേർപാട് ദൈവം നിശ്ചയിച്ചതാണ്, അതിൽ ദുഃഖമുള്ളതുപോലെ തന്നെ ദൈവത്തിന്റെ തീരുമാനത്തോടുള്ള ബഹുമാനവുമുണ്ട്.'

ഷിജു ഏബ്രഹാം എന്ന മനുഷ്യൻ ഈ വാക്കുകൾ പറയുമ്പോൾ അദ്ദേഹത്തിലെ വിശ്വാസത്തിന്റെ വെളിച്ചം വ്യക്തമായി കാണാമായിരുന്നു. ഒറീസയിൽനിന്ന് തുടങ്ങിയ ജീവിതം അമേരിക്കയുടെ മണ്ണിൽവരെ എത്തിനിൽക്കുമ്പോൾ നഷ്ടങ്ങളുടെയും നേട്ടങ്ങളുടെയും ദൈവത്തിന്റെ അടയാളങ്ങൾ പതിഞ്ഞ നിമിഷങ്ങളുടെയും സായാഹ്നങ്ങൾ അങ്ങ് ദൂരെ ഒരു ഛായാചിത്രം പോലെ കാണപ്പെട്ടു.

## ജീവിതം എന്ന നീർക്കുമിള

ഒറീസയിൽ എഞ്ചിനീയറായിരുന്ന റാന്നി അങ്ങാടി വടക്കേ മണ്ണിൽ ഉണ്ണിട്ടന്റെയും ജാൻസിയുടേയും മകനായിട്ടാണ് ഷിജു ഏബ്രഹാമിന്റെ ജനനം. ഒറീസയിൽ ജനിച്ച അദ്ദേഹം 1973–ലാണ് നാട്ടിലേക്കെത്തുന്നത്. വല്യപ്പച്ചൻ ചാക്കോ പൊടി അപ്പച്ചനാണ് ഷിജു ഏബ്രഹാമിനെ അക്ഷരങ്ങൾ പഠിപ്പിക്കുന്നത്. വല്യപ്പച്ചനിൽനിന്നും അക്ഷരങ്ങളോടൊപ്പം നിരവധി ജീവിതാനുഭവങ്ങളും ഷിജു ഏബ്രഹാമിന് ലഭിച്ചു.

അമ്മയുടെ പിതാവ് മാത്തുക്കുട്ടി മുളമൂട്ടിൽ റാന്നിയിലെ അറിയപ്പെടുന്ന പലചരക്ക് വ്യവസായി ആയിരുന്ന കാലം ഓർത്തെടുക്കുമ്പോൾ സാധാരണക്കാരായ മനുഷ്യരുമായി ഇടപെട്ടിരുന്ന ഒരു കാലഘട്ടത്തെ കൂടിയാണ് ഷിജു ഏബ്രഹാം ചികഞ്ഞെടുക്കുന്നത്.

ചങ്ങനാശേരിയിൽ നിന്ന് സാധനങ്ങൾ കൊണ്ടുവന്ന് റാന്നിയിൽ വിൽക്കലായിരുന്നു മാത്തുക്കുട്ടി മുളമൂട്ടിലിന്റെ ജോലി. സാധനങ്ങളുടെ വിലനിലവാരം ഉറപ്പിച്ചതിനു ശേഷമേ മറ്റുള്ളവർക്ക് കൊടുക്കുകയുണ്ടായിരുന്നുള്ളു.

'ഇവിടെ ഇല്ലാത്ത ഒരാളെ പറ്റിയും കുറ്റം പറയാൻ പാടില്ല' എന്ന് അദ്ദേഹത്തിന്റെ കടയിൽ എഴുതിയിരുന്നതായി അദ്ദേഹം ഓർക്കുന്നു. അമ്മാവൻ റാന്നി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് വെരി. റവ. റോയി മാത്യു മുളമൂട്ടിൽ കോർ എപ്പിസ്കോപ്പയും മകൻ മുൻ പി.എസ്.സി മെമ്പർ റോഷൻ റോയി മാത്യുവും റാന്നിയിലെ പൊതുപ്രവർത്തനത്തിൽ സജീവമായിട്ടുണ്ട്. സഹോദരൻ ഷിബു ഏബ്രഹാമും സഹോദരി ഷീനാ ഏബ്രഹാമും ന്യൂയോർക്കിൽ പല പൊതുപ്രവർത്തനങ്ങളിലും പങ്കാളികളാണ്.

ഷിജു ഏബ്രഹാം 1 മുതൽ 4 വരെ റാന്നി പഴവങ്ങാടി ഗവണ്മെന്റ് യു.പി. സ്കൂളിലും 5 മുതൽ പത്ത് വരെ റാന്നി എം.എസ് ഹൈസ്കൂളിലും പ്രീഡിഗ്രി റാന്നി സെന്റ് തോമസ് കോളേജിലും, പിന്നീട് പന്തളം പോളിടെക്നിക്കിലുമായിരുന്നു വിദ്യാഭ്യാസം. തുടർന്ന് ബാംഗ്ലൂരിൽനിന്നും പ്രൊഡക്ഷൻ എഞ്ചിനീയറിങ്ങ് കരസ്ഥമാക്കി. തുടർന്ന് ചെറുകോൽപ്പുഴ മാർത്തോമ്മാ ഐ.ടി.സിയിൽ ഇൻസ്ട്രക്ടറായി ജോലിചെയ്തു, പിന്നീട് ബാംഗ്ലൂരിൽ ഏഷ്യൻ ബെയറിംഗ്സിൽ പ്രൊഡക്ഷൻ എഞ്ചിനീയറായി രണ്ടുവർഷം ജോലിചെയ്തു.

## ആത്മീയമായ ചില ഓർമപ്പെടുത്തലുകൾ

ചെറുപ്പംമുതൽക്കേ സഹജീവികളെ സഹായിക്കുന്ന പ്രവർത്തകരോട് വലിയ താല്പര്യമായിരുന്നു ഷിജു ഏബ്രഹാമിന്. ഒരു ക്രിസ്ത്യൻ മിഷനോട് അത്തരത്തിൽ അതിയായ ഒരു താല്പര്യം ഉടലെടുക്കയും ഉണ്ടായി. ക്നാനായ സഭാ വിശ്വാസം ആണെങ്കിലും എല്ലാ വിശ്വാസത്തോടൊപ്പവും പ്രവർത്തിച്ചത് ആത്മീയതയെ കൂടുതൽ ഉണർത്താനും ദൈവത്തിലേക്ക് കൂടുതൽ അടുക്കാനും അദ്ദേഹത്തെ സഹായിച്ചു. ഷിജു ഏബ്രഹാം ആത്മീയ വിശ്വാസത്തിലേക്ക് പോയത് വീട്ടിൽ വലിയ വിഷമം ഉണ്ടാക്കി. ആ സമയത്ത് റാന്നി പള്ളിയിൽ സഭാ വിശ്വാസികൾ തമ്മിൽ ആത്മീയതയുടെ പേരിൽ വഴക്ക് ഉണ്ടായി. അത് കത്തിക്കുത്തിൽ അവസാനിച്ചു. പള്ളി 2 വർഷത്തേക്ക് അടച്ചിട്ടതും ഇപ്പോഴും ഓർമ്മകളിൽ നിഴലിച്ച് നിൽക്കുന്നു. ദൈവത്തിന്റെ പേരിൽ പള്ളിയിൽ വെച്ച് ഒരു സംഘർഷം ഉണ്ടായപ്പോൾ ദൈവം ഉണ്ടോ എന്ന ചോദ്യം ഷിജു ഏബ്രഹാം വിശ്വാസി സമൂഹത്തോട് ചോദിച്ചു. അതോടെ മാനസികമായി നിരീശ്വര ചിന്തയിലേക്ക് മാറുകയും ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങുകയും ചെയ്തു. മതത്തിന്റെ പേരിൽ മനുഷ്യർ കലഹിക്കുന്നു. ദൈവമുണ്ടെങ്കിൽ അത് സംഭവിക്കുമോ? ഇത് മാത്രമായിരുന്നു അന്ന് മനസ്സിൽ ഉണ്ടായിരുന്ന ചോദ്യങ്ങൾ.

1995–ൽ മാന്നാർ പരുമല നിരണം സ്വദേശി കൊച്ചുമാലിയിൽ അമേരിക്കയിൽ വളർന്ന എൽസി ഏബ്രഹാമിനെ വിവാഹം കഴിച്ചതോടെ ജീവിതത്തിൽ പുതിയൊരു അധ്യായത്തിനാണ് തുടക്കമായത്. അതുവരെ തനിച്ചു തുഴഞ്ഞിരുന്ന ജീവിതത്തിന്റെ വഞ്ചിയിൽ അദ്ദേഹത്തിന് മറ്റൊരു പങ്കാളിയെ കൂടി ലഭിച്ചു. സന്തോഷങ്ങളും സങ്കടങ്ങളുമെല്ലാം ഇരുവരും ഒന്നിച്ചു പങ്കുവെച്ചു തുടങ്ങുകയായിരുന്നു.


## അമേരിക്ക തന്ന തിരിച്ചറിവും അനുഭവങ്ങളുടെ തീച്ചൂളയും

വിവാഹത്തിന് ശേഷം ഒരുവർഷം കഴിഞ്ഞ് 1996–ലാണ് ഷിജു ഏബ്രഹാം അമേരിക്കയിലേക്ക് പോകുന്നത്. ഓരോ തീരുമാനങ്ങൾക്ക് പിന്നിലും ദൈവത്തിന്റെ ഒരു കരുതൽ ഉണ്ട് എന്ന് എപ്പോഴും അദ്ദേഹത്തിന് തോന്നാറുണ്ട്. അമേരിക്കൻ കുടിയേറ്റവും അത്തരത്തിൽ ഒരു തീരുമാനത്തിന്റെ ബാക്കിയായിരുന്നുവെന്ന് കാലം തെളിയിക്കുകയായിരുന്നു. ഡാളസിൽ എത്തിയപ്പോൾ അവിടുത്തെ കേരളാ അസോസിയേഷനിൽ സജീവമായി. ഡാളസിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായും, ക്നാനായ പള്ളിയുടെ സെക്രട്ടറിയായി അതിന്റെ ഏകീകരണത്തിനും വളർച്ചയ്ക്കും പരിശ്രമിച്ച്, ക്നാനായ സമുദായത്തിന്റെ ഡാളസ്സിൽ നടന്ന അമേരിക്കൻ നാഷണൽ സമ്മേളനത്തിന്റെ കൺവീനറായും പ്രവർത്തിച്ചു.

തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് ഡാളസിൽ കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രി എടുത്തു. കൂടെ ജോലിയും ചെയ്ത് തുടങ്ങി. ഫ്രണ്ട്സ് ഓഫ് റാന്നിയുടെ സെക്രട്ടറിയായും, യൂത്ത് ഓഫ് ഡാളസ് എന്ന ഡാളസിലെ യുവാക്കളുടെ മാർഗ്ഗദർശിയായി ഒപ്പം നിൽക്കുന്നു.

## ലോകത്തിലെ ഏറ്റവും വലിയ ദുഃഖം എന്താണെന്ന് തിരിച്ചറിഞ്ഞ നിമിഷം


നാലുവർഷം നീണ്ട ദാമ്പത്യത്തിനൊടുവിൽ 1999–ലാണ് ഷിജു ഏബ്രഹാം – എൽസി ദമ്പതികൾക്ക് ഒരു കുഞ്ഞ് ജനിക്കുന്നത്. ദൈവം നൽകിയ സമ്മാനമെന്നോണം സമിത് എന്ന പേര് നൽകി അവനെയും ചേർത്ത് പിടിച്ച് ഇരുവരും ജീവിതം തുടർന്നു. 2003 ആയപ്പോൾ സ്വന്തമായി ഫിനാൻഷ്യൽ സർവ്വീസ് ആരംഭിച്ചു. അത് ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. എല്ലാം മകന്റെ ഭാഗ്യമാണെന്ന് ഇരുവരും കരുതുകയും നൽകിയ നന്മകൾക്ക് ദൈവത്തിന് നന്ദി പറയുകയും ചെയ്തു. ജോലിക്കൊപ്പം എക്യുമിനിക്കൽ പ്രസ്ഥാനത്തിലും സജീവമായതോടെ ചാരിറ്റിയും ജീവിതത്തിന്റെ ഭാഗമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേരളാ അസോസിയേഷൻ സെക്രട്ടറി, പള്ളി സെക്രട്ടറി എന്നീ സ്ഥാനങ്ങൾ ആ സമയത്ത് അദ്ദേഹം വഹിച്ചിരുന്നു. കേരള എക്യുമെ



















# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

നിക്കൽ ഫെല്ലോഷിപ്പ് സെക്രട്ടറി, ക്നാനായ ഡാളസ് സമാജം കൺവീനർ എന്നീ നിലകളിലും സജീവമായി.

മകൻ സമിതിന് നാലര വയസ് ഉള്ളപ്പോൾ ഭാര്യ വീണ്ടും ഗർഭിണിയായി. വലിയ സന്തോഷത്തിലൂടെയായിരുന്നു ഇരുവരും ഈ കാലഘട്ടങ്ങളിൽ കടന്നു പോയത്. അങ്ങനെയിരിക്കെ മകന് ഒരു പനിയുടെ ലക്ഷണം ഉണ്ടായി. ഉടൻതന്നെ ഒരു ഡോക്ടറെ കാണിച്ചെങ്കിലും പിറ്റേദിവസം മകന് പനി കൂടുകയാണ് ഉണ്ടായത്. അവനെ ശുശ്രൂഷിക്കാൻ ഇരുവരും കൂടുതൽ സമയം കണ്ടെത്തുകയും ചെയ്തു. എന്നാൽ പനി കുറഞ്ഞതേയില്ല. തുടർന്ന് വീണ്ടും സമിതിനെ ഡോക്ടറെ കാണിക്കാൻ ഷിജുവും എൽസിയും തീരുമാനിച്ചു. ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് മുൻപ് ഇരുവരും ദൈവത്തോട് മനസുരുകി പ്രാർത്ഥിച്ചു. 'വരാനിരിക്കുന്ന നന്മ വിചാരിച്ചാൽ ഇപ്പോഴത്തെ പ്രയാസം സാരമില്ല' എന്ന ബൈബിൾ വാക്യമാണ് അപ്പോൾ മനസിൽ തെളിഞ്ഞു വന്നത്. അതെ, മകന്റെ പനി മറ്റൊരു അസുഖത്തിന്റെ തുടക്കമായിരുന്നുവെന്നാണ് ഡോക്ടർ അറിയിച്ചത്.

കിഡ്നിയിൽ ഒരു ട്യൂമർ. ഏതാണ്ട് നാലാം സ്റ്റേജിലേക്ക് കടന്നിരിക്കുന്നു. കഷ്ടിച്ച് മൂന്ന് മാസം കൂടിയെ മകൻ ജീവിച്ചിരിക്കു എന്ന് ഡോക്ടർമാർ പറഞ്ഞു. നാലരവയസുള്ള മകന് അഞ്ചാം ജന്മദിനം ആഘോഷിക്കാൻ ദൈവം അവസരം തരണം എന്ന പ്രാർത്ഥന മാത്രമായിരുന്നു അപ്പോൾ ഇരുവരുടെയും മനസിൽ. ഏതൊരു മാതാപിതാക്കളും തകർന്നുപോയേക്കാവുന്ന നിമിഷം, എന്നാൽ കരഞ്ഞു തീർക്കാൻ കൂട്ടാക്കാതെ അവനെ കുറേക്കൂടി ഉഷാറാക്കുക എന്നതായിരുന്നു ഷിജുവിന്റെയും എൽസിയുടെയും ലക്ഷ്യം.

പ്രാർത്ഥനകൾ തുണച്ചു, തമ്പുരാൻ അവന്റെ അഞ്ചാം ജന്മദിനം ആഘോഷിക്കുവാൻ അവസരം നൽകി. വളരെ സന്തോഷത്തോടെ തന്നെ ആ ബർത്ത്ഡേ പാർട്ടി നടത്തി. മകന് അസുഖമായ ശേഷം ഒരു പാർട്ടിയിലോ, ഒന്നിലും പോയിരുന്നില്ല. മകന്റെ കാര്യത്തിന് വേണ്ടി പ്രാർത്ഥന മാത്രമായിരുന്നു ഇരുവരുടെയും തീരുമാനം. അങ്ങനെയിരിക്കെ ദൈവം തീരുമാനിച്ച ആ വേദനനിറഞ്ഞ ദിവസം അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്നെത്തി.

2004 ഏപ്രിൽ 21-ന് പതിവുപോലെ തന്നെ കടയിൽ പാല് വാങ്ങാൻ പോയി വേഗം വീടെത്തിയ ഷിജു ഏബ്രഹാം മുകളിലത്തെ നിലയിൽ മകനൊപ്പം അൽപ്പസമയം ചിലവഴിച്ചു. എന്നാൽ മകനിൽ എന്തെന്നില്ലാത്ത ഒരു ഭാവമാറ്റം കണ്ടു. വല്ലാത്ത ഒരു തെളിച്ചം അവന്റെ മുഖത്ത് അപ്പോൾ ഉണ്ടായിരുന്നു.

'മോൻ എന്തെങ്കിലും കാണുന്നുണ്ടോ' എന്ന് ചോദിച്ചപ്പോൾ, 'മാലാഖമാരെ കാണുന്നുണ്ട്, ജീസസിനെയും' എന്നായിരുന്നു അവന്റെ മറുപടി. അദ്ദേഹം മകനോട് പ്രാർത്ഥിക്കാൻ പറഞ്ഞു. 'എന്നെ സൗഖ്യമാക്കണേ' എന്ന് പ്രാർത്ഥിക്കുവാൻ പറഞ്ഞപ്പോൾ അതു പറയാതെ അപ്പന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് 'I Love you Pappa'എന്ന് പറഞ്ഞ് പ്രാർത്ഥിച്ച് ഒരു പൊടി കണ്ണുനീർ വീഴ്ത്തി സന്തോഷത്തോടെ കണ്ണുകളടച്ചു. അവസാനത്തെ കാഴ്ചയായി അവൻ കണ്ടത് അവന്റെ പപ്പയെയും അമ്മയെയും ആയിരുന്നു. അപ്പോഴും അവന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ തുള്ളി ഇറ്റു വീഴുന്നുണ്ടായിരുന്നു. പക്ഷെ ആത്മാവ് ദൈവത്തിലേക്ക് യാത്രയായിരിക്കുന്നു. അവൻ പോയി എന്ന സത്യം തിരിച്ചറിയാൻ വല്ലാത്ത പ്രയാസമായിരുന്നു. സങ്കടമല്ല, മറിച്ച്, ഒരു വലിയ ചോദ്യത്തിന്റെ മറുപടി കിട്ടിയ അനുഗ്രഹിക്കപ്പെട്ട നിമിഷങ്ങളായി അദ്ദേഹത്തിന്റെ ഓർമകളിൽ ഉണ്ട്.

രണ്ടുപേരും ചേർന്നാണ് സമിതിനെ കുളിപ്പിച്ച് ഒരുക്കിയത്. ശേഷം അപ്പയും അമ്മയും ചേർന്ന് അവന്റെ ശരീരം താഴേക്ക് കൊണ്ടുവന്ന് വീട്ടിൽ ഉണ്ടായിരുന്നവരോട് അവൻ ദൈവസന്നിധിയിലെത്തി എന്ന് പറഞ്ഞു. ഇയ്യോബിന്റെ 5 മക്കളും മരിച്ചു പോയ കഥയാണ് അപ്പോൾ അദ്ദേഹം ഓർത്തത്.

## 'ദൈവം കൈവിടില്ല'

വിചാരിക്കാത്ത സമയത്താണ് ദൈവത്തിന്റെ അനുഗ്രഹം വീണ്ടും അവരുടെ ജീവിതത്തിലേക്ക് വന്നെത്തിയത്. രണ്ടാമത് ഒരു മകന് കൂടി എൽസി ജന്മം നൽകി. അവന് സഹിത് എന്ന് പേരിട്ട ദമ്പതികൾ പിന്നീട് ജനിച്ച മകൾക്ക് സമിന എന്നും പേരിട്ടു.

എന്നാൽ യഥാർത്ഥത്തിൽ ദൈവത്തിന്റെ അനുഗ്രഹം വന്നു ചേരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഷിജു ഏബ്രഹാം - എൽസി ദമ്പതികൾക്ക് പിന്നീട് ജനിച്ചത് ഒരു മകനായിരുന്നു. അത്ഭുതം എന്തെന്നാൽ ആദ്യത്തെ മകന്റെ ജന്മ ദിവസമായിരുന്നു അവൻ ജനിച്ചത്. ഒരു മകനെ ദൈവം എടുത്തിട്ട് അടുത്ത മകനെ തന്നതുപോലെയാണ് ആ നിമിഷത്തിൽ ഇരുവർക്കും തോന്നിയത്. അവന് എന്ത് പേരിടും എന്നായി പിന്നീടുള്ള ചിന്ത. ദൈവം തന്ന അനുഗ്രഹമല്ലേ ദൈവത്തോട് തന്നെ ഒടുവിൽ അദ്ദേഹം ഒരു പേര് ചോദിച്ചു. ആദത്തിന്റെയും ഹൗവ്വയുടേയും ഒരു മകൻ മരിച്ച ശേഷം മൂന്നാമത് ഒരു മകൻ ജനിച്ചതാണ് ആ നിമിഷത്തിൽ ഓർമ്മ വന്നത്. ഒടുവിൽ ആ പേര് തന്നെ അവർ അവനെ വിളിച്ചു. സേത്ത്.

എല്ലാം ദൈവത്തിൽ അർപ്പിച്ച ജീവിതത്തിൽ പിന്നീട് ഒരു മകൻ കൂടി ജനിച്ചു. ഷെയിൻ.

## ദൈവം ജീവിതത്തിൽ പ്രവർത്തിച്ച നിമിഷങ്ങൾ

മകന്റെ ചികിത്സാ കാലത്ത് വലിയ സാമ്പത്തിക പ്രയാസം ഉള്ള സമയമായിരുന്നു 6000 ഡോളർ ഇയർ ബിൽ അടയ്ക്കുവാൻ ഉണ്ടായിരുന്നു. സത്യത്തിൽ ആ വിഷയം ദൈവത്തിൽ സമർപ്പിച്ചു. ആ സമയത്ത് ചെറിയ ഒരു തീപിടുത്തം ഉണ്ടായി. വീട്ടിൽ വലിയ ഡാമേജ് ഇല്ലാതിരുന്നിട്ടു കൂടി ഇൻഷുറൻസ് തുക മുഴുവനും കിട്ടി. സത്യത്തിൽ ആ സമയത്ത് തീകൊണ്ട് ദൈവം ബ്ലസ് ചെയ്തു എന്ന് ഞാൻ കരുതുന്നു. മറ്റൊരു അനുഭവം ഒരു ബില്ലിന് വേണ്ടി 960 ഡോളർ ചെക്ക് മെയിൽ ചെയ്യുന്നു. അക്കൗണ്ടിൽ കാശ് വരും എന്ന പ്രതീക്ഷയിലാണ് ചെക്ക് മെയിൽ ചെയ്തത്. ജോലിക്ക് ചെന്ന് രണ്ടുദിവസം കഴിഞ്ഞപ്പോൾ 965 ഡോളറിന്റെ ഒരു സ്പെഷ്യൽ ബോണസ് ലഭിച്ചു. മനുഷ്യനിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുവാൻ തീരുമാനിച്ചത് അന്ന് മുതലാണ്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ

ജീവകാരുണ്യ പ്രവർത്തനങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കണമെന്നത് കുഞ്ഞുനാളിലെ ഉള്ള അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. ജീവിതത്തിൽ ഇപ്പോൾ അതിന് ധാരാളം സമയങ്ങളും സാമ്പത്തികവും അദ്ദേഹത്തെ തേടിയെത്താറുണ്ട്.

നിരവധി വ്യക്തികളെ അദ്ദേഹം നേരിട്ടും അല്ലാതെയും സഹായിക്കാറുണ്ട്. ആരെയാണോ സഹായിക്കേണ്ടത് അവരെ നമ്മളിലേക്ക് കൊണ്ടുവരിക എന്നതാണ് തന്റെ പക്ഷമെന്ന് അദ്ദേഹം പറയുന്നു. കേരളത്തിലും മറ്റ് സ്ഥലങ്ങളിലുമുള്ള നേഴ്സിംഗ് വിദ്യാർത്ഥികൾ, സ്നോയിൽ അകപ്പെട്ട ചില കുടുംബങ്ങൾ ഒക്കെ ഷിജുവിന്റെ സഹായം ലഭിച്ചവരിൽ ഉൾപ്പെടുന്നു.

കാൻസർ, കിഡ്നി രോഗികൾ എന്നിവരെയും മറ്റു ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സഹായം ആവശ്യമുള്ള മനുഷ്യരെയും അദ്ദേഹം ചേർത്ത് പിടിക്കാൻ ശ്രമിക്കാറുണ്ട്. മറ്റുള്ള പല സന്ദർഭങ്ങളിലും മരണവീടുകളിൽ വേണ്ട സഹായങ്ങൾ ചെയ്യുന്നത് ഇപ്പോഴും തുടരുന്നു. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്ന ആശയവും, നന്ദി എന്ന വാക്ക് ഒരു സഹായങ്ങൾക്കും പകരമായി സ്വീകരിക്കാതെ നന്ദി ദൈവത്തിനുള്ളതാണ്. Thank You അല്ല Thank You Lord ആണ് യഥാർത്ഥത്തിൽ അറിയിക്കുന്നതെന്നും വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

ഡാളസ് കേരളാ അസോസിയേഷൻ സെക്രട്ടറി പദവി മുതൽ നിരവധി പദവികൾ അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യൻ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ ഡാളസിന്റെ നിലവിലെ പ്രസിഡന്റാണ് ഷിജു ഏബ്രഹാം ഇപ്പോൾ. 4 ഏക്കർ സ്ഥലത്ത് 8000 സ്ക്വയർ ഫീറ്റ് ബിൽഡിംഗ് കേരളാ അസ്സോസിയേഷന് സ്വന്തമായിട്ടുണ്ട്. 10000-ത്തോളം മലയാളം ബുക്കുകൾ ഉള്ള ലൈബ്രറി അടങ്ങുന്നതാണ് ഈ കെട്ടിടം. 200 പേർ ചേർന്ന് വാങ്ങിയ ഒരു വലിയ സ്ഥാപനമാണിത്. ഇന്ത്യൻ സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം. 2003 മുതൽ ഷിജു ഏബ്രഹാം ഫിനാൻഷ്യൽ സർവീസ് രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഒന്നിന് വേണ്ടിയും ഒരു വ്യക്തിയേയും ക്യാൻവാസ് ചെയ്യാറില്ല എന്നതാണ് ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ മേന്മ.

ഡാളസ് സെന്റ് തോമസ് ക്നാനായ പള്ളിയിൽ വിവിധ പ്രവർത്തനങ്ങൾക്കൊപ്പം ഷിജു ഏബ്രഹാം ഒപ്പമുണ്ട്. ജീവിതം തന്ന അവസരങ്ങളിൽ മറ്റുള്ളവർക്ക് തണലാവുക എന്നത് ഏറെ വാഴ്ത്തപ്പെടേണ്ട ഒരു കാര്യമാണല്ലോ. എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പ് സെക്രട്ടറി തുടങ്ങി നിരവധി ആത്മീയ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നുണ്ട്. ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ, ഡാളസിലുള്ള മറ്റെല്ലാ സംഘടനകളുമായും നല്ല ബന്ധം തന്നെയാണ് അദ്ദേഹം പുലർത്തുന്നത്.

## കുടുംബമാണ് കടൽ

കുടുംബത്തിന്റെ സപ്പോർട്ട് ദൈവത്തിന്റെ പിന്തുണ പോലെയാണെന്ന് ഷിജു ഏബ്രഹാം വിശ്വസിക്കുന്നു. ദൈവത്തെ മറന്ന് ഒന്നും ചെയ്യരുതെന്നാണ് ഭാര്യയോടും, മക്കളോടും അദ്ദേഹം പറയുന്നത്. ദൈവഹിതമല്ലാത്ത ഒരു കാര്യവും അദ്ദേഹമോ അദ്ദേഹത്തിന്റെ കുടുംബമോ ചെയ്യില്ല.

വീട്ടിൽ ഒരാൾക്ക് ജോലി മതി എന്ന് തീരുമാനിച്ചത് കൊണ്ടാണ് ഭാര്യ ജോലിക്ക് പോകാതിരിക്കുന്നതെന്ന് ഷിജു ഏബ്രഹാം പറയുന്നു. ചില ആഗ്രഹങ്ങളെ കുറച്ചാൽ ഭംഗിയായി കുടുംബത്തിന് മുന്നോട്ട് പോകാമെന്ന് തന്നെയാണ് അദ്ദേഹം ഇപ്പോഴും വിശ്വസിക്കുന്നത്.

സമാധാനമായി ജീവിക്കണം, സമാധാനം ഈശ്വരനിലൂടെ മാത്രമേ ലഭിക്കൂ. നമ്മുടെ ആത്മാവിനും സ്വത്വത്തിനും ഒന്നും സംഭവിക്കുന്നില്ല. ആത്മാവിന് ക്ഷതം ഏൽക്കുന്നതാണ് വിഷമത്തിന് കാരണം. അതില്ലാതാക്കാൻ ഈശ്വരന്റെ അനുഗ്രഹം വേണം', ഷിജു ഏബ്രഹാം പറയുന്നു

## ജീവിതത്തെ കുറിച്ചുള്ള ഷിജു ഏബ്രഹാമിന്റെ കാഴ്ചപ്പാട്

ലോകത്തിന്റെ മോഹങ്ങൾ ഒന്നും തന്നെ ബാധിക്കുന്നില്ല. ആമയുടെ ജീവിതം നോക്കു. പതുക്കെയാണ് നടപ്പ്- കാരണം പുറംതോടിന്റെ കനം. ഹെവി വെയിറ്റ്. ആമയ്ക്ക് ഷെൽ ആണ് ഏറ്റവും വലിയ സുരക്ഷ ഒരുക്കുന്നത്. അതിനുള്ളിലേക്ക് വലിഞ്ഞാൽ മറ്റൊന്നും അതിനെ ബാധിക്കുന്നില്ല- ദൈവത്തിന്റെ ഒരു ആവരണം നമുക്ക് ഉണ്ടായാൽ മറ്റൊന്നും പിന്നെ പ്രശ്നമല്ല.

ഷിജു ഏബ്രഹാം ഡാളസുകാർക്ക് പ്രിയങ്കരനാകുന്നത് അദ്ദേഹത്തിന്റെ ഈ ചിന്തകൾ കൊണ്ടാണ്. ഷിജു ഏബ്രഹാമിന്റെ സഹായമോ സഹകരണമോ ലഭിക്കാത്ത പ്രാർത്ഥനാലയങ്ങളോ സംഘടനകളോ ഡാളസിൽ ചുരുക്കം. ഒരിക്കൽ പരിചയപ്പെട്ടവർ പിന്നീടൊരിക്കലും മറന്നുപോകാത്ത സുഹൃത്ത്.. ഈ യാത്രയിൽ ഇനിയും ദൈവം തുണയാവട്ടെ.. പ്രാർത്ഥനകൾ..























© Kerala Express

# ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണാഘോഷം ആഗസ്റ്റ് 31-ന്

**ജീമോൻ ജോർജ്**

ഫിലാഡൽഫിയ: സാഹോദരീയ നഗരത്തിലെ ഇതര സാമൂഹിക സാംസ്കാരിക പ്രാദേശിക സംഘടനകളുടെ ഐക്യവേദിയായ ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ ആഭിമുഖ്യത്തിലുള്ള വമ്പിച്ച ഓണാഘോഷ മഹോത്സവം ആഗസ്റ്റ് 31-ന് ശനിയാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ രാത്രി 9 മണി വരെ സെ. തോമസ് സീറോമലബാർ കാത്തലിക് ദേവാലയത്തിന്റെ ആഡിറ്റോറിയത്തിൽ (608 Welsh Rd, Philadelphia, PA 19115) വെച്ച് വളരെ വിപുലമായിട്ട് നടത്തുന്നതാണ്.

പ്രവാസി മലയാളികളുടെ ഇടയിലെ ഏറ്റവും വലിയ ജനപ്രിയ ഓണാഘോഷങ്ങളിലൊന്നായ 'ആരവം 2024' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ ഓണാഘോഷ മഹോത്സവത്തിന്റെ കേളീകൊട്ടിനായിട്ടുള്ള അവസാനവട്ട ഒരുക്കങ്ങൾ പൂർത്തിയായി വരികയാണെന്നും ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ ഓണാഘോഷങ്ങൾ പരമ്പരാഗത രീതിയിൽ നിന്നും തികച്ചും വ്യത്യസ്തവും നൂതനവുമായിരിക്കുമെന്നും അഭിലാഷ് ജോൺ (ചെയർമാൻ, ട്രൈസ്റ്റേറ്റ് കേരള ഫോറം) അറിയിച്ചു.

തനി മലയാള തനിമയോടു കൂടിയ ഹരിത കേരളീയ പശ്ചാത്തലത്തിലുള്ള ഓണാഘോഷങ്ങളാണ് എക്കാലത്തും ട്രൈസ്റ്റേറ്റ് കേരള ഫോറം ജനങ്ങൾക്കായി ഒരുക്കുന്നതെന്നും ആയതിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളുടെയും സഹകരണം ആവശ്യമാണെന്നും ഫിലിപ്പോസ് ചെറിയാൻ (ട്രഷറർ, ട്രൈസ്റ്റേറ്റ് കേരള ഫോറം) പറയുകയുണ്ടായി.

ഭാവിതലമുറയിലൂടെ മലയാളത്തിന്റെ ചരിത്രപരമായ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ പരസ്പരം പങ്കുവെക്കുന്നതിനും കൈമാറുന്നതിനുമായിട്ടാണ് ഇതുപോലുള്ള ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നതെന്ന് ബിനു മാത്യു (ജനറൽ സെക്രട്ടറി, ട്രൈസ്റ്റേറ്റ് കേരള ഫോറം) അറിയിച്ചു.

വരും തലമുറയിലേക്ക് നാടിന്റെ ചരിത്രപരമായ പൈതൃകങ്ങൾ പങ്കുവെക്കുന്നതിനായിട്ട് സാമൂഹിക സാംസ്കാരിക വേദികളിലാണ് ഓണാഘോഷങ്ങൾ നടത്തേണ്ടതെന്ന് ജോബി ജോർജ് (ചെയർമാൻ, ഓണാഘോഷം) പറയുകയുണ്ടായി.

മലയാളികളുടെ ദേശീയോത്സവമായ ഓണാഘോഷത്തിന്റെ പവിത്രത ഒട്ടും നഷ്ടപ്പെടുത്താതെ പ്രവാസികളുടെ ഇടയിൽ ആഘോഷിച്ചുവരുന്ന ഓണാഘോഷത്തിൽ വിശിഷ്ടാതിഥികളെ ആനയിച്ചുകൊണ്ടുള്ള കേരളീയ സാംസ്കാരികത വിളിച്ചോതുന്ന ഘോഷയാത്ര, പൊതുസമ്മേളനം, ചെണ്ടമേളം, മാവേലി മന്നന്റെ എഴുന്നള്ളത്ത്, മെഗാതിരുവാതിര, അത്തപ്പൂക്കളം, അവാർഡ് ദാനങ്ങൾ, വിഭവസമൃദ്ധമായ ഓണസദ്യ, കർഷകരത്നം അവാർഡ് ദാനം, മലയാളിമങ്ക-മന്നൻ മത്സരം, ഓട്ടംതുള്ളൽ, കഥകളി, പുലികളി, മോഹിനിയാട്ടം, വിവിധ നൃത്തവിദ്യാലയങ്ങളുടെ നൃത്തങ്ങൾ, സംഗീതസാന്ദ്രമായ ഗാനമേള തുടങ്ങി നിരവധി വ്യത്യസ്തങ്ങളായ കലാപരിപാടികൾ ഒരുക്കിയിട്ടുള്ളതായി വിൻസന്റ് ഇമ്മാനുവേൽ (പ്രോഗ്രാം കോ-ഓർഡിനേറ്റർ) അറിയിക്കുകയുണ്ടായി.

അലക്സ് തോമസ്, ജോർജ് ഓലിക്കൽ, സാജൻ വർഗീസ്, സുധാ കർത്താ, സുരേഷ് നായർ, ജോൺ പണിക്കർ, രാജൻ സാമുവേൽ, റോണി വർഗീസ്, കുര്യൻ രാജൻ, ജോർജ് നടവയൽ, സുമോദ് നെല്ലിക്കാല, ജോസഫ് മാണി, ജോർജുകുട്ടി ലൂക്കോസ്, ശോശാമ്മ ചെറിയാൻ, ബ്രിജിറ്റ് വിൻസന്റ്, ആശാ അഗസ്റ്റിൻ, സെലിൻ ഓലിക്കൽ, അരുൺ കോവാട്ട്, സാറാ ഐപ്പ്, അലക്സ് ബാബു, ജോർജി കടവിൽ, പി.കെ. സോമരാജൻ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ ഓണാഘോഷ മഹോത്സവത്തിന്റെ വൻ വിജയത്തിനായിട്ടുള്ള വിപുലമായ ക്രമീകരണങ്ങൾ നടത്തിവരുന്നതായി ട്രൈസ്റ്റേറ്റ് കേരള ഫോറമിന്റെ പത്രക്കുറിപ്പിൽ അറിയിക്കുകയുണ്ടായി.



അഭിലാഷ് ജോൺ
ചെയർമാൻ



ബിനു മാത്യു
ജനറൽ സെക്രട്ടറി



ഫിലിപ്പോസ് ചെറിയാൻ
ട്രഷറർ



ജോബി ജോർജ്
ഓണം ചെയർമാൻ



വിൻസന്റ് ഇമ്മാനുവേൽ
പ്രോഗ്രാം കോ-ഓർഡിനേറ്റർ

# യൂക്കരിസ്റ്റിക് കോൺഫറൻസിൽ ക്നാനായ തരംഗമായി ബെൻസൻവിൽ യുവജനങ്ങൾ




**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ യുവജനങ്ങൾ അവതരിപ്പിച്ച മാർഗ്ഗംകളി യൂക്കരിസ്റ്റിക് കോൺഫറൻസിനു മുന്നോടിയായി ഇൻഡ്യാനാപോളിസിൽ നടന്ന ഏഷ്യൻ ആൻഡ് പസഫിക് ഐലൻഡ് നാഷണൽ എൻകൗണ്ടറിൽ തരംഗമായി മാറി. ഇൻഡ്യാനാപോളിസിൽ നടക്കുന്ന പത്താമത് യൂക്കരിസ്റ്റിക് കോൺഫറൻസിന് മുന്നോടിയായി നടന്ന ചടങ്ങിലാണ് ഈ അസുലഭ ഭാഗ്യം ബെൻസൻവിൽ ക്നാനായ ഇടവകയിലെ യുവജനങ്ങൾക്ക് ലഭിച്ചത്. ആയിരങ്ങൾ പങ്കെടുത്ത സദസ്സിനുമുന്നിൽ ക്നാനായ തനിമ വിളിച്ചോതാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് യുവജനങ്ങൾ. അലീന ആറുപറയിൽ, നയന ചകിരിയാംതടത്തിൽ, ഹാന ചേലയ്ക്കൽ, സന കളരിക്കപറമ്പിൽ, സാറാ കളരിക്കപറമ്പിൽ, സാറാ മുളയാനിക്കുന്നേൽ, അഞ്ജലി മുത്തോലം, ക്രിസ്റ്റീന മുത്തോലം, ആൻഡ്രിയ നന്തികാട്ട്, അർച്ചന നന്തികാട്ട്, ബ്ലെസ്സി പണയപ്പറമ്പിൽ, അലക്സിസ് പുത്തൻപുരയിൽ എന്നിവരാണ് മാർഗംകളി അവതരിപ്പിച്ചത്.

# അന്താരാഷ്ട്ര വടംവലി മത്സരത്തിന് പ്രമോഷനും എക്സിബിഷനും

**സിജു ചെരുവൻകാലയിൽ**

ന്യൂയോർക്ക്: ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 17-ന് നടക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരത്തിന് പ്രമോഷനും എക്സിബിഷനും നടത്തപ്പെട്ടു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അതുപോലെ അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുമുള്ള മികവുറ്റ ടീമുകളാണ് ഈ അന്താരാഷ്ട്ര കായികമേളയിൽ പങ്കെടുക്കാൻ പോകുന്നത്. ചരിത്രത്തിൽ ആദ്യമായിട്ടാണ്.

ഒരു വടംവലി മത്സരത്തിന് പ്രമോഷനും എക്സിബിഷനും ന്യൂയോർക്ക് ടൈം സ്ക്വയറിൽ വെച്ച് നടത്തപ്പെട്ടത്.





# സീറോമലബാർ ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു

ഫിലാഡൽഫിയ: ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയുടെ ആസ്ഥാന ദേവാലയമായ മാർ തോമ്മാശ്ലീഹാ കത്തീഡ്രലിൽ ജൂലൈ 14 -ന് ഞായറാഴ്ച സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ദേശീയ തലത്തിൽ ഫിലാഡൽഫിയായിൽ നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ കിക്കോഫ് നടത്തി.

**ജോസ് മാളേയ്ക്കൽ**

ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത്, കത്തീഡ്രൽ വികാരി വെരി റവ.ഫാ. തോമസ് കടുകപ്പിള്ളിൽ, രൂപതാ വൈസ് ചാൻസലർ റവ.ഫാ. ജോൺസൺ, റവ.ഫാ. യൂജീൻ, ഫാമിലി കോൺഫറൻസ് ചെയർപേഴ്സൺ ജോർജ് മാത്യു, എസ്.എം.സി.സി നാഷണൽ സെക്രട്ടറി/ജൂബിലി കമ്മിറ്റി കോ-ചെയർപേഴ്സൺ മേഴ്സി കുര്യാക്കോസ്, ചിക്കാഗോ ചാപ്റ്റർ ഭാരവാഹികളായ സെബാസ്റ്റ്യൻ എമ്മാനുവേൽ, ജോസഫ് ജോസഫ്, കത്തീഡ്രൽ പള്ളി കൈക്കാരന്മാരായ ബിജി മാണി, ബോബി ചിറയിൽ, സന്തോഷ് കാട്ടൂക്കാരൻ, വിവീഷ് ജേക്കബ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ട് ഞായറാഴ്ച രാവിലെ ദിവ്യബലിക്കു ശേഷം ഫാമിലി കോൺഫറൻസ് നാഷണൽ കോ-ഓർഡിനേറ്റർ ജോൺസൺ കണ്ണൂക്കാടനിൽ നിന്നും ആദ്യരജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.

എസ്.എം.സി.സി മുൻ നാഷണൽ പ്രസിഡണ്ട് ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ഷാബു മാത്യു, ബിജി വർഗീസ്, നീനു പ്രതീഷ്, ജോസഫ് നഴിയമ്പാറ, ഷിബു അഗസ്റ്റിൻ, കുര്യാക്കോസ് തുണ്ടിപറമ്പിൽ, ഷാജി ജോസഫ്, സണ്ണി വള്ളിക്കളം, ആഗ്നസ് തെങ്ങുംമൂട്ടിൽ എന്നിവരും രജിസ്ട്രേഷൻ കിക്കോഫ് ചടങ്ങിൽ പങ്കെടുത്തു. അൽഫോൻസാ ഹാളിലായിരുന്നു ചടങ്ങുകൾ ക്രമീകരിച്ചിരുന്നത്.



ബിഷപ് മാർ ജോയി ആലപ്പാട്ട് തന്റെ ആമുഖപ്രസംഗത്തിൽ രൂപതയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ഫിലാഡൽഫിയായിൽ 1999-ൽ നടന്ന ആദ്യ സീറോമലബാർ നാഷണൽ കൺവൻഷൻ എങ്ങനെ സഹായകമായി എന്നും രൂപതയുടെ വളർച്ചയ്ക്കു എസ്.എം.സി.സി നല്കിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങളും അനുസ്മരിച്ചു. മാർ ജേക്കബ് അങ്ങാടിയത്ത് ഫാമിലി കോൺഫറൻസിന് എല്ലാവിധ ആശംസകളും അർപ്പിച്ചു. ചെയർപേഴ്സൺ ജോർജ് മാത്യു തന്റെ പ്രസംഗത്തിൽ രൂപതയിലെ എല്ലാ സീറോമലബാർ വിശ്വാസികളെയും കുടുംബമേളയിലേക്ക് സ്വാഗതം ചെയ്യുകയും എല്ലാവരും നേരത്തെ തന്നെ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. മേഴ്സി കുര്യാക്കോസ് എല്ലാവരെയും സദസ്സിനു പരിചയപ്പെടുത്തി. ജോൺസൺ കണ്ണൂക്കാടൻ എംസിയായി. ചാപ്റ്റർ സെക്രട്ടറി സെബാസ്റ്റ്യൻ എമ്മാനുവേൽ നന്ദി പ്രകാശിപ്പിച്ചു. കോവിഡ് മഹാമാരിക്കുശേഷം രൂപതയുടെ നേതൃത്വത്തിൽ എല്ലാ സീറോമലബാർ ഇടവകകളുടെയും മിഷനുകളുടെയും സഹകരണത്തോടെ ഫിലാഡൽഫിയായിൽ നടത്തപ്പെടുന്ന ഈ ദേശീയ കുടുംബസംഗമം അമേരിക്കയിലെ നസ്രാണി കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും. സീറോമലബാർ ദേശീയ കുടുംബസംഗമത്തിനും എസ്.എം.സി.സി രജതജൂബിലി ആഘോഷങ്ങൾക്കും സഭാ പിതാക്കന്മാരും വൈദികരും സന്യസ്തരും അത്മായനേതാക്കളും അമേരിക്കയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും.

മൂന്നു ദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാ ദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം, മിസ് സീറോമലബാർ മത്സരം, ക്വയർ ഫെസ്റ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണി തനിമയുള്ള പൈതൃക ഘോഷയാത്ര, ബൈബിൾ സ്കിറ്റ്, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ/ചർച്ചാസമ്മേളനങ്ങൾ, വിവാഹജീവിതത്തിന്റെ 25/50 വർഷങ്ങൾ ആഘോഷിക്കുന്ന ജൂബിലി ദമ്പതിമാരെ ആദരിക്കൽ, മതാദ്ധ്യാപക സംഗമം, ബാങ്ക്വറ്റ്, വോളിബോൾ ടൂർണമെന്റ്, ഫിലാഡൽഫിയ സിറ്റി ടൂർ എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

സീറോമലബാർ കുടുംബസംഗമത്തിന്റെ നടത്തിപ്പിനായി ദേശീയ തലത്തിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യരക്ഷാധികാരിയും എസ്.എം.സി.സി നാഷണൽ സ്പിരിചൽ ഡയറക്ടർ റവ.ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവകവികാരി റവ.ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും ജോർജ് മാത്യു സിപിഎ (ചെയർപേഴ്സൺ), ഡോ. ജെയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ് (കോ-ചെയർപേഴ്സൺസ്), ജോസ് മാളേക്കൽ (ജനറൽ സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), നാഷണൽ കോ-ഓർഡിനേറ്റർമാരായ ജോജോ കോട്ടൂർ, ജോൺസൺ കണ്ണൂക്കാടൻ എന്നിവരും വിവിധ സബ്കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടെയുള്ള സിൽവർ ജൂബിലി കമ്മിറ്റി എസ്.എം.സി.സി നാഷണൽ പ്രസിഡണ്ട് സിജിൽ പാലക്കലോടി, ജനറൽ സെക്രട്ടറി മേഴ്സി കുര്യാക്കോസ്, ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവർ നേതൃത്വം നല്കുന്ന നാഷണൽ കമ്മിറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.

മൂന്നു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരാൾക്ക് ഭക്ഷണം ഉൾപ്പെടെ 150 ഡോളറും നാലു പേരടങ്ങിയ ഫാമിലിക്ക് 500 ഡോളറുമാണ് രജിസ്ട്രേഷൻ ഫീസ്. ദൂരസ്ഥലങ്ങളിൽ നിന്നെത്തുന്നവർക്ക് താമസത്തിന് സമീപസ്ഥലങ്ങളായ ഹോട്ടലുകൾ കൂടാതെ ആതിഥേയ കുടുംബങ്ങളെ ക്രമീകരിക്കുന്നതിനും സംഘാടകർ ശ്രമിക്കുന്നു. കോൺഫറൻസിന് രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓൺലൈൻ വഴിയുള്ള രജിസ്ട്രേഷനാണ് ഏറ്റവും സ്വീകാര്യം. കോൺഫറൻസ് സംബന്ധിച്ച എല്ലാ വിവരങ്ങളും ജൂബിലി വെബ്സൈറ്റിൽ ലഭ്യമാണ് വെബ്സൈറ്റ്: www.smccjubilee.org

സോമർസെറ്റ് സെ. തോമസ്, ന്യൂയോർക്ക് ബ്രോങ്ക്സ് ദേവാലയങ്ങളിൽ ഇതിനോടകം നടന്ന കിക്കോഫുകളിൽ ധാരാളം കുടുംബങ്ങൾ ബുക്കുചെയ്തു കഴിഞ്ഞു. സീറ്റുകൾ പരിമിതമായതിനാൽ താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തീയതി: ഓഗസ്റ്റ് 31.



# ഫൈൻ ആർട്സിന് പുതിയ ഭരണസമിതി

ജോർജ് തുമ്പയിൽ

ന്യൂജേഴ്സി: അമേരിക്കയിലെ കലാരംഗത്ത് നിറസാന്നിധ്യമായി മലയാളി മനസുകൾ കീഴടക്കിയ ഫൈൻ ആർട്സ് മലയാളം ക്ലബ് 23 വർഷങ്ങൾ പൂർത്തിയായി.



പുതിയ വർഷത്തെ ഭാരവാഹികളായി പേട്രൺ പി.ടി. ചാക്കോ (മലേഷ്യ)യും ചെയർമാൻ ജോർജ് തുമ്പയിലും തുടരും. പ്രസിഡണ്ടായി ജോൺ (ക്രിസ്റ്റി) സഖറിയ, സെക്രട്ടറി ആയി റോയി മാത്യു, ട്രഷറാർ ആയി എഡിസൺ ഏബ്രഹാം എന്നിവരും കമ്മിറ്റി അംഗങ്ങളായി റെഞ്ചി കൊച്ചുമ്മൻ, ഷൈനി ഏബ്രഹാം, ടീനോ തോമസ്, ഓഡിറ്റർ ആയി ജിജി ഏബ്രഹാം എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

2024 വർഷത്തെ ഏറ്റവും പുതിയ നാടകം 'ബോധിവൃക്ഷത്തണലിൽ' നവംബർ രണ്ടിന് ശനിയാഴ്ച ടീനെക്കിൽ അരങ്ങേറും. റ്റാഫ്റ്റ് റോഡിലെ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ മിഡിൽ സ്കൂളിലാണ് നാടകം.

ആയുസിനും പുസ്തകത്താളുകളിലൂടെ കടന്നുപോകുന്ന ജനനത്തിനും മരണത്തിനും ഇടയിലുള്ള കാലത്തെ, നമ്മൾ ജീവിതമെന്ന് വിളിക്കുന്നു. ആകസ്മികത നിറഞ്ഞതാണ് ജീവിതം. ആ ജീവിതത്തിന്റെ സമസ്യകളെ പൂരിപ്പിക്കുക ഒരു സാധാരണ ജീവിതം കൊണ്ട് അസാധ്യമാണ്. ജീവിത സായാഹ്നത്തിൽ എല്ലാം നഷ്ടപ്പെട്ട് ഒരു പദവിയിലും ആരും ഉൾക്കൊള്ളാതാകുന്ന ചില ജീവിതങ്ങളുടെ നേർക്കാഴ്ചയാണ് 'ബോധിവൃക്ഷത്തണൽ'.

റോയി മാത്യു, സജിനി സഖറിയാ, സണ്ണി റാന്നി, ഷൈനി ഏബ്രഹാം, ഷിബു ഫിലിപ്, റിജോ എരുമേലി, ജോർജി സാമുവേൽ എന്നിവർ രംഗത്ത് എത്തുന്നു. സംവിധാനം - റെഞ്ചി കൊച്ചുമ്മൻ.

2001 ഫെബ്രുവരിയിലാണ് പദ്മവിഭൂഷൺ ഡോ. കെ.ജെ. യേശുദാസ് ഭദ്രദീപം കൊളുത്തി, പുതിയൊരു സാംസ്കാരിക അധ്യായത്തിന് തുടക്കമിട്ടത്.

മലയാളത്തിന്റെ ചൂടും ചൂരുമുള്ള കലാരൂപങ്ങൾ വ്യത്യസ്തതയോടുകൂടി, ചിട്ടയായി, സമയക്ലിപ്തത പാലിച്ച് അമേരിക്കൻ മലയാളികൾക്ക് പ്രത്യേകിച്ചും ലോക മലയാളികൾക്കും പ്രാപ്യമായി കാഴ്ചവെച്ചുകൊണ്ട് 23 വർഷങ്ങളും എല്ലാവരുടെയും മനസ്സിൽ ലബ്ധപ്രതിഷ്ഠ നേടുകയായിരുന്നു ഫൈൻ ആർട്സ് മലയാളം ക്ലബ്.

നാടകം, നൃത്തം ചരിത്രാവിഷ്കാരം, ഡാൻസ് ഡ്രാമകൾ തുടങ്ങി വിവിധ കലാരൂപങ്ങൾ ആസ്വാദകസമക്ഷം സമർപ്പിച്ച ക്ലബിന് സ്വന്തമായി രംഗപടങ്ങൾ (ഇപ്പോൾ വീഡിയോ വോളും) ലൈറ്റിങ്, മേക്കപ്പ് സാമഗ്രികൾ തുടങ്ങിയവയും ഉണ്ട്. അമേരിക്ക, കാനഡ, മലേഷ്യ എന്നിവിടങ്ങളിലായി അൻപതിലധികം കലാരൂപങ്ങൾ അരങ്ങേറിയിട്ടുമുണ്ട്. ഫൈൻ ആർട്സിന്റെ 27-ാമത് നാടകമാണിത്. വിവിധ ധനശേഖരണ പരിപാടികളിലായി ആറ് ലക്ഷത്തിലധികം ഡോളർ സംഘടകർക്ക് നേടിക്കൊടുക്കുന്നതിനും ഫൈൻ ആർട്സ് ചാലകശക്തിയായി.




പി.ടി. ചാക്കോ (മലേഷ്യ) യുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയമാണ് പിന്നീട് ഫൈൻ ആർട്സ് മലയാളം ക്ലബായി പരിണമിച്ചത്.

ഈ നാടകം നടത്താനാഗ്രഹിക്കുന്ന കലാപ്രസ്ഥാനങ്ങളോ സംഘടനകളോ താഴെപ്പറയുന്നവരുമായി ബന്ധപ്പെടുക.

ജോൺ (ക്രിസ്റ്റി) സഖറിയ (908) 883-1129

എഡിസൺ ഏബ്രഹാം (862) 485-0160

റോയി മാത്യു (201) 214-2841

റെഞ്ചി കൊച്ചുമ്മൻ (201) 926-7070

# സാമ്പത്തികബാധ്യത: ഐസക്കിനെതിരെ മന്ത്രി ബാലഗോപാൽ

തിരുവനന്തപുരം: ധനവകുപ്പ് ആവശ്യത്തിനു പണം വകുപ്പുകൾക്കു നൽകുന്നില്ലെന്നു പാർട്ടി യോഗങ്ങൾക്കുള്ളിലടക്കം ഉയർന്ന വിമർശനങ്ങൾക്കു തിരിച്ചടിയായി തോമസ് ഐസക്കിന്റെ കാലത്തെ ചെലവിന്റെയും ഈ സർക്കാരിന്റെ കാലത്തെ ചെലവിന്റെയും താരതമ്യ കണക്കുമായി മന്ത്രി കെ. എൻ. ബാലഗോപാൽ. രണ്ടാം പിണറായി സർക്കാർ ചുമതലയേറ്റ ശേഷം ചെലവുകളെല്ലാം കുറച്ചെന്നും ഒന്നും നൽകുന്നില്ലെന്നുമുള്ള ചിലരുടെ ആരോപണം അടിസ്ഥാനരഹിതമാണെന്ന് അദ്ദേഹം പറഞ്ഞു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തു പ്രതിവർഷം ശരാശരി 1.20 ലക്ഷം കോടിയായിരുന്നു ചെലവ്. എന്നാൽ, കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി പ്രതിവർഷ ചെലവ് 1.60 ലക്ഷം കോടിയായി ഉയർന്നു.

കേന്ദ്രത്തിൽനിന്നുള്ള വരുമാനം പ്രതിവർഷം 57,000 കോടി രൂപ കുറഞ്ഞിട്ടുപോലും ചെലവിൽ 40,000 കോടി രൂപയുടെ വർധനയാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായത്. ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലത്തു നടപ്പാക്കിയ ശമ്പള, പെൻഷൻ പരിഷ്കരണത്തിന്റെ ബാധ്യത മുഴുവൻ ഈ സർക്കാർ ഏറ്റെടുത്തു. കോവിഡ് കാലത്ത് ശമ്പള, പെൻഷൻ പരിഷ്കരണം നടപ്പാക്കിയ അപൂർവം സംസ്ഥാനങ്ങളിലൊന്നാണു കേരളം.


ഒന്നാം പിണറായി സർക്കാരിന്റെ ക്ഷാമബത്ത കുടിശിക (2017 മുതൽ 2021 വരെ) ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തത് ഈ സർക്കാർ വന്ന ശേഷമാണ്. ഇതു സർക്കാരിന്റെ ബാധ്യതയായി കണക്കാക്കിയ കേന്ദ്ര സർക്കാർ കടമെടുക്കാവുന്ന തുക വെട്ടിക്കുറച്ചു.

സർവീസ് പെൻഷൻ പരിഷ്കരണ കുടിശികയും വർധിപ്പിച്ച സാമൂഹിക സുരക്ഷാ പെൻഷനും ഈ സർക്കാരാണു നൽകിയത്. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന കിഫ്ബി ഇതുവരെ 30,000 കോടിയിലധികം രൂപയാണു ചെലവഴിച്ചത്. ഇതിൽ 20,000 കോടിയും ഈ സർക്കാരാണു ചെലവാക്കിയത്. സാമൂഹിക സുരക്ഷ പെൻഷനായി 8,000 കോടി രൂപ ഉമ്മൻ ചാണ്ടി സർക്കാരും 32,000 കോടി രൂപ കഴിഞ്ഞ സർക്കാരും നൽകി. ഈ സർക്കാർ മൂന്ന് വർഷംകൊണ്ടു മാത്രം 27,000 കോടി നൽകി. കേന്ദ്രം ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമ്പോഴും ഈ ബാധ്യതകളും ഉത്തരവാദിത്തങ്ങളുമെല്ലാം ഏറ്റെടുത്താണു മുന്നോട്ടുപോകുന്നത് - വാർത്താ സമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

ആരോപണങ്ങളെ പ്രതിരോധിക്കാൻ പൊതുവേ യുഡിഎഫ് കാലത്തെ കണക്കുകളാണു മന്ത്രി കെ.എൻ. ബാലഗോപാൽ മുൻപു നിരത്തിയിരുന്നത്. എന്നാൽ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ അപേക്ഷിച്ചു ധനവകുപ്പിന്റെ പ്രവർത്തനം മെച്ചമല്ലെന്ന തരത്തിൽ വിമർശനം ആവർത്തിക്കുന്നതിനാലാണ് ഐസക്കിന്റെ കാലത്തെ കണക്കുമായി മന്ത്രി എത്തിയതെന്നാണു സൂചന.

# ഉമ്മൻ ചാണ്ടി പുരസ്കാരം മൻമോഹൻ സിംഗിനും രാഹുൽ ഗാന്ധിക്കും

കൊച്ചി: പൊതുരംഗത്തെ പ്രവർത്തനത്തിന് യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി ഉമ്മൻ ചാണ്ടിയുടെ പേരിൽ ഏർപ്പെടുത്തിയ രണ്ടു ലക്ഷം രൂപയുടെ പുരസ്കാരം മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനു നല്കും. ധനമന്ത്രിയെന്ന നിലയിലും പ്രധാനമന്ത്രിയെന്ന നിലയിലുമുള്ള പ്രവർത്തനം പരിഗണിച്ചാണിതെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിൽ അറിയിച്ചു. പുരസ്കാരം മൻമോഹൻ സിങ്ങിന്റെ ഡൽഹിയിലെ വീട്ടിലെത്തി സമ്മാനിക്കും.





അതേസമയം ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻ ചാണ്ടി പൊതുപ്രവർത്തക പുരസ്കാരം (ഒരു ലക്ഷം രൂപ) ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിക്ക് സമ്മാനിക്കും. ഭാരത് ജോഡോ യാത്ര വഴി ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തതു പരിഗണിച്ചാണ് ഈ പുരസ്കാരം.

## ലോക ബാങ്കിന്റെ മുൻനിര തുറമുഖ പട്ടികയിൽ കൊച്ചിയും

മട്ടാഞ്ചേരി: ലോകബാങ്കിന്റെ മികച്ച മുൻനിര റാങ്കിങ് തുറമുഖങ്ങളിൽ കൊച്ചി തുറമുഖ ട്രസ്റ്റ് അതോറിറ്റിയും. ആഗോള തലത്തിൽ കണ്ടെയ്നർ പോർട്ട് പെർഫോമൻസ് ഇൻഡക്സി (സിപിപിഐ) ന്റെ മികച്ച നൂറ് തുറമുഖ പട്ടികയിലാണ് കൊച്ചി തുറമുഖ ട്രസ്റ്റ് കടന്നെത്തിയത്. ഇന്ത്യയിലെ മൂന്ന് പൊതുമേഖലാ തുറമുഖങ്ങളടക്കം 9 തുറമുഖങ്ങൾ പട്ടികയിലിടം നേടിയിട്ടുണ്ട്. ലോകബാങ്കും, എസ് & പി ഗ്ലോബൽ മാർക്കറ്റ് ഇന്റലിജൻസും ചേർന്നാണ് സിപിപിഐ പട്ടിക തയാറാക്കിയത്. പ്രതിരോധശേഷി, കാര്യക്ഷമത, മൊത്തത്തിലുള്ള പ്രകടനം, വികസന പദ്ധതികൾ എന്നിവയടക്കമുള്ളവ റാങ്കിങ് പട്ടികയിൽ നൂറിൽ 63-ാം റാങ്കാണ് (5-ാമത്) കൊച്ചി തുറമുഖ ട്രസ്റ്റ് നേടിയത്. വിശാഖപട്ടണം തുറമുഖമാണ് ഇന്ത്യൻ തുറമുഖങ്ങളിൽ മികച്ച റാങ്കിങ് നേടിയത്.

## ഇന്ത്യയെ ഇലക്ട്രോണിക് പവർ ഹൗസാക്കാൻ പദ്ധതിയുമായി നീതി ആയോഗ്

ന്യൂഡൽഹി: 2030-ൽ ഇന്ത്യയ്ക്ക് 50,000 കോടി ഡോളറിന്റെ ഇലക്ട്രോണിക്സ് ഉൽപാദനം നടത്താനും അതുവഴി 60 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് നീതി ആയോഗിന്റെ റിപ്പോർട്ട്. ഇതിന് സർക്കാരിന്റെ നയപരമായ പിന്തുണ ആവശ്യമാണ്. 35,000 കോടി ഡോളർ ഉൽപന്നങ്ങളുടെ നിർമാണം വഴി കൈവരിക്കാം. ബാക്കി 15,000 കോടി ഇലക്ട്രോണിക് ഘടകങ്ങളുടെ ഉൽപാദനം വഴിയാണ്. ഉൽപന്നങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്ന 35,000 കോടി ഡോളറിന്റെ 35 ശതമാനം വരെ വെയറബിൾ/ഹിയറബിൾ ഡിവൈസുകൾ വഴിയും 25 മുതൽ 30 ശതമാനം മൊബൈൽ ഫോൺ നിർമാണത്തിലൂടെയായിരിക്കുമെന്നും റിപ്പോർട്ട് പറയുന്നു. ലോകമാകെയുള്ള ഇലക്ട്രോണിക്സ് ഉൽപാദനത്തിന്റെ ഏകദേശം 60 ശതമാനവും കയ്യാളുന്നത് ചൈനയാണ്. രണ്ടാമതുള്ള തായ്‌വാൻ പോലും ഏഴ് ശതമാനമാണ്. ഇന്ത്യയുടെ വിഹിതം നിലവിൽ രണ്ട് ശതമാനം മാത്രമാണ്.

ഏകദേശം 10,100 കോടി ഡോളറിന്റെ ഇലക്ട്രോണിക്സ് ഉൽപാദനമാണ് ഇന്ത്യയിലുള്ളത്.

# സിറിയൻ ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ പാക്കിസ്ഥാനിൽ ശുദ്ധജല വിതരണ പദ്ധതിക്ക് തുടക്കമായി

ജോർജ് തുമ്പയിൽ

ഫിലാഡൽഫിയ: പാക്കിസ്ഥാനിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും നിരാലംബരുമായ സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ സമൂഹാംഗങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി അമേരിക്കയിൽനിന്നുള്ള ഫാ. ജോസഫ് വർഗീസിന്റെ സഹായത്തോടെ പാക്കിസ്ഥാൻ സിറിയൻ ഓർത്തഡോക്സ് ചർച്ച് നടപ്പാക്കുന്ന ശുദ്ധജല പദ്ധതിക്ക് തുടക്കമായി. പാക്കിസ്ഥാനിലെ ഗോണ്ടൽ ഫാം കോട്രി ഗ്രാമത്തിലുള്ള ഷെറ മസിഹിന്റെയും നസ്രീന്റെയും വീട്ടിൽ വാട്ടർപമ്പ് സ്ഥാപിച്ച് പദ്ധതിക്ക് തുടക്കമിട്ടതായി സിന്ധ് പ്രവിശ്യയിൽനിന്നുള്ള ഫാ. ഷാമൂൻ മാസിഹ് അറിയിച്ചു. പാക്കിസ്ഥാനിലെ ദരിദ്ര കുടുംബങ്ങളെ സഹായിക്കാനുള്ള ഈ പദ്ധതിക്ക് ഫാ. ജോസഫ് വർഗീസ് ആണ് സാമ്പത്തിക സഹായം നൽകുന്നത്.



ഏറ്റവും ദുർബലരും ദരിദ്രരുമായ 50 കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായുള്ള ഈ പദ്ധതിയിലേക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന ആർക്കും ഫാ. ജോസഫ് വർഗീസ് മുഖേന തങ്ങളെ പിന്തുണയ്ക്കാമെന്ന് ഫാ. ഷാമൂൻ മാസിഹ് അറിയിച്ചു. വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും പാവപ്പെട്ട കുട്ടികളെയും കുടുംബങ്ങളെയും സഹായിക്കാനും അവർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനും സംഭാവന നൽകാൻ ആഗ്രഹിക്കുന്ന ആർക്കും റവ. ജോസഫ് വർഗീസ് മുഖേന തങ്ങളെ പിന്തുണയ്ക്കാമെന്നും സുഹൃത്തുക്കളിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും പിന്തുണ പ്രതീക്ഷിക്കുന്നതായും ഫാ. ഷാമൂൻ മാസിഹ് കൂട്ടിച്ചേർത്തു. പ്രദേശത്തെ നിരവധി ആളുകൾ ശുദ്ധജല ദൗർലഭ്യവും ശുചിത്വമില്ലായ്മയും മൂലം കഷ്ടപ്പെടുന്നത് ഓരോ ദിവസവും ഇവിടെ ജീവനുകളെ അപകടത്തിലാക്കുന്നുവെന്ന് ഫാ. ഷാമൂൻ മാസിഹ് പറഞ്ഞു. സമീപത്തെ കനാലിൽനിന്നും നദിയിൽനിന്നുമുള്ള മലിനജലം മാരക രോഗങ്ങൾ പടർത്തുന്നതിലൂടെ ജീവനുകൾ നഷ്ടപ്പെടുന്നതിനും കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതിനും ഇടയാക്കുന്ന സാഹചര്യമാണുള്ളത്. ഓരോ വർഷവും 3.57 ദശലക്ഷം ആളുകൾ വെള്ളവുമായി ബന്ധപ്പെട്ട രോഗങ്ങൾ മൂലം മരിക്കുന്നു. പാക്കിസ്ഥാനിലേക്ക് അടുത്തിടെ നടത്തിയ മിഷൻ യാത്രയിൽ ശുദ്ധജല വിതരണത്തിന് സഹായം നൽകുമെന്ന് സിറിയൻ ഓർത്തഡോക്സ് സമൂഹത്തിന് ഉറപ്പുനൽകിയിരുന്നു. അടുത്തിടെ വിശ്വാസത്തിലേക്ക് വന്ന സിറിയൻ ഓർത്തഡോക്സ് കുടുംബങ്ങളെ സഹായിക്കുന്നതിനും അവരുടെ ജീവൻ രക്ഷിക്കാനുമുള്ള ശ്രമമെന്ന നിലയിൽ ഈ പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്.





കിണർ കുഴിക്കുന്നത് ശുദ്ധജലം ലഭ്യമാക്കുന്നതിനൊപ്പം ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നതിന് സഹായിക്കുന്നു. ഒരു അമ്മയ്ക്ക് തന്റെ കുട്ടികളെ ആരോഗ്യത്തോടെ വളർത്തുന്നതിനും ഒരു മകൾക്ക് മണിക്കൂറുകളോളം വെള്ളം ചുമന്നു കൊണ്ടുവരുന്ന ബുദ്ധിമുട്ട് ഒഴിവാക്കി സ്കൂളിൽ പോകുന്നതിനും മകന് ശോഭനമായ ഭാവി സ്വപ്നം കാണുന്നതിനും സ്വാതന്ത്ര്യം നൽകുന്നു. ഈ പ്രദേശത്തെ സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ സമൂഹാംഗങ്ങൾക്ക് ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഫാ. ഷാമൂൻ മാസിഹ് ഏവരുടെയും സഹായം അഭ്യർത്ഥിച്ചു.



മതങ്ങൾ തമ്മിലും വ്യത്യസ്ത മതപാരമ്പര്യങ്ങൾക്കിടയിലും വ്യക്തിപരമായും സ്ഥാപനപരവുമായ തലങ്ങളിൽ ദേശീയ, അന്തർദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ഫാ. ജോസഫ് വർഗീസ് അമേരിക്കൻ മലയാളികൾക്കിടയിലെ വ്യത്യസ്ത മുഖമാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ഇടവക വികാരി. ഭാര്യ: ജെസി വർഗീസ്. മക്കൾ: യൂജിൻ വർഗീസ്, ഈവാ സൂസൻ വർഗീസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിൽ (IRFT) അംഗവും ഹോളി സോഫിയാ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ അഡ്ജക്ട് പ്രൊഫസറുമാണ് അച്ചൻ.



# അമേരിക്കൻ മലയാളികളുടെ ആഘോഷങ്ങളും സമ്മേളനങ്ങളും

കോര ചെറിയാൻ

ഫിലാഡൽഫിയ: അരശതാബ്ദമായി അമേരിയ്ക്കയിലേയ്ക്ക് കുടിയേറുന്ന മലയാളി സമൂഹത്തിന്റെ പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളും സംസ്ക്കാര പരിരക്ഷണവും പതിവിലും ഉപരിയായി പ്രതിവർഷം വർദ്ധിക്കുന്നു. സകല മലയാളി മനസ്ക്കരും കേരളത്തനിമയിലുള്ള ആചാരാലയങ്ങൾ പടുത്തുയർത്തി പതിവായി പങ്കെടുക്കുന്നു. മലയാളി പരിപാടികൾക്കും ആഘോഷങ്ങൾക്കും ആരാധനകൾക്കും എത്തിച്ചേരുന്നവരിലധികവും കേരള രീതിയിൽ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു.



നവയുഗത്തിൽ തിരുവോണം കേരളീയരുടെ മാത്രമായിട്ടുള്ള വിപുലമായ ചടങ്ങാണ്. കുലശേഖര പെരുമാളിന്റെ കാലഘട്ടമായ എ.ഡി. 800-ാം നൂറ്റാണ്ടിൽ ഒരുമാസം നീണ്ട ആഘോഷ പരിപാടികളോടുകൂടി തിരുവോണം ആരംഭിച്ചതായി ചരിത്രരേഖകളിൽ പറയുന്നു. ദ്രാവിഡൻ ആചാരവിചാരത്തിലൂടെയും ധർമ്മചിന്തയിലൂടെയും വിവിധ മതങ്ങളുടെ സ്വാധീനതകളിൽക്കൂടെയും കേരളസംസ്കാരം ഉടലെടുത്തതായി വൻവിഭാഗം വിശ്വസിക്കുന്നു.

തിരുവോണത്തിനൊപ്പം മലയാളികൾ മാത്രമായി ആഘോഷിയ്ക്കുന്ന വിഷു, തിരുവാതിര, തെയ്യം, ആറ്റുങ്കൽ പൊങ്കാല, മകര വിളക്ക്, അമ്പലപ്പുഴ ആറാട്ട്, ആറന്മുള ഉത്രട്ടാതി തുടങ്ങിയ സമൂഹമായും മേഖലാടിസ്ഥാനത്തിൽ പരിമിതിയില്ലാതെ ആഘോഷിക്കുന്ന അനേകം പരിപാടികൾ നിലവിലുണ്ട്. അമ്പല ഉത്സവങ്ങൾ, പള്ളിപെരുന്നാളുകൾ, മുസ്ലീം മതസ്ഥരുടെ റംസാൻ തുടങ്ങിയ വിവിധ മതങ്ങളുടെ ആഘോഷങ്ങൾ കേരളീയരുടെ മതാചാരങ്ങളിലും ഉപരിയായി ഐക്യതയും പരസ്പര ധാരണയും സ്നേഹവും വർദ്ധിപ്പിക്കുന്നു. സ്വദേശത്തും വിദേശത്തുമുള്ള മലയാളികൾ വിപുലമായിട്ടും ചുരുക്കമായിട്ടും സമൂഹമായി കേരളീയ ആഘോഷങ്ങൾ നടത്തുവാനും സംബന്ധിക്കുവാനും തല്പരരാണ്.

അമേരിക്കയിലേക്ക് കുടിയേറിയ വിവിധ മതസ്ഥരായ വൻവിഭാഗം മലയാളികൾ ജാതിയ്ക്കും സഭകൾക്കും ഉത്തമമായ ആരാധനാലയങ്ങളിൽ അംഗത്വം സ്വീകരിക്കുന്നു. മുഖ്യമായും യുവതലമുറയുടെ സ്വഭാവ ഉദ്ധാരണത്തിനും ദുഷ്ചിന്ത വെടിഞ്ഞു സൽഗുണസമ്പന്നരാകണമെന്ന സദുദ്ദേശത്തോടെയാണ്. വൻ വിഭാഗം ക്രൈസ്തവരായ മലയാളികൾ വിവിധ സഭാനേതൃത്വത്തിൽ നടത്തുന്ന സെമിനാറുകളിൽ, മുഖ്യമായും മലയാളഭാഷയിലുള്ള പ്രഭാഷണങ്ങളും ക്ലാസ്സുകളും നടക്കുന്നതിനോടൊപ്പം അമേരിക്കൻ രണ്ടാം തലമുറയിലെ മലയാളിയുവജനങ്ങൾക്കുവേണ്ടി കൂട്ടിക്കലർത്തി ഇംഗ്ലീഷ് ഭാഷ വാക്കുകളും കൈകാര്യം ചെയ്യുന്നു.

ലാൻകാസ്റ്റർ പെൻസിൽവാനിയായിൽ 500-ലധികം മലയാളികൾ സംബന്ധിച്ച 4 ദിവസം നീണ്ട സെമിനാറിൽ യഥോചിതം മലയാള ഭാഷയും ഇംഗ്ലീഷും സന്ദർഭാനുസരണം വിനിയോഗിച്ചതിൽ അമേരിക്കയിൽ ജനിച്ചുവളർന്ന മലയാളി യുവതീയുവാക്കളും കുട്ടികളും അശേഷം പരിഭവം പ്രകടിപ്പിച്ചതായി സംഘാടകർ വെളിപ്പെടുത്തിയിട്ടില്ല.

90 ശതമാനം മലയാളി അമേരിക്കൻ കുടിയേറ്റക്കാരും സ്വന്തം വീട്ടിൽ മലയാളത്തിൽതന്നെ സംസാരിക്കുന്നതിനാൽ കുട്ടികളും മലയാള സംസാരങ്ങൾ മനസ്സിലാക്കുകയും സന്ദർഭോചിതമായി മലയാളത്തിൽതന്നെ സംസാരിക്കുകയും ചെയ്യുന്നു. കാത്തലിക്, ഓർത്തഡോക്സ്, മാർത്തോമ്മാ സഭാംഗങ്ങളും, സി.എസ്.ഐ വിഭാഗ



ലേഖകൻ

ക്കാരുമടക്കം വൻ വിഭാഗം മലയാളികൾ മാതൃഭാഷയിൽതന്നെ കൂടുതലായും ആരാധനകൾ അർപ്പിക്കുന്നതിനോടൊപ്പം, പെരുന്നാൾ, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളും തന്മയത്തമായി നടത്തുന്നു.

അമേരിക്കയിലേക്കു കുടിയേറ്റ നിയമാനുസരണം മലയാളികൾ തുടർച്ചയായി എത്തിച്ചേരുന്നതിനാൽ മലയാളഭാഷയ്ക്ക് മങ്ങലേൽക്കാതെ എല്ലായ്പ്പോഴും നിലനിൽക്കും.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.67 |
| യൂറോ | 91.09 |
| സ്റ്റെർലിംഗ്പൗണ്ട് | 108.17 |
| സ്വിസ് ഫ്രാങ്ക് | 94.23 |
| സിംഗപ്പൂർ ഡോളർ | 62.19 |
| കനേഡിയൻ ഡോളർ | 60.85 |
| ഒമാൻ റിയാൽ | 217.37 |
| ബഹ്റൈൻ ദിനാർ | 221.99 |
| സൗദി റിയാൽ | 22.30 |
| യു.എ.ഇ. ദിർഹം | 22.78 |
| കുവൈത്ത് ദിനാർ | 273.67 |

# എംഎജിസിയുടെ ഓണാഘോഷം ഓഗസ്റ്റ് 24-ന്

സുശീൽ വരയില്ലം

ചിക്കാഗോ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ (MAGC) യുടെ 2024 ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 24-ന് ശനിയാഴ്ച ലിബർട്ടിവിൽ ഹൈസ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. പാചക കുലപതി പഴയിടം മോഹനൻ നമ്പൂതിരി മുഖ്യാതിഥിയായി എത്തുന്ന ആഘോഷ പരിപാടികളിൽ അദ്ദേഹത്തിന്റെ രുചിവിസ്മയം ചിക്കാഗോ മലയാളികൾക്ക് നേരിട്ടനുഭവിക്കാൻ അവസരമൊരുക്കിക്കൊണ്ട് 30-ലധികം വിഭവങ്ങളും മൂന്ന് പായസവും അടങ്ങിയ സമൃദ്ധമായ സദ്യയ്ക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരിപാടിയോടനുബന്ധിച്ച് മിഡ്വെസ്റ്റിലെ പ്രഗത്ഭരായ കലാകാരന്മാർ അണിയിച്ചൊരുക്കുന്ന കലാസായാഹ്നവും ആഘോഷങ്ങൾക്ക് മാറ്റ്കൂട്ടും. ഓഗസ്റ്റ് 24 വരെ നീണ്ടുനിൽക്കുന്ന റീൽ ചലഞ്ച് പോലുള്ള വിവിധ മത്സര പരിപാടികളും ഇതിനോടൊപ്പം സംഘടിപ്പിക്കുന്നുണ്ട്. സദ്യയുടെ പന്തി തെരഞ്ഞെടുക്കൽ, മറ്റ് ആഘോഷ പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ, സമയക്രമം തുടങ്ങിയവ MAGC വെബ്സൈറ്റായ www.magconline.com-ൽ ലഭ്യമാണ്. MAGC-യുടെ പത്താം വാർഷികത്തോടനുബന്ധിച്ചുള്ള ഈ ബൃഹത്തായ ഓണാഘോഷ പരിപാടികളിലേക്ക് എല്ലാ ചിക്കാഗോ മലയാളികളെയും ഹൃദയപൂർവം ക്ഷണിക്കുന്നതായി പ്രസിഡണ്ട് സുശീൽ വരയില്ലം, കമ്മിറ്റി അംഗങ്ങളായ ഷൈലേഷ് മേനോൻ, മണികണ്ഠൻ ചന്ദ്രൻ, സ്വപ്ന വേണുഗോപാൽ, രണൺദീപ് രഘു എന്നിവർ അറിയിച്ചു.






# ബെൻസൻവിൽ വോളിബോൾ മത്സരത്തിൽ മിഷൻലീഗ് കുട്ടികൾ വിജയികളായി

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയ ഹാളിൽ നടന്ന വോളിബോൾ മത്സരത്തിൽ മിഷൻലീഗ് ടീം വിജയികളായി.

മെൻസ് മിനിസ്ട്രി ടീമും മിഷൻലീഗ് ടീമും തമ്മിൽ നടന്ന ഫൈനൽ മത്സരത്തിൽ ഒന്നിനെതിരെ രണ്ട് സെറ്റുകൾ നേടിയാണ് മിഷൻലീഗ് ടീം വിജയിച്ചത്.

തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ മത്സരം ഉദ്ഘാടനം ചെയ്തു. വികാരി റവ.ഫാ. തോമസ് മുളവനാൽ സന്നിഹിതനായിരുന്നു. വിജയികൾക്ക് ഫാ. ബിൻസ് ചേത്തലിൽ ട്രോഫികൾ നല്കി.





# ഫോമാ ബെസ്റ്റ് കപ്പിൾ മത്സരം: ബിജു തുരുത്തുമാലിൽ ചെയർമാൻ

ചിക്കാഗോ: എട്ടാമത് ഫോമാ ഇന്റർനാഷണൽ കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന ബെസ്റ്റ് കപ്പിൾ മത്സരത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കമ്മിറ്റി ചെയർമാൻ ബിജു തുരുത്തുമാലിൽ അറിയിച്ചു. വളരെ വ്യത്യസ്തതയാർന്നതും ഏറെ പുതുമനിറഞ്ഞതുമായ ഒരു മത്സര ഘടനയായിരിക്കും ഇത്തവണ ഉണ്ടായിരിക്കുക എന്നും ഈ മത്സരത്തിന്റെ വിജയത്തിനായി ബെസ്റ്റ് കപ്പിൾ കമ്മിറ്റിയുടെ കോ-ചെയേഴ്സ് ആയ ജൂലി ബിനോയ്, ഷീല സാജു, ജെസ്സി ജോർജ്, നെവിൻ ജോസ് എന്നിവർ അശ്രാന്ത പരിശ്രമം നടത്തുകയാണെന്നും ബിജു തുരുത്തുമാലിൽ പറഞ്ഞു. ഓഗസ്റ്റ് എട്ടു മുതൽ പതിനൊന്നു വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലുള്ള പുന്റക്കാനായിലെ ബാഴ്സലോ ഭവാരോ പാലസ് ഫൈവ്സ്റ്റാർ ഫാമിലി റിസോർട്ടിൽ വെച്ചാണ് കൺവൻഷൻ നടക്കുന്നത്.







ഈ ബെസ്റ്റ് കപ്പിൾ കോമ്പറ്റീഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് കമ്മിറ്റിക്കാരുമായി ബന്ധപ്പെടണമെന്ന് ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, ജനറൽ സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ജോ. സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ, ജോ. ട്രഷറർ ജെയിംസ് ജോർജ്, കൺവൻഷൻ ചെയർമാൻ തോമസ് സാമുവൽ (കുഞ്ഞുമാലിയിൽ) എന്നിവർ ഓർമ്മിപ്പിച്ചു.

# ട്രൈസ്റ്റേറ്റ് ഓണസദ്യ – സ്വാദിഷ്ടം, വിഭവസമൃദ്ധം

**സദാശിവൻകുഞ്ഞി**

ഫിലാഡൽഫിയ: പതിനഞ്ചിൽപരം സംഘടനകളുടെ സംഘടനയായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിന്റെ ഭാഗമായി ഈ വരുന്ന ഓഗസ്റ്റ് 31-ന് ഫിലാഡൽഫിയയിലെ പ്രശസ്തമായ മയൂര റെസ്റ്റോറന്റിന്റെ നേതൃത്വത്തിൽ ഓണസദ്യ പൊടിപൊടിക്കുകയാണ്.

ഉച്ചയ്ക്ക് കൃത്യം 12-ന് ഫിലാഡൽഫിയയിലെ സീറോമലബാർ ചർച്ച് ഓഡിറ്റോറിയത്തിലാണ് എത്ര കഴിച്ചാലും മതിവരാത്ത കൊതിയൂറും സദ്യ നാം ആസ്വദിക്കാൻ പോകുന്നത്. മലയാളികളെ സംബന്ധിച്ചിടത്തോളം ഓണസദ്യയിലെ പ്രധാന ഇനങ്ങളാണ് പപ്പടം, പായസം, ഉപ്പേരി തുടങ്ങിയവ. ഈ വിരുന്ന് ആസ്വദിക്കുവാൻ ഏറ്റവും അനുയോജ്യമായ സമയം ഓണക്കാലം തന്നെയാണ്.

വാഴയിലയിൽ വിളമ്പുന്ന, ഒട്ടേറെ വെജിറ്റേറിയൻ വിഭവങ്ങൾ ഉൾക്കൊള്ളുന്ന ഓണസദ്യയാണ് ഇത്തവണത്തെ പ്രത്യേകത. അവയിൽ കേരളത്തനിമ നിറഞ്ഞ കുത്തരിച്ചോറ്, രുചികരമായ കറികൾ, പഴം, പായസം, ഉപ്പേരി എന്നിവ ഉൾപ്പെടുന്നു. മയൂര റെസ്റ്റോറന്റിലെ ഷാജി സുകുമാരന്റെ നേതൃത്വത്തിൽ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിനു വേണ്ടി തയ്യാറാക്കുന്ന വിഭവസമൃദ്ധമായ ഓണസദ്യ വയർ നിറയെ കഴിച്ച് സംതൃപ്തി നേടാം.

ഇത്തവണത്തെ ഓണസദ്യയിൽ കറികൾ വിളമ്പുന്ന രീതിയിലും സംഘടനാ ശൈലിയിലും നാം എല്ലാ കൊല്ലത്തേയും പോലെ കർശനമായ അച്ചടക്കം പാലിക്കുന്നുണ്ട്. ഓണവിഭവങ്ങൾ നമുക്കായി വിളമ്പുന്നത് കേരളത്തിന്റെ തനത് ശൈലിയിൽ നെയ്തെടുത്ത ഓണക്കോടിയുടുത്ത മലയാളി മങ്കമാർ ആയിരിക്കും. ഒത്തുചേരലിന്റെ ആഘോഷമായ ഈ പരിപാടിയിലേക്ക് എല്ലാവരും കുടുംബസമേതം എത്തിച്ചേരണമെന്ന് സംഘാടകർ അറിയിച്ചു.




ഷാജി സുകുമാരൻ പരമ്പരാഗത രീതിയിൽ ട്രൈസ്റ്റേറ്റിനു വേണ്ടി ഒരുക്കുന്ന ഈ മഹാസദ്യയിൽ പങ്കെടുത്ത് ഇത്തവണത്തെ ഓണം നമുക്ക് അവിസ്മരണീയമാക്കാം. ഷാജി സുകുമാരൻ-മയൂര റസ്റ്ററന്റ്-267 377 3250






OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# അഭയാർത്ഥികളെ കൈവിടില്ല: മമത

കൊൽക്കത്ത: ബംഗ്ലാദേശിലെ സംഘർഷാവസ്ഥ മൂലം ആരെങ്കിലും അഭയംതേടി വന്നാൽ തിരിച്ചയക്കില്ലെന്നും ആശ്രയം നൽകുമെന്നും പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി.



തൃണമൂൽ കോൺഗ്രസ് കൊൽക്കത്തയിൽ സംഘടിപ്പിച്ച രക്തസാക്ഷി അനുസ്മരണറാലിയെ പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി അഭിവാദ്യം ചെയ്യുന്നു.

തൃണമൂൽ കോൺഗ്രസിന്റെ ജൂലായ് 21 രക്തസാക്ഷി അനുസ്മരണ റാലിയിൽ സംസാരിക്കുകയായിരുന്നു മമത.

"ബംഗ്ലാദേശിലെ അവസ്ഥയെപ്പറ്റി ഒന്നും പറയാനില്ല. പറയേണ്ടത് കേന്ദ്ര സർക്കാർ പറയും. ഒന്നു മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. അഭയംതേടി ആരെങ്കിലും വന്നാൽ സംരക്ഷിക്കും. അഭയാർത്ഥികളെ സമീപപ്രദേശത്തുള്ളവർ സംരക്ഷിക്കണമെന്ന് ഐക്യരാഷ്ട്ര സഭയുടെ പ്രമേയം പറയുന്നുണ്ട്"- മമത പറഞ്ഞു. ചെറുപ്പക്കാരുടെ ജീവൻ പൊലിയുന്നത് സങ്കടകരമാണെന്നും അവർ കൂട്ടിച്ചേർത്തു. "ആരോപണങ്ങൾ വരാതിരിക്കാൻ തൃണമൂൽ കോൺഗ്രസ് ജനപ്രതിനിധികൾ ശ്രദ്ധിക്കണം. ആരോപണം വന്നാൽ കർശന നടപടിയെടുക്കും. ഉത്തരബംഗാളിൽ പാർട്ടിക്ക് പലയിടത്തും വിജയിക്കാനായില്ല. ഇവിടങ്ങളിൽ ജനങ്ങളെ കണ്ട് ക്ഷമ ചോദിച്ച് കൂടെ നിർത്തണം." - മമത പറഞ്ഞു.

വർഗീയ ശക്തികൾ വിഭാഗീയ തന്ത്രങ്ങൾ പയറ്റുകയാണെന്നും ഇത്തരക്കാരെ ചെറുത്തു തോല്പിക്കണമെന്നും ചടങ്ങിൽ സംസാരിച്ച സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് പറഞ്ഞു. അത്തരക്കാരുണ്ടാക്കിയ സർക്കാർ അധികകാലം നിൽക്കില്ല. ആ സർക്കാരിനെതിരായ പോരാട്ടത്തിൽ മമതയോടൊപ്പമുണ്ടാകും- അഖിലേഷ് പറഞ്ഞു.

തെരഞ്ഞെടുപ്പ് കാലത്ത് ബിജെപി പശ്ചിമബംഗാളിൽ മദ്യമൊഴുക്കിയെന്നും ഇതിനായി 40 കോടി ചെലവാക്കിയെന്നും തൃണമൂൽ കോൺഗ്രസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി ആരോപിച്ചു.

# തിരുക്കല്ലറ പള്ളിയിൽ 12-ാം നൂറ്റാണ്ടിലെ അൾത്താര

ടെൽ അവീവ്: ജറുസലെമിലെ തിരുക്കല്ലറ പള്ളിയിൽ 12-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച അൾത്താര കണ്ടെത്തി. 1149-ൽ കുരിശുയുദ്ധക്കാർ സ്ഥാപിച്ച അൾത്താര മധ്യകാലഘട്ടത്തിലെ ഏറ്റവും വലിയ അൾത്താരകളിൽ ഒന്നാണെന്ന് ഗവേഷണത്തിനു നേതൃത്വം നല്കിയ ഓസ്ട്രിയൻ അക്കാഡമി ഓഫ് സയൻസസ് അറിയിച്ചു. യൂറോപ്യൻ കുരിശുയുദ്ധക്കാർ ജെറുസലേം നഗരം പിടിച്ചെടുത്തതിന്റെ 50-ാം വാർഷികത്തോട് അനുബന്ധിച്ചാണ്, യേശുവിന്റെ മൃതദേഹം അടക്കം ചെയ്ത സ്ഥലത്ത് നിലനില്ക്കുന്ന തിരുക്കല്ലറ പള്ളിയിൽ പുതിയ അൾത്തര പണിതത്. 1808-ൽ പള്ളിയിലുണ്ടായ തീപിടിത്തം വരെ അൾത്താര നിലനിന്നിരുന്നു. എന്നാൽ, പിന്നീട് വിസ്മൃതിയിലായി.

പള്ളിയിലെ ഇടനാഴിയിൽ ഭിത്തിയോടു ചേർന്നിരുന്ന ശിലാഫലകം അൾത്താരയുടെ ഭാഗമായിരുന്നുവെന്നാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. പള്ളി നവീകരിക്കുന്നതിനോടനുബന്ധിച്ച് ഫലകം തിരിച്ചുവെച്ചപ്പോഴാണ് പഴയ അൾത്താരയുടെ ഭാഗമാണെന്നു തിരിച്ചറിഞ്ഞത്.

പഴയകാല റോമിലെ ചിത്രപ്പണികളാണ് ഫലകത്തിലുള്ളത്. അന്ന് റോമിൽനിന്നു വന്ന ശില്പികളാണ് ഈ ചിത്രപ്പണികൾ ചെയ്തതെന്ന് അനുമാനിക്കുന്നു. ഇറ്റലിക്കു പുറമെ ലണ്ടനിലെ വെസ്റ്റ്മിനിസ്റ്റർ ആബിയിൽ മാത്രമാണ് ഇതേ ശൈലിയിലുള്ള അൾത്താര ഉള്ളത്.

# ബിൽകിസ് ബാനു കേസ്: പ്രതികൾക്കു ജാമ്യമില്ല

ന്യൂഡൽഹി: ഗുജറാത്ത് കലാപത്തിന്റെ ഭാഗമായ ബിൽകിസ് ബാനു കേസിൽ രണ്ട് പ്രതികളുടെ ഇടക്കാലജാമ്യാപേക്ഷ സുപ്രീംകോടതി തള്ളി. 2022-ൽ കേസിലെ പ്രതികളെ ഗുജറാത്ത് സർക്കാർ വിട്ടയച്ച നടപടി കഴിഞ്ഞ ജനുവരിയിൽ സുപ്രീംകോടതി റദ്ദാക്കിയിരുന്നു. ഇതു ചോദ്യം ചെയ്തു സമർപ്പിച്ച വിടുതൽ ഹർജിയിൽ അന്തിമവിധി വരുന്നതുവരെ ഇടക്കാലജാമ്യം അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രതികളായ രാധേശ്യാം ഭഗവാൻദാസും രാജുഭായ് ബാബുലാലുമാണ് കഴിഞ്ഞ മാർച്ചിൽ കോടതിയെ സമീപിച്ചത്.


ഗുജറാത്ത് സർക്കാരിന്റെ നടപടി റദ്ദാക്കിക്കൊണ്ടുള്ള വിധി 2002-ലെ ഭരണഘടനാ ബെഞ്ചിന്റെ ഉത്തരവിന് വിരുദ്ധമാണെന്നും ഹർജി വിശാലബെഞ്ചിനു വിടണമെന്നുമാണ് പ്രതികളുടെ ആവശ്യം. തടവുകാരെ വിട്ടയയ്ക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അധികാരം സംബന്ധിച്ച് രണ്ട് ബെഞ്ചുകൾ വ്യത്യസ്ത വിധികൾ പുറപ്പെടുവിച്ചിട്ടുള്ളതും ഹർജിക്കാർ ചൂണ്ടിക്കാട്ടി. ശിക്ഷായിളവ് ആവശ്യപ്പെട്ടുള്ള ഭഗവാൻദാസിന്റെ അപേക്ഷ പരിഗണിക്കാൻ ഗുജറാത്ത് സർക്കാരിനോട് നിർദേശിക്കുന്നതായിരുന്നു 2022 മെയ് 13-ന് ഒരു ബെഞ്ചിന്റെ ഉത്തരവ്. എന്നാൽ, പ്രതികൾ തടവിൽ കഴിഞ്ഞ മഹാരാഷ്ട്രയിലെ സർക്കാരിനാണ് ഇളവ് നല്കാൻ അധികാരമെന്ന് മറ്റൊരു ബെഞ്ച് വ്യക്തമാക്കി. മെയിലെയും ജനുവരിയിലെയും വിധികളിൽ ഏതാണ് സാധുവെന്ന് വ്യക്തമാക്കാൻ കേന്ദ്രസർക്കാരിനോട് നിർദേശിക്കണമെന്നു പ്രതികളുടെ അഭിഭാഷകൻ ഋഷി മൽഹോത്ര ആവശ്യപ്പെട്ടു.

ഹർജി തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ഇത് എങ്ങനെയാണ് നിലനിൽക്കുകയെന്നുമായിരുന്നു ജസ്റ്റിസ് സഞ്ജീവ് ഖന്നായുടെ ചോദ്യം. പൊതുതാല്പര്യ ഹർജിയിൽ എങ്ങനെ അപ്പീൽ പരിഗണിക്കുമെന്നും കോടതി ചോദിച്ചു. ഏതു സർക്കാരിനാണ് ശിക്ഷായിളവിന് അധികാരമെന്ന കാര്യത്തിൽ 2022 മെയിൽ ജസ്റ്റിസ് അജിത് റസ്തോഗി പുറപ്പെടുവിച്ച ഉത്തരവിനെ കഴിഞ്ഞ ജനുവരിയിലെ വിധിയിൽ കോടതി രൂക്ഷമായി വിമർശിച്ചിരുന്നു.

# കടലിൽ മുങ്ങിപ്പോയ ഒരു ഭൂഖണ്ഡംകൂടി കണ്ടെത്തി

ലണ്ടൻ: കാനഡയ്ക്കും ഗ്രീൻലൻഡിനും ഇടയിൽ ആറു കോടി വർഷം മുമ്പ് രൂപപ്പെട്ട ഭൂഖണ്ഡം ശാസ്ത്രജ്ഞർ കണ്ടെത്തി. ഡേവിസ് കടലിടുക്കിന് താഴെ കണ്ടെത്തിയ ഭൂഖണ്ഡത്തിന് 402 കിലോമീറ്ററാണു നീളം.

യുകെയിലെ ഡെർബി സർവകലാശാലയിലെ ഗവേഷകരാണു ഭൂഖണ്ഡം യാദൃച്ഛികമായി കണ്ടെത്തിയത്. പുതുതായി കണ്ടെത്തിയ ഡേവിസ് സ്ട്രെയിറ്റ് പ്രോട്ടോ മൈക്രോകോണ്ടിനെന്റ് പ്രധാന ഭൂഖണ്ഡത്തിൽനിന്നു വേർപെട്ട ടെക്റ്റോണിക് ബ്ലോക്കാണ്. ഭൂമിയിലെ വിള്ളലും മൈക്രോ കോണ്ടിനെന്റ് രൂപീകരണവും തികച്ചും തുടർച്ചയായ പ്രതിഭാസങ്ങളാണ്. ഓരോ ഭൂകമ്പവും അടുത്ത മൈക്രോകോണ്ടിനെന്റ് വിഭജനത്തിനു കാരണമാകാം - ഗവേഷകനായ ഡോ. ജോർദാൻ ഫെത്തിയൻ പറഞ്ഞു.




കാനഡയ്ക്കും ഗ്രീൻലൻഡിനുമിടയിൽ കടലിനടിയിൽ മറഞ്ഞ ഭൂഖണ്ഡം

ഭാവിയിലെ ആ പരിണാമം പ്രവചിക്കാൻ തക്കവണ്ണം അവയുടെ രൂപീകരണം നന്നായി മനസിലാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം - അദ്ദേഹം പറഞ്ഞു.

ഗുരുത്വാകർഷണ മാപ്പുകൾ, ഭൂകമ്പ പ്രതിഫലന ഡേറ്റ, പ്ലേറ്റ് ടെക്റ്റോണിക് മോഡലിങ് എന്നിവയിൽനിന്നുള്ള ഡേറ്റ ഉപയോഗിച്ചാണ് ഗവേഷകർ പുതിയ മൈക്രോകോണ്ടിനെന്റ് തിരിച്ചറിഞ്ഞത്. പ്രോട്ടോ മൈക്രോകോണ്ടിനെന്റുകൾ ഭൂമിയുടെ പുറംതോടിന്റെ ഭാഗമാണ്. ഇതു നിരവധി ടെക്റ്റോണിക് പ്ലേറ്റുകളായി തിരിച്ചിരിക്കുന്നു. ഭൂമിയുടെ ഉപരിതലത്തിൽനിന്ന് 80 മുതൽ 200 കിലോമീറ്റർ വരെ താഴെയായി സ്ഥിതിചെയ്യുന്ന ഒരു അർദ്ധ ദ്രാവക പാളിയുണ്ട്. അത് ചൂടാക്കുകയും പിന്നീട് ഉരുകുകയും ചെയ്യുന്നു.

ഇതു ടെക്റ്റോണിക് പ്ലേറ്റുകളുടെ ചലനത്തിനു കാരണമാകും. ആ ചലനമാണു ഭൂകമ്പങ്ങൾക്കും അഗ്നിപർവത സ്ഫോടനങ്ങൾക്കും കാരണമാകുന്നത്. ആ ചലനം ചിലപ്പോൾ പ്രധാന ഭൂഖണ്ഡങ്ങളിൽനിന്ന് വേർപെട്ട് സ്വതന്ത്രമായി പ്രോട്ടോ മൈക്രോകോണ്ടിനെന്റുകളുടെ സൃഷ്ടിക്കും കാരണമാകും.

കാനഡയും ഗ്രീൻലൻഡും തമ്മിലുള്ള വിള്ളൽ ഏകദേശം 11.8 കോടി വർഷങ്ങൾക്ക് മുമ്പാണ് ആരംഭിച്ചത്. ഏകദേശം 3.3 കോടി വർഷങ്ങൾ നീണ്ടുനിന്ന മാറ്റം ഗ്രീൻലൻഡ് വടക്ക് സ്ഥിതിചെയ്യുന്ന എല്ലെസ്മെയർ ദ്വീപുമായി കൂട്ടിയിടിച്ചപ്പോൾ മാത്രമാണ് നിലച്ചത്.

# ആതിഥേയ രാജ്യങ്ങളിൽ സേവനമാതൃകയാകാൻ പ്രവാസികൾക്കു കഴിയണം: മാർ കല്ലറങ്ങാട്ട്

പാലാ: പ്രവാസികൾ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും സംവാഹകരാണെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് നടത്തിയ ആഗോള പ്രവാസി സംഗമം കൊയ്നോണിയ-2024 ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. മറ്റു രാജ്യങ്ങളിൽ എത്തുന്നവർ അവിടുത്തെ നന്മകൾ സ്വീകരിക്കണം. ആതിഥേയ രാജ്യങ്ങളിൽ സേവനത്തിന്റെ മാതൃകയാകാൻ കഴിയണം. പ്രവാസി സംഗമം പാലായുടെ ബലവും ശക്തിയുമാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

ജീവിതമാകുന്ന സുവിശേഷത്തിലൂടെ പ്രവാസികൾ വിശ്വാസത്തിന്റെ സാക്ഷികളാകണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പറഞ്ഞു.



പാലാ രൂപത മുഖ്യ വികാരി ജനറൽ മോൺ.ഡോ.ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. രൂപത പ്രവാസി അപ്പോസ്തലേറ്റ് പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി നടത്തുന്ന പാലിയേറ്റീവ് വിഭാഗത്തിന്റെ സമർപ്പണം ഫാ. ബെന്നി മുണ്ടനാട്ട് നിർവഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി പ്രഖ്യാപിച്ച മെഡി കെയർ പ്രോഗ്രാം മെഡിസിറ്റി ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും പ്രവാസി അപ്പോസ്തലേറ്റ് കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വ്യക്തിത്വ വികസന പരിശീലന പരിപാടിയായ ട്രെയിനിങ് ആൻഡ് ഓറിയന്റേഷൻ വികാരി ജനറൽ മോൺ.ഡോ. സെബാസ്റ്റ്യൻ വേത്താനത്തും ഉദ്ഘാടനം ചെയ്തു.

പാലാ രൂപതയിൽനിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജോലിക്കും പഠനത്തിനുമായി പോയവരും മടങ്ങിയെത്തിയവരുമായ നൂറുകണക്കിനാളുകൾ സംഗമത്തിൽ പങ്കെടുത്തു. കലാപരിപാടികൾ അരങ്ങേറി. വിവിധ തലങ്ങളിലെ പ്രതിഭകളെയും പ്രവാസി അപ്പോസ്തലേറ്റ് സംഘടിപ്പിച്ച പ്രസംഗ മത്സര വിജയികളെയും അനുമോദിച്ചു. പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് മിഡിൽ ഈസ്റ്റ് കമ്മിറ്റി ഭാരവാഹികൾ സംഗമത്തിൽ ചുമതലയേറ്റു.

# SEEKING BRIDEGROOM

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or
**469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, pictures and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to:
**bejeweledsnow@hotmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to
**pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

## പി.ജി. ജേക്കബ്

**കൊല്ലം:** പെന്തെക്കോസ്ത് മിഷൻ കൊട്ടാരക്കര സെന്റർ അടുതല സഭാംഗം പാറവിള വീട്ടിൽ (കുന്നുംപുറത്ത്) പി.ജി. ജേക്കബ് (ബാബു-71) അന്തരിച്ചു. ഭാര്യ ഇളമ്പൽ ഡൺഹിൽസ് കുടുംബാംഗം ശോശാമ്മ ജേക്കബ്. മക്കൾ: ഗ്ലാഡ്സൺ ജേക്കബ് (യുഎസ്), ഗ്രേയ്സ് ജേക്കബ് (ബെംഗ്ളൂരു). മരുമകൾ: ഗ്ലോറി ജേക്കബ് മായലിൽ അൽപാറ (യുഎസ്).

**കോട്ടയം:** താഴത്തങ്ങാടി ഇല്ലിക്കൽ കുടുംബാംഗമായ ചാർട്ടേഡ് അക്കൗണ്ടന്റ് പരേതനായ മാണി ജെ. ഇല്ലിക്കന്റെ ഭാര്യ വടക്കൻ പറവൂർ മുട്ടത്തോട്ടിൽ കുടുംബാംഗം ചെല്ലമ്മ മാണി (78) അന്തരിച്ചു.

**പുതുപ്പള്ളി:** റബർ ബോർഡ് വീസ്‌വാലി വില്ലായിൽ ആലയ്ക്കപ്പറമ്പിൽ പാസ്റ്റർ വി.സി. കുര്യാക്കോസ് (84) അന്തരിച്ചു.

## പോൾ ജോസഫ്

**കാഞ്ഞങ്ങാട്:** പടന്നക്കാട് മാക്കിൽ പോൾ ജോസഫ് (56) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ സുനിത പോൾ കോട്ടയം പാലകൻ കുടുംബാംഗം. മകൻ: എഡ്വിൻ പോൾ (യുഎസ്).

**തുമ്പമൺ:** റിട്ട. പ്രധാനാദ്ധ്യാപകൻ തെക്കേടത്ത് താഴെതിൽ കുപ്പിയിൽ ഡേവിഡ് ജോൺ (93) അന്തരിച്ചു.

**പുളിക്കൽകവല:** കരിങ്ങനാമറ്റത്തിൽ ശാന്തമ്മ വർഗീസ് (68) അന്തരിച്ചു.

**ചങ്ങനാശേരി:** മാറാട്ടുകുളം എം.സി. ഡൊമിനിക്കിന്റെ ഭാര്യ എത്സി ഡൊമിനിക് (78) അന്തരിച്ചു.

**ഒളശ്ശ:** കെഎസ്ഇബി റിട്ട. ഓവർസിയർ കപ്പിയത്തിപ്പറമ്പിൽ കെ.കെ. ഗോപിയുടെ ഭാര്യ അംബിക ഗോപി (58) അന്തരിച്ചു.

**കുമരകം:** എസ്ബിഐ റിട്ട. ഉദ്യോഗസ്ഥൻ മണിയാങ്കേരിൽ എം.കെ. തോമസ് (70) അന്തരിച്ചു.

## ഫിലിപ്പ് പോത്തൻ

**പേരൂർ:** പാലാപ്പുഴമറ്റത്തിൽ ഫിലിപ്പ് പോത്തൻ (86) അന്തരിച്ചു. ഭാര്യ കട്ടച്ചിറ പുഴിക്കാലാ മേരി. മക്കൾ: ഷേർലി, ഷാജി (ഇരുവരും യുഎസ്), ഷിബു, ഷൈനി. മരുമക്കൾ: ബാബു അഞ്ചക്കുന്നത്ത് ഉഴവൂർ, ടിനി കണ്ടോത്ത് വാരപ്പെട്ടി (ഇരുവരും യുഎസ്), ഷീബ തെക്കേ ഒഴുങ്ങാലിൽ (പുന്നത്തുറ), ജോൺ പരേട്ട് (കിടങ്ങൂർ).

**കളത്തിൽപ്പടി:** കൈപ്പള്ളിൽ ബേബിക്കുട്ടി (85) അന്തരിച്ചു.

**മാമ്മൂട്:** ചൂരക്കുറ്റി ചിറ്റേട്ടുകളത്തിൽ ഏലിക്കുട്ടി ആന്റണി (78) അന്തരിച്ചു.

**ആർപ്പൂക്കര:** തൊമ്മൻകവല കുന്നുംപുറം കെ.വി. വർക്കി (കുട്ടിച്ചൻ-78) അന്തരിച്ചു.

## ചാക്കോ തോമസ്



**ന്യൂയോർക്ക്:** കോട്ടയം പരിയാരത്ത് ഏലക്കാട്ട് കടമ്പനാട്ട് പരേതരായ മാത്യു ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും മകൻ ചാക്കോ തോമസ് (76) ആൽബനിയിൽ അന്തരിച്ചു. ഭാര്യ മറിയാമ്മ തോമസ് മീനടം ചുഴിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ബിനോയ് തോമസ്, പരേതയായ ലിൻഡ തോമസ്. മരുമകൻ: ആൻ തോമസ്. സഹോദരങ്ങൾ: പരേതനായ കെ.സി. മാത്യു, കെ.സി. ജോൺ, കെ.സി. കുര്യൻ, കെ.സി. ചാക്കോ, കെ.സി. ഏബ്രഹാം, കെ.സി. ഇട്ടി, കെ.സി. ജോർജ്, പരേതയായ വത്സമ്മ ചാക്കോ, സോഫി ചാക്കോ.

**കോട്ടയം:** ക്ഷീരവികസന വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ നട്ടാശേരി പുത്തേട്ട് പ്രതീക്ഷയിൽ (ആനിവയലിൽ) എസ്. ഗോപാലകൃഷ്ണൻ നായർ (76) അന്തരിച്ചു.

**മണർകാട്:** കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ റിട്ട. കായികാദ്ധ്യാപകൻ മണർകാട് കുഴിപ്പുരയിടം പൂവത്തുമണ്ണിൽ പി.സി. ഏബ്രഹാം (കുഞ്ഞുമോൻ-85) അന്തരിച്ചു.

## ചിന്നമ്മ മത്തായി

**പുല്ലാട്:** ചിരട്ടോലിക്കൽ ചിന്നമ്മ മത്തായി (70) ഫിലാഡൽഫിയയിൽ അന്തരിച്ചു. നെടുങ്കുന്നം കൂവക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് ജോൺ സി. മത്തായി. മക്കൾ: സോഫിയ, ജെയിസി, ജെയ്മി, ജെയ്നി. മരുമക്കൾ: ബിമൽ ജോൺ, മനോജ് ജോൺ.

**തൃശൂർ:** മണ്ണുത്തി കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി അസി. പ്രഫസർ ഡോ. എൻ. മൃദുല (39) അന്തരിച്ചു.

**തൃശൂർ:** ഹോളി ഫാമിലി കോൺഗ്രിഗേഷൻ ഒളരിക്കര നവജ്യോതി പ്രോവിൻസിലെ ഒളരിക്കര ഹോളി ഫാമിലി മഠാംഗവും റിട്ട. അദ്ധ്യാപികയുമായ സിസ്റ്റർ ജോസഫാത്ത് (കത്രീന-91) അന്തരിച്ചു.

**അങ്കമാലി:** എറണാകുളം-അങ്കമാലി അതിരൂപതാ വൈദികൻ ഫാ. തോമസ് പാറേക്കാട്ടിൽ (76) അന്തരിച്ചു.

**മേലുകാവുമറ്റം:** കുറിഞ്ഞാംകുളത്ത് ഐസക് ജോസഫ് (73) അന്തരിച്ചു.

**ചങ്ങനാശേരി:** റിട്ട. വില്ലേജ് ഓഫീസർ പെരുന്ന അക്ഷരനഗർ തെക്കേപയ്യമ്പറയിൽ എസ്. കൃഷ്ണപിള്ള (82) അന്തരിച്ചു.

## ഡോ. സിസി തോമസ്

**പാലാ:** ഹോമിയോ റിട്ട. ഡിഎംഒ പടവിൽ ഡോ. സിസി തോമസ് (82) അന്തരിച്ചു. തിടനാട് ചിറ്റപ്പനാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പ്രഫ.കെ.ജെ. തോമസ്. മക്കൾ: ഡോ. പ്രദീപ് സി. തോമസ് (മെഡിക്കൽ കോളജ് ഇടുക്കി), പ്രശാന്ത് സി. തോമസ് (യുഎസ്), ഡോ. പ്രവീൺ സി. തോമസ് (ജില്ലാ ആശുപത്രി തൊടുപുഴ). മരുമക്കൾ: ബിന്ദു (യുഎസ്), ഡോ. ജിൻസ് മേരി (അൽഫോൻസാ കോളജ് പാലാ).

**കാഞ്ഞിരപ്പള്ളി:** കാഞ്ഞിരപ്പള്ളി രൂപതാംഗമായ ഫാ. ജോസഫ് നെടുംതകിടി (91) അന്തരിച്ചു.

**തൊടുപുഴ:** ആരാധനാമഠാംഗം കോതമംഗലം പ്രോവിൻസ് അംഗം സിസ്റ്റർ കൊച്ചുത്രേസ്യ പ്ലാക്കൽ പുത്തൻപുരയിൽ (ത്രേസ്യാമ്മ-75) അന്തരിച്ചു.

**തിരുവനന്തപുരം:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഗൗരീശപട്ടം കറുകത്ര ഡോ. പെണ്ണമ്മ ജോസ് (87) അന്തരിച്ചു.

## കത്രീന സ്റ്റീഫൻ

**രാമപുരം:** കണിപ്പിള്ളിൽ കാരാടിയിൽ പരേതനായ എസ്തപ്പാൻ സ്റ്റീഫന്റെ ഭാര്യ കത്രീന സ്റ്റീഫൻ (88) അന്തരിച്ചു. രാമപുരം കോട്ടിരി കുടുംബാംഗമാണ്. മക്കൾ: ലിസമ്മ (റിട്ട പ്രഫ.) സ്റ്റീഫച്ചൻ (റിട്ട. അദ്ധ്യാപകൻ), ഓസ്റ്റിൻ, തോംസൺ (യുഎസ്), മാത്തച്ചൻ ജോസഫ് (കോട്ടക്കൽ ആര്യവൈദ്യശാല), ജീമോൻ. മരുമക്കൾ: ലിസമ്മ പറമ്പകത്ത് കൊഴുവനാൽ, ലീന കിഴക്കേത്തോട്ടം പൂവത്തോട്, ജാൻസി മഴുവഞ്ചേരിൽ കിഴക്കമ്പലം (യുഎസ്), ജാൻസി പാലത്തിങ്കൽ രാമപുരം, ലിനി പന്തിരുവേലിൽ പൊൻകുന്നം, മായമ്മ ഇലഞ്ഞിയിൽ മാനത്തൂർ.

**മുതലക്കോടം:** മാറിക ആരാധനാമഠാംഗം സിസ്റ്റർ കൊച്ചുത്രേസ്യ (75) അന്തരിച്ചു.

**കളത്തൂക്കടവ്:** വാകക്കാട് കുന്നക്കാട്ട് സെബാസ്റ്റ്യൻ ജോസഫ് (പാപ്പച്ചൻ-76) അന്തരിച്ചു.

**മാമ്മൂട്:** കണിച്ചുകുളം വെട്ടിത്താനം വീട്ടിൽ തോമസ് ജോസഫ് (ജോസുകുട്ടി-74) അന്തരിച്ചു.

**തൊടുപുഴ:** ഡീൻ കുര്യാക്കോസ് എംപിയുടെ അമ്മ പൈങ്ങോട്ടൂർ ഏനാനിക്കൽ റോസമ്മ കുര്യാക്കോസ് (68) അന്തരിച്ചു.

**തിരുവല്ല:** പെരുന്തുരുത്തി മുണ്ടപ്പള്ളിൽ ജിബി ജേക്കബ് ചാക്കോ (69) അന്തരിച്ചു.

**തോട്ടയ്ക്കാട്:** കോട്ടയം ഹോളി ഫാമിലി ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ ചോതിരക്കുന്നേൽ സി.ടി. ജോസഫ് (ജോയി-82) അന്തരിച്ചു.

**കങ്ങഴ:** മനയത്ത് ചാക്കോ വർഗീസ് (95) അന്തരിച്ചു.

## പെരുമാട്ടിക്കുന്നേൽ ദേവസ്യ

**മാനത്തൂർ:** പെരുമാട്ടിക്കുന്നേൽ ദേവസ്യ (94) അന്തരിച്ചു. ഭാര്യ മങ്ങാട് (ചീനിക്കുഴി) എടക്കര ചക്കനാനിക്കൽ പരേതയായ മേരി ദേവസ്യ. മക്കൾ: ജോസ് പെരുമാട്ടി (യുഎസ്), ലീലാമ്മ കുരിശുമ്മൂട്ടിൽ (കരിങ്കുന്നം), വത്സ വഞ്ചിക്കുഴിയിൽ (യുഎസ്), ബീന സിറിൾ, ബെന്നി പെരുമാട്ടി (യുഎസ്). മരുമക്കൾ: ലൈല, കെ.എം. മാത്യു, വി.ടി. കുര്യാക്കോസ്, സിറിൾ പൊടിപ്പാറ, ടൂബി.

## ജേക്കബ് ജോർജ്



**ഫിലാഡൽഫിയ:** പുനലൂർ കാവലോട്ട് ബംഗ്ലാവിൽ ജോർജ് ജോസഫിന്റെയും ചിന്നമ്മ ജോർജിന്റെയും മകൻ ജേക്കബ് ജോർജ് (സജു-66) ഫിലാഡൽഫിയയിൽ അന്തരിച്ചു. കാർഡോൺ ഇൻഡസ്ട്രി, മാർഷൽസ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥനായിരുന്ന ജേക്കബ് ജോർജ് ഫിലാഡൽഫിയ ന്യൂടെസ്റ്റമെന്റ് ചർച്ച് അംഗമായിരുന്നു. കുണ്ടറ വഴിത്താനത്ത് വി.ഒ. മത്തായി-റാഹേലമ്മ ദമ്പതികളുടെ മകൾ ലിസിമോളാണ് ഭാര്യ. മക്കൾ: ജോർജ് ജേക്കബ് (അരുൺ), നീതു മണത്തറയിൽ. മരുമക്കൾ: ആനി ജോർജ്, ജോയൽ മണത്തറയിൽ. സഹോദരങ്ങൾ: സോമി ജോർജ്, സോഫി ജോർജ്, സൂസി ജോർജ്, ജോസഫ് ജോർജ് (സുകു), തോമസ് ജോർജ് (ശശി), സാലി ജോർജ്.

**കോട്ടയം:** എക്സൈസ് റിട്ട. ഡെപ്യൂട്ടി കമ്മീഷണർ തിരുനക്കര താമരപ്പള്ളി ലെയ്നിൽ പദ്മശ്രീയിൽ എസ്. ദ്വരസ്വാമി (86) അന്തരിച്ചു.

**കോട്ടയം:** കടുത്തുരുത്തി മരങ്ങോലി നെല്ലിക്കുന്നേൽ എൻ.വി. ഗോപി (74) അന്തരിച്ചു.

**മുട്ടുചിറ:** മുരിക്കൻ കക്കാട്ടിൽ ജോയി കുര്യൻ (72) അന്തരിച്ചു.

**കുമരകം:** ചേന്നാത്ത് ടിജിന്റെ ഭാര്യ ജെസ്‌ലിന ജോർജ് (അന്ന-27) ന്യൂസിലൻഡിൽ അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ പിള്ളച്ചിറകാലായിൽ ഏലിയാമ്മ പൗലൂസ് (കുഞ്ഞമ്മ-98) അന്തരിച്ചു.

**പുതുപ്പള്ളി:** വലിയപറമ്പിൽ അമ്മിണി ജോർജ് (87) അന്തരിച്ചു.

**കടുത്തുരുത്തി:** വാലാച്ചിറ വഴുതക്കാട്ട് വീട്ടിൽ മേരി വർക്കി (88) അന്തരിച്ചു.

## അമ്മിണി നൈനാൻ

**കളമശേരി:** മല്ലപ്പിള്ളി ആനിക്കാട് പാറോലിക്കൽ അമ്മിണി നൈനാൻ (78) അന്തരിച്ചു. ഭർത്താവ് വർഗീസ് നൈനാൻ (ഫാക്ട് മുൻ ഡെപ്യൂട്ടി മാനേജർ). മക്കൾ: റെനി നൈനാൻ (യുഎസ്), ഡോ. റെജി നൈനാൻ (യുകെ), രജനി നൈനാൻ (ബെംഗ്ളൂരു). മരുമക്കൾ: സജു നൈനാൻ (യുഎസ്), സിജി ജോൺ (യുകെ), പ്രസാദ് കുര്യൻ (ബജാജ് ഗ്രൂപ്പ്).

**മാനന്തവാടി:** മാനന്തവാടി രൂപതാംഗമായ ഫാ. ജോസ് കുളിരാനിയിൽ (81) അന്തരിച്ചു.

**കോതമംഗലം:** റിട്ട. അദ്ധ്യാപിക തിരുഹൃദയ സന്യാസിനി സമൂഹം ജ്യോതി പ്രോവിൻസ് അംഗം സിസ്റ്റർ മാവുരൂസ് പള്ളിക്കമ്യാലിൽ (82) അന്തരിച്ചു.

**വയലാ:** കോട്ടയം ടെക്സ്റ്റൈൽസ് മുൻ ജീവനക്കാരൻ തേലപ്പുറത്ത് രാമചന്ദ്രൻ നായർ (71) അന്തരിച്ചു.

**പാലാ:** ഹാർവാർഡ് സർവകലാശാല മുൻ പ്രഫസർ പന്തത്തല പാലയ്ക്കവയലിൽ ഡോ. പി. ജോസഫ് തോമസ് (87) അന്തരിച്ചു.

**കുറുപ്പന്തറ:** കരിശ്ശേരിക്കൽ ബേബി സിറിയക് (59) മെൽബണിൽ അന്തരിച്ചു.

**ഇത്തിത്താനം:** ആർമി റിട്ട. മെഡിക്കൽ കോർ മലങ്കുന്നം മണിമന്ദിരം സത്യസാഗർ (64) അന്തരിച്ചു.

## വി.ടി. ചാക്കോ

**കോട്ടയം:** ആർഎംഎസ് റിട്ട. ഉദ്യോഗസ്ഥൻ കണ്ണൻചിറ തൊണ്ടൻകുളത്തിലായ ബിനു വില്ലയിൽ വി.ടി. ചാക്കോ (കുഞ്ഞുമോൻ-83) അന്തരിച്ചു. ഭാര്യ വന്നല മുട്ടത്തുതറ സാറാമ്മ. മക്കൾ: ബിനു ജേക്കബ് (യുഎസ്), ബീന ഡയസ് (ഡൽഹി). മരുമക്കൾ: ഷീന ബിനു മാവിലശ്ശേരിൽ (യുഎസ്), ഡയസ് മത്തായി കുളനട തെക്കേതിൽ ഗ്രേസ്ഹിൽ (ഡൽഹി).

**തുരുത്തി:** കാവിത്താഴെ ഞാറപ്പറമ്പിൽ തോമസ് ചാണ്ടി (സിബിച്ചൻ-62) അന്തരിച്ചു.

**തിരുവല്ല:** അഴിയിടത്തുചിറ പട്ടേരിൽ പി.ജി. തുളസീഭായി (98) അന്തരിച്ചു.

**മാമ്മൂട്:** കല്ലോലിക്കൽ അന്നമ്മ മാത്യു (ചിന്നമ്മ-82) അന്തരിച്ചു.

**വാരനാട്:** പട്ടണക്കാട് പഞ്ചായത്ത് റിട്ട. ഉദ്യോഗസ്ഥൻ നെടുങ്ങാട്ടുവെളി ഔസേഫ് ദേവസ്യ (79) അന്തരിച്ചു.

**കോതമംഗലം:** നെടുങ്ങപ്ര കുറുപ്പംപടി കളമ്പാടൻ വീട്ടിൽ കെ.ഒ. പൈലി (105) അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** ചക്കൻപറമ്പിൽ സി.കെ. നാരായണന്റെ മകൻ പ്രകാശ് (49) അന്തരിച്ചു.

**വാഴക്കുളം:** മടക്കത്താനം പുൽപ്പറമ്പിൽ (ഇടത്തട്ടേൽ-അരിക്കുഴ) ആൻഡ്രൂസ് (പാപ്പച്ചൻ-86) അന്തരിച്ചു.

## റോസമ്മ കുരടാള

**പങ്ങട:** കാപ്പിൽ റോസമ്മ കുരടാള (79) അന്തരിച്ചു. ഇരിട്ടി പുതുശേരി കുന്നത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് കുരടാള. മക്കൾ: ലിറ്റ്സി ജോസഫ്, ബിനോസ്, ജോളിമോൾ (യുഎസ്), സിസ്റ്റർ ജെസിൻ ഫ്രാൻസിസ് (മഹാരാഷ്ട്ര), സിജിമോൾ, സിസ്റ്റർ എലിസബത്ത് ലിനറ്റ് (മധ്യപ്രദേശ്). മരുമക്കൾ: വി.സി. ജോസഫ് വണ്ടാനത്ത് (പങ്ങട), മൈക്കിൾ കെ. മൈക്കിൾ കുളപ്പുറം (യുഎസ്).

**മട്ടാഞ്ചേരി:** പനയപ്പിള്ളി പാറയിൽ കെ.വി. ജോൺസൺ (62) അന്തരിച്ചു.

**ചങ്ങനാശേരി:** കല്ലുകളത്തിൽ പരേതനായ കെ.ജെ. തോമസിന്റെ ഭാര്യ അന്നമ്മ തോമസ് (96) അന്തരിച്ചു.

## റോസമ്മ ജോസഫ്

**തുരുത്തി:** നെടുംപറമ്പിൽ പരേതനായ എൻ.ടി. ജോബിന്റെ ഭാര്യ ചങ്ങനാശേരി അസംപ്ഷൻ കോളജ് റിട്ട. സൂപ്രണ്ട് റോസമ്മ ജോസഫ് (ലില്ലിക്കുട്ടി-76) അന്തരിച്ചു. ചങ്ങനാശേരി താഴത്ത് കുടുംബാംഗമാണ്. മക്കൾ: സ്വപ്നാമ്മ സഖറിയ (യുഎസ്), സോളി ബിനു. മരുമക്കൾ: സക്കറിയ ജോർജ് തോട്ടക്കാട് ചെരുപുറത്ത് (യുഎസ്), ബിനു തോമസ് എഴുന്നൂറ്റിൽ (എടത്വ).

**കുത്രപ്പള്ളി:** ആരാധനാമഠാംഗം സിസ്റ്റർ മേരി മാഗി വല്യാത്ത് (തങ്കമ്മ-85) അന്തരിച്ചു.

**ഭരണങ്ങാനം:** വിൻസെൻഷ്യൻ സഭാംഗമായ ഫാ.ഡോ. സെബാസ്റ്റ്യൻ ചെറുവള്ളാത്ത് (84) അന്തരിച്ചു.

**തൃശൂർ:** ശ്രീകേരളവർമ കോളജ് ചരിത്രവിഭാഗം റിട്ട. പ്രഫസറും അയ്യന്തോൾ അപ്പൻതമ്പുരാൻ വായനശാല മുൻ പ്രസിഡണ്ടുമായ ടി. രാജൻ (81) അന്തരിച്ചു.

## മറിയാമ്മ ജേക്കബ്

**പുതുപ്പള്ളി:** ഗവ. യുപി സ്കൂൾ റിട്ട. ടീച്ചർ പനച്ചമൂട്ടിൽ മറിയാമ്മ ജേക്കബ് (100) അന്തരിച്ചു. പുതുപ്പള്ളി വലിയമുണ്ടാക്കലായ ഇരവിനല്ലൂർ ചെമ്പിളയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. ജേക്കബ് (റിട്ട. അദ്ധ്യാപകൻ). മക്കൾ: പരേതനായ ബായി (യുഎസ്), അമ്മാൾ (റിട്ട. ടീച്ചർ), മാത്യു പി. ജേക്കബ്, ഉഷ (റിട്ട. ടീച്ചർ), ഏബ്രഹാം ജേക്കബ് (യുഎസ്). മരുമക്കൾ: സണ്ണി (യുഎസ്), പി.ജി. ചെറിയാൻ (റിട്ട. പ്രിൻസിപ്പാൾ), ബീന മാത്യു വടക്കേടത്ത് കുറിയന്നൂർ, ജോൺ ബോസ് മംഗലത്ത് (റിട്ട. പ്രിൻസിപ്പൽ), ലീന ജേക്കബ് പുരയ്ക്കൽ കുമ്പനാട് (യുഎസ്).

**മാൻവെട്ടം:** കോട്ടയം മെഡിക്കൽ കോളജ് ജൂണിയർ റസിഡന്റ് കാരിക്കൽ മുകളേൽ ഡോ. ദിവ്യ സാഹിൽ (32) അന്തരിച്ചു.

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തി. സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബുവിനെയും മാതാപിതാക്കളെയും സന്ദീപ് അന്വേഷിച്ചു കണ്ടെത്തി. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് വീണ്ടും അന്വേഷണം തുടങ്ങി. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ പിടികൂടി ചോദ്യം ചെയ്തതോടെ എല്ലാം വെളിവായി. ഒളിവിൽ പോയ ഹേമചന്ദ്രനും ബാലകൃഷ്ണ മേനോനുമൊക്കെ പോലീസ് കസ്റ്റഡിയിലായി. കിഷോർ സോഫിയായുടെ വീട്ടിലെത്തി അവരുടെ ഭാവി പരിപാടികൾ വിവരിക്കുന്നു. കല്ലാറ്റുപടിക്കലെ പഴയ തെങ്ങുകയറ്റക്കാരൻ പൊന്നനെ കാണാൻ മണിമലയിലെത്തിയ സന്ദീപ് അയാൾ മരിച്ചുപോയെന്നറിയുന്നു. കൃഷി ഓഫീസറുടെ സഹായത്തോടെ സന്ദീപ് പതിനെട്ടാംപട്ട തെങ്ങ് തിരിച്ചറിയുന്നു. കുഴിയെടുത്ത സ്ഥലം മണ്ണുപരിശോധന നടത്തി അവർ കണ്ടെത്തി. അവിടെ കുഴിയെടുക്കാനും മരം മുറിക്കാനും ആർഡിഒ അനുമതി നൽകുന്നു....

**106**

കൂട്ടിലടച്ച വന്യമൃഗത്തെപ്പോലെ ഹേമചന്ദ്രൻ പഴയ തറവാടിന്റെ നീളൻ വരാന്തയിൽനിന്നു പുതിയ കെട്ടിന്റെ സിറ്റൗട്ടിലേക്കും അവിടെനിന്നു തിരിച്ചും പലയാവർത്തി നടന്നു.

രണ്ടു കയ്യിലും മൊബൈൽ ഫോണിരിപ്പുണ്ട്. അതിലോരോന്നിലും അയാൾ മാറിമാറി സംസാരിക്കുന്നുണ്ട്.

നീളൻ വരാന്തയുടെ അങ്ങേയറ്റത്ത് ബാലകൃഷ്ണമേനോൻ ഒരു വാക്കിങ് സ്റ്റിക്ക് നിലത്തൂന്നി മൂകസാക്ഷിയെപ്പോലെ നിശ്ചേഷ്ടനായി നിൽക്കുന്നുണ്ടായിരുന്നു.

ഹേമചന്ദ്രന്റെ ഇടതു കയ്യിലിരുന്ന ഫോണിലേക്ക് കോൾ വന്നു. ഹേമചന്ദ്രൻ അത് എടുത്തു.

"ഹലോ... എന്തിനാ ഹരീന്ദ്രാ ഇങ്ങനെ കൂടക്കൂടെ വിളിച്ച് ഡിസ്റ്റർബ് ചെയ്യുന്നെ?"

"സ്റ്റേ ഓർഡർ വന്നോന്നറിയാനാ..."

"അതു വന്നോളും. വരുമ്പോ അറിയിക്കാം."

"അവിടെ ആർഡിഒ വന്ന്, കുഴിക്കാൻ അനുവാദം കൊടുത്തെന്നാ കേട്ടത്. കയ്യാലക്കെട്ട് പൊളിച്ച് ജെസിബി തോട്ടത്തിലേക്ക് കേറി."

"ഇയാളവിടെ അടങ്ങിയിരിക്ക്. സ്റ്റേ ഓർഡർ ഏതു നിമിഷവും വരും. മണിമല പോലീസ് സ്റ്റേഷനിലേക്ക് അത് ഉടൻതന്നെ ഇ-മെയിലിൽ അയയ്ക്കാനും സ്റ്റേഷനീന്ന് പ്രിന്റെടുത്ത് കൊണ്ടുവരാനും സെറ്റാക്കീട്ടുണ്ട്."

"അവര് കുഴിക്കുന്നതിനു മുൻപ് കിട്ടണ്ടേ."

"അതു കിട്ടും. സ്റ്റേ അനുവദിക്കാനുള്ള ഹർജി പരിശോധിച്ചോണ്ടിരിക്കയാണ് കോടതി."

"ഞാനങ്ങോട്ടു വരട്ടെ. ഇവിടിരുന്നിട്ട് എനിക്കൊരു സമാധാനോം ഇല്ല."

"അവിടില്ലാത്ത സമാധാനം ഇവിടൊണ്ടോ? തനിക്ക് വരണെങ്കി വാ. താൻ വന്നതുകൊണ്ട് ഇവിടെ ടെൻഷൻ കൂടാൻ പോകുന്നില്ല. കുറയാനും പോകുന്നില്ല."

"ഇവിടെ അമ്മ അച്ഛനേം എന്നേം ചോദ്യംചെയ്യുന്നു. അമ്മയ്ക്ക് എന്തൊക്കെയോ മനസ്സിലായ മാതിരി..."

"പെണ്ണുങ്ങളോട് പോകാൻ പറയെടോ. പരാതി പറയാനും കരയാനുമല്ലാതെ അവരെ എന്തിനു കൊള്ളാം..."

"ഞാനങ്ങോട്ടു വരാം..."

"ശരി..." ഹേമചന്ദ്രൻ കോൾ കട്ട് ചെയ്തു. അൽപസമയത്തിനുള്ളിൽ വലതുകയ്യിലിരുന്ന മൊബൈൽ ഫോൺ ശബ്ദിച്ചു തുടങ്ങി. അഡ്വക്കറ്റ് സേതുരാജാണ് വിളിക്കുന്നതെന്ന് കണ്ട് അയാൾ വേഗം കോൾ അറ്റൻഡ് ചെയ്തു.

"സാർ- സ്റ്റേ ഓർഡർ കിട്ടി. എറണാകുളത്ത് അഡ്വക്കറ്റ് മുരളീകൃഷ്ണൻ ഇപ്പോ വിളിച്ചിട്ടുണ്ടാരുന്നു."

"ഓർഡർ എത്രയും വേഗം ഇ-മെയിലായിട്ട് മണിമല സ്റ്റേഷനിലേക്ക് സെൻഡ് ചെയ്യാൻ പറ സേതുരാജ്. പ്രിന്റൊക്കെ ഞാൻ തന്നെ ഏർപ്പാടാക്കി അവിടെ വെച്ചിട്ടൊണ്ട്. അവരു കുഴിക്കുന്നതിനു മുൻപു സ്റ്റേ ഉത്തരവ് കൈമാറണം."

"അതെല്ലാം അറേഞ്ച് ചെയ്തുകഴിഞ്ഞു."

"ഗുഡ്... വെരിഗുഡ്... താങ്ക്യൂ. സെൻഡ് ചെയ്തിട്ട് വിളിക്കൂ." ഹേമചന്ദ്രൻ ഉഷാറായി. കോൾ കട്ട് ചെയ്തിട്ട് അയാൾ ബാലകൃഷ്ണമേനോനെ സമീപിച്ചു പറഞ്ഞു.

"ഇനി ആരും ഒരു ചുക്കും ചെയ്യാനില്ല. സ്റ്റേ ഓർഡറായി. അഞ്ച് പത്ത് മിനിറ്റിനകത്ത് അവിടെത്തും." ബാലകൃഷ്ണമേനോൻ സംശയത്തോടെ അയാളുടെ കണ്ണുകളിലേക്കു നോക്കി.

"അതുകൊണ്ട് നമുക്ക് രക്ഷപ്പെടാൻ പറ്റ്വോ?"

"അങ്ങനെയേ പറ്റൂ."

ഹേമചന്ദ്രൻ പിറുപിറുത്തു.

ഏതാനും മിനിറ്റുകൾക്കകം മണിമല സ്റ്റേഷനിൽനിന്നു കോൾ വന്നു. സ്റ്റേ ഓർഡർ ഇ-മെയിലായി സ്റ്റേഷനിൽ കിട്ടിയെന്നും അതിന്റെ പകർപ്പെടുത്തുകൊണ്ട് പോലീസ് ജീപ്പ് അവിടേക്കു തിരിച്ചിട്ടുണ്ടെന്നും. ഗേറ്റ് കടന്ന് ഒരു കാർ വരുന്നുണ്ടായിരുന്നു. വീട്ടുമുറ്റത്ത് കാർ നിന്നു. അതിൽനിന്നു ഹരീന്ദ്രൻ തിടുക്കത്തിൽ ഇറങ്ങി. അയാൾ ആകാംക്ഷയോടെ ഹേമചന്ദ്രനെ സമീപിച്ചു.

"പേടിക്കണ്ട. എല്ലാം ശരിയായി. നമുക്ക് അങ്ങോട്ടുപോകാം."

ഹരീന്ദ്രന് അതു കേട്ടപ്പോൾ ഉഷ്ണച്ചൂടിൽ വേവുന്ന ദേഹത്തേക്ക് ഒരു കുളിർകാറ്റ് വീശിയ ആശ്വാസമുണ്ടായി.

*** *** ***

രാജഗോപാലിന്റെ കാർ റോഡരികിൽ വന്നു നിന്നു. അവിടെ ഒരു വാഹനനിരതന്നെ രൂപപ്പെട്ടിരുന്നു. അതിന്റെ ഏറ്റവും പിന്നിലായി രാജഗോപാലിന്റെ കാറും.

കിഷോർ മുൻസീറ്റിൽനിന്ന് ഇറങ്ങി നാലുപാടും നോക്കി. അല്ലിമയോട് ഇറങ്ങിവരാൻ കൈകൊണ്ട് ആംഗ്യം കാട്ടി.

അല്ലിമയും രാജഗോപാലും ഇറങ്ങി. അവർ വാഹനനിരയ്ക്കരികിലൂടെ മുന്നോട്ടുനീങ്ങി. കയ്യാലക്കെട്ട് പൊളിച്ചിട്ടിരിക്കുന്ന ഭാഗത്തെത്തി.

"സംഗതി തുടങ്ങിക്കഴിഞ്ഞ ലക്ഷണമാ..." കിഷോർ തോട്ടത്തിലേക്ക് കൈ ചൂണ്ടിക്കാട്ടി. അല്ലിമയും രാജഗോപാലും തോട്ടത്തിലേക്ക് നോക്കി. അവിടെ ഒരാൾക്കൂട്ടമുണ്ട്. ഒരിടത്ത് തെങ്ങു മുറിക്കുന്ന പണി നടക്കുകയാണ്. ജെസിബി തെങ്ങിനു ചുറ്റുമുള്ള മണ്ണ് മാന്തിയിളക്കുന്നു. പോലീസുകാരെയും കാണാനുണ്ട്. കൂട്ടത്തിൽ സന്ദീപിനെയും കണ്ടു.

"നമുക്കങ്ങോട്ടു ചെല്ലാം."

രാജഗോപാലും അല്ലിമയും കിഷോറും കൂടി തോട്ടത്തിലേക്ക് നടന്നു നീങ്ങി.

റബർ ടാപ്പ് ചെയ്യുന്നവർ നടന്നു തെളിഞ്ഞ വഴിയിലൂടെ പാതി ദൂരമെത്തിയപ്പോഴേക്കും പോലീസ് കൈകാട്ടി അവരെ തടഞ്ഞു.

"നിങ്ങളൊക്കെ ആരാ? എന്താ ഇവിടെ കാര്യം?"

"ഞാൻ എറണാകുളത്തുന്നിന്നു വരികയാ." രാജഗോപാൽ പറഞ്ഞു. "ആലുവ റൂറൽ എസ്പി വിക്രം ശ്രീനിവാസിന്റെ അനുവാദത്തോടെയാ ഞങ്ങൾ വന്നിരിക്കുന്നത്."

അപ്പോഴേക്കും സന്ദീപ് അവിടേക്കു വന്നു. സിഐ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനോടു പറഞ്ഞു. "ഈ പെൺകുട്ടിയുടെ അച്ഛന്റെ കേസാണ് നമ്മൾ അന്വേഷിക്കുന്നത്."

സിഐ അല്ലിമയെ ഒന്നുകൂടി നോക്കി. മനസ്സിലായ മട്ടിൽ തലയാട്ടി. ആളുകളോടു മാറിനിൽക്കാൻ ആരോ വിളിച്ചു പറയുന്നുണ്ടായിരുന്നു.

'ചെയ്ൻ സോ'യുമായി തെങ്ങു മുറിക്കുന്ന ആൾ തെങ്ങിൻ തടിയുടെ മുകളറ്റത്ത് അരയിൽ ബന്ധിച്ച കയറിൽ ചാരിനിന്ന് തെങ്ങിന്റെ മണ്ട മുറിക്കുന്നുണ്ടായിരുന്നു. തെങ്ങ് ചാഞ്ഞുനിന്ന വശത്തേക്ക് നിമിഷങ്ങൾക്കുള്ളിൽ ഓലകളും തേങ്ങയും കരിക്കും വെള്ളയ്ക്കയുമടക്കമുള്ള അതിന്റെ മണ്ട മുറിഞ്ഞ് നിലംപതിച്ചു. തേങ്ങകളും കരിക്കും പൂക്കുലകളുമടക്കം നിലത്തടിച്ചു ചിതറി.

തെങ്ങുമുറിക്കുന്ന ആൾ കുറച്ചു താഴേക്കിറങ്ങി തെങ്ങിന്റെ മധ്യഭാഗത്ത് യന്ത്രവാൾ വെച്ച് മുറിക്കുന്ന ജോലി തുടർന്നു. അതും ഏതാനും മിനിറ്റുകൾക്കുള്ളിൽ വീണു. ചെയിൻ സോയുമായി താഴെയിറങ്ങി വന്ന തെങ്ങുവെട്ടുകാരൻ നിലത്തുനിന്ന് ഒരടിയോളം മുകളിൽവെച്ച് തെങ്ങ് ചുവടെ അറത്തു. അതും വീണുകഴിഞ്ഞപ്പോൾ ജെസിബി വന്ന് അതിന്റെ യന്ത്രക്കൈകൊണ്ട് തെങ്ങിൻതടികളെ നിരക്കി മാറ്റി.

*** *** ***

അനിബാബുവും കൂടെയുള്ള നാലുപേരും ചേർന്ന് വലിച്ച കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റ് റോഡ് സൈഡിൽനിന്നു പണിപ്പെട്ട് പൊക്കി റോഡിനു കുറുകെ വെച്ചു. ലോറിക്ക് ലോഡ് കയറ്റാൻ വേണ്ടി മുറിച്ച് റോഡരികിൽ അടുക്കിയിരുന്ന റബർ മരത്തടികൾ ഇലക്ട്രിക് പോസ്റ്റിന് അപ്പുറവും ഇപ്പുറവും അടുക്കി. അതിനുശേഷം അവർ തൊട്ടടുത്ത പുഴക്കരയിലേക്കു നടന്നു പോയി. അവിടെ കയ്യുംകാലും കഴുകി. അനിബാബു തന്റെ കൂടെവന്ന, പണിക്കാർക്ക് ആളൊന്നുക്ക് അയ്യായിരം രൂപ വീതം കൊടുത്തു പറഞ്ഞയച്ചു.

മണിമല പോലീസ് സ്റ്റേഷനിൽനിന്നു കോടതിയുടെ സ്റ്റേ ഉത്തരവുമായി പാഞ്ഞുവന്ന ജീപ്പ് റോഡിനു കുറുകെവെച്ച ഇലക്ട്രിക് പോസ്റ്റിനു മുന്നിൽ സഡൻ ബ്രേക്കിട്ടു. മണിമല എസ്എച്ച്ഒ ജെയിംസ് കുര്യനൊപ്പം ഒരു കോൺസ്റ്റബിളും ഡ്രൈവറും മാത്രമേയുള്ളൂ.

"ഇതേത് റാസ്കൽ ചെയ്തുവെച്ച പണിയാ..." ജയിംസ്കുര്യൻ ആരോടെന്നില്ലാതെ ആക്രോശിച്ചു. അയാൾ ജീപ്പിൽനിന്ന് ഇറങ്ങി നോക്കി.

"എടുത്ത് മാറ്റ്. പോകണ്ടേ..."

ജയിംസ് കുര്യൻ ആജ്ഞാപിച്ചു. ഡ്രൈവറും കോൺസ്റ്റബിളും മനസ്സില്ലാമനസ്സോടെ ഇറങ്ങി. കോൺക്രീറ്റ് പോസ്റ്റ് പിടിച്ച് ഉയർത്താൻ അലസമായി ഒന്നു രണ്ടു തവണ ശ്രമിച്ചിട്ട് കോൺസ്റ്റബിൾ പറഞ്ഞു.

"സാറേ, ഇത് മാറ്റാൻ രണ്ടു പേരൊന്നും പോരാ. ഈ റബർ കട്ടൻസെല്ലാം പെറുക്കി മാറ്റണ്ടേ. അത് ആരെക്കൊണ്ട് പറ്റും?"

ജയിംസ് കുര്യൻ എന്തുവേണമെന്നറിയാതെ നിന്നു. അയാളുടെ മൊബൈലിലേക്ക് ഒരു കോൾ വരുന്നുണ്ടായിരുന്നു. ഹേമചന്ദ്രനാണെന്നു കണ്ട് അയാൾ അറ്റൻഡ് ചെയ്തു-"ഹലോ സാർ."

"എടോ താനെവിടെത്തി? അവര് തെങ്ങ് മുറിച്ചു കഴിഞ്ഞു. എവിടെ സ്റ്റേ ഓർഡർ?"

"സാർ... റോഡിലൊരു തടസ്സം. കോൺക്രീറ്റ് പോസ്റ്റ് വിലങ്ങനെ ഇട്ട് വഴി തടഞ്ഞിരിക്കുന്നു. കുറെ റബർ തടികളും ഉണ്ട്."

"ഷിറ്റ്... ആര് ചെയ്തു?"

"അറിയില്ല സാർ..."

"വേറെ വഴിയൊന്നുമില്ലേടോ?"

"തിരിച്ചുപോയിട്ടു പള്ളിപ്പടി വഴി വരാം സാർ..."

"അതിന് ഇനീം അരമണിക്കൂർ കൂടി സമയമെടുക്കില്ലേടോ?"

"പെട്ടെന്നു വരാം സാർ... വേറെ വഴിയില്ല." ജയിംസ് കുര്യൻ ജീപ്പിൽ കയറിയിട്ട് തിരിച്ചുപോകാൻ ഡ്രൈവർക്കു നിർദേശം നൽകി.

*** *** ***

ജഗന്നാഥക്കുറുപ്പ് കൈവരി പിടിച്ച് പാതിയോളം കോണിപ്പടികൾ കയറി.

കിതച്ചും കൊണ്ട് അവിടെ നിന്നു.

ഇനി ബാക്കി പടികൾ കയറണോ എന്നറിഞ്ഞുകൂടാ. എന്തിനാണ് ഇത്രയും കയറിയതെന്നും അറിയില്ല. അയാൾ പിന്നാക്കം തിരിഞ്ഞു നോക്കി. ഉണ്ണി വായും തുറന്ന് നോക്കിനിൽക്കുന്നു.

കാഴ്ചയിൽ ഒരു പുരുഷൻ!

മുഖത്ത് ബുദ്ധിമാന്ദ്യത്തിന്റെ എല്ലാ ലക്ഷണങ്ങളും. ഉന്തിനിൽക്കുന്ന വലിയ കണ്ണുകളിൽ നിഷ്കളങ്കതയും അമ്പരപ്പും.

ക്കൊണ്ടിരിക്കുന്നു."

ജഗന്നാഥക്കുറുപ്പിന്റെ നട്ടെല്ലിലൂടെ തണുത്ത ഒരു വിറയൽ പാഞ്ഞു.

"ഹേമചന്ദ്രനില്ലേ അവിടെ?"

"ആരൊയൊക്കെയോ ചീത്ത വിളിച്ചോണ്ടു നിൽക്കുന്നു. സ്റ്റേ ഓർഡർ കിട്ടിയെങ്കിലും അത് എത്തേണ്ടിടത്ത് എത്തിക്കാൻ കഴിയാത്തതിന്റെ ദേഷ്യമാ..."

"ഉം..."

"ശരി അച്ഛൻ ധൈര്യമായിട്ടിരിക്കണം. എല്ലാം ശരിയാകുമായിരിക്കും. ഞാൻ വെക്കട്ടെ." രണ്ടു നിമിഷത്തിനകം കോൾ മുറിഞ്ഞു. ജഗന്നാഥക്കുറുപ്പ് രണ്ടോ മൂന്നോ തവണ ആ ഫോണിലേക്ക് നോക്കി. ഇനിയും എന്തോ കേൾക്കാനുള്ളപോലെ. ഇനിയും എന്തോ ചോദിക്കാനുള്ളപോലെ.

*** *** ***

ജെസിബിയുടെ യന്ത്രക്കൈ മണ്ണുമാന്തി കോരിയെടുത്ത് നിരപ്പായ സ്ഥലത്തേക്കു കൂമ്പാരം കൂട്ടുന്ന പ്രക്രിയ തുടർന്നുകൊണ്ടിരുന്നു. ഒരു വലിയ തെങ്ങിൻ തടത്തിന്റെ വ്യാസത്തിൽ തുടങ്ങിയ കുഴിയുടെ വിസ്താരം അനുക്രമം കൂടിക്കൂടി വന്നു. ആറടിയോളം താഴ്ന്നപ്പോൾതന്നെ ഒരു മുറിയുടെ വലുപ്പമായി.

പ്രത്യേകിച്ച് ഒന്നും കാണാനില്ല.

റേറ്റർ കൂസലെന്യേ പറഞ്ഞു.

"അത് പത്തുമിനിറ്റിനകത്ത് എത്തും. തൽക്കാലം കുഴിക്കല് നടക്കട്ടെ." സന്ദീപ് പറഞ്ഞു. ഓപ്പറേറ്റർ സന്ദീപിനെ സൂക്ഷിച്ചൊന്നു നോക്കിയിട്ട് 'എനിക്കൊന്നു മൂത്രമൊഴിക്കണം' എന്നു പറഞ്ഞ് റബർ മരങ്ങൾക്കിടയിലൂടെ ആറ്റുമാലിയിലേക്ക് നടന്നു പോയി. ഒരു റബർ മരത്തിന്റെ മറവിൽ കുത്തിച്ചിരുന്നിട്ട് അയാൾ മൊബൈൽ ഫോൺ എടുത്തു. അതിൽ പലതവണയായി വന്നു കിടക്കുന്ന മിസ്ഡ്കോൾ നമ്പറിലേക്ക് വിളിച്ചു.

മറുവശത്തുനിന്ന് കർക്കശമായ ശബ്ദം കേട്ടു.

"എത്ര നേരമായെടാ നായിന്റെ മോനെ വിളിക്കുന്നത്. നീയെന്താ ഫോണെടുക്കാത്തെ."

"മൊതലാളീ ജെസീബീന്റെ ചുറ്റും പോലീസാ. പിന്നെ വീഡിയോ കാമറേം മൊബൈൽ കാമറേം എല്ലാം ഒണ്ട്."

"കുഴിച്ചിട്ട് ഇതുവരെ കൊഴപ്പമൊന്നും ഇല്ലല്ലോ...?"

"ഇല്ല മൊതലാളീ."

"കല്ലാറ്റുപടിക്കേന് മേനോനങ്ങുന്ന് ഉഗ്രശാസനം തന്നേക്കുവാ... ആറടിക്കപ്പുറത്തോട്ട് കുഴിക്കണ്ടാന്ന്."

"ഇപ്പത്തന്നെ ആറടിയായി. പക്ഷേങ്കി പോലീസുകാര് ഇനീം കുഴിക്കാനാ പറയുന്നെ."

"വല്ലാണ്ട് നിർബന്ധിച്ചാ... ഒന്നല്ലെങ്കി ഒന്നരയടി. അതിന്റടീലോട്ട് പാറയാണെന്നു പറഞ്ഞേക്ക്. പിന്നെ നിർബന്ധിച്ചാലും അവിടവിടെ ചൊറിഞ്ഞോണ്ട് നിന്നാ മതി."

"ശരി മൊതലാളി."

ജെസിബി ഓപ്പറേറ്റർ തിരികെ വരുന്നതും കാത്ത് സന്ദീപും സംഘവും അക്ഷമരായിനിന്നു.

പോലീസുകാരെയും മറ്റുള്ളവരെയും രസിക്കാത്ത മട്ടിൽ നോക്കിയിട്ട് അയാൾ കാബിനിലേക്കു കയറി. തനിക്ക് ആകാവുന്നിടത്തോളം മന്ദഗതിയിൽ കുഴിയിൽനിന്ന് മണ്ണുമാന്തി കോരുന്ന പണി തുടർന്നു.

കോട്ടയത്തെ എസ്പി ഓഫീസിൽനിന്നു നിയോഗിച്ചിരിക്കുന്ന, കേസിന്റെ മേൽനോട്ടച്ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥനെ സമീപിച്ച് സന്ദീപ് പറഞ്ഞു.

"സാർ.. ഇവിടെ മണ്ണുകുഴിക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള കോർട്ട് ഓർഡർ മണിമല സ്റ്റേഷനിൽ എത്തിയതായി വിവരം കിട്ടീട്ടൊണ്ട്. മണിമല പോലീസ് അതുമായി ഉടനെ എത്തും."

"അതു സാരമില്ല. ഞാൻ കൈകാര്യം ചെയ്തോളാം..." പോലീസ് ഓഫീസർ സമാധാനിപ്പിച്ചു.

അയാൾ തന്റെ സഹായികളായി വന്ന പോലീസുകാരെ വിളിച്ച് ഇനി ആരും റബർ തോട്ടത്തിലേക്ക് കയറാതിരിക്കാനുള്ള മുൻകരുതലെടുക്കാൻ നിർദേശിച്ചു.

"മണിമല സ്റ്റേഷനിലെ പോലീസ് വന്നാലും ഈ ജോലി തീർന്നിട്ടുമതി മറ്റെന്തു നടപടിയും." പോലീസുകാർ ഉടൻതന്നെ റോഡരികിൽ പോയി കാവൽനിന്നു. അൽപസമയത്തിനുള്ളിൽ മണിമല സ്റ്റേഷനിലെ ജീപ്പ് അവിടെയെത്തി. പോലീസ് ഓഫീസർ നിയോഗിച്ച കോൺസ്റ്റബിൾമാർ ജീപ്പ് തോട്ടത്തിലേക്ക് പ്രവേശിക്കാതെ തടഞ്ഞു.



താൻ ഇന്നോളം ചെയ്തുകൂട്ടിയ സകല തിന്മകളുടെയും പ്രതിഫലമാണ് ജ്ഞാനത്തിന്റെ നദി താണ്ടാനാവാതെ മറുകര പകച്ചു നിൽക്കുന്ന പുരുഷജന്മമെന്ന് ജഗന്നാഥക്കുറുപ്പ് ഒരു നിമിഷം അന്ധാളിച്ചുപോയി.

ഇതുവരെ ആലോചിച്ചതും ആശങ്കപ്പെട്ടതുമെല്ലാം മറന്ന് ഒരു വിഡ്ഢിയെപ്പോലെ എന്തിനെന്നറിയാതെ അയാൾ പടികളിറങ്ങി. മല്ലിക ഹാളിന്റെ ഒത്ത നടുക്ക്, ഇരിപ്പിടങ്ങൾക്കു മധ്യേ ഊന്നുവടിയുടെ സഹായത്തോടെ നിൽപുണ്ടായിരുന്നു.

"ഇനിയെങ്കിലും സത്യം പറ. എല്ലാരും കൂടെ കൊന്നതാണോ? കൊല്ലിച്ചതാണോ?" ജഗന്നാഥക്കുറുപ്പ് ആ ചോദ്യം കേട്ടില്ലെന്നു ഭാവിച്ചു. അയാളുടെ ഇടതു കയ്യിലിരുന്ന മൊബൈൽ ഫോണിലേക്ക് കോൾ വരുന്നുണ്ടായിരുന്നു. ഹരീന്ദ്രനാണെന്നു മനസ്സിലായ ഉടൻ തന്നെ അയാൾ ഫോണെടുത്തു.

"അച്ഛാ നമ്മൾ ഉദ്ദേശിച്ചപോലെ ഒന്നും നടന്നില്ല. ഇടയ്ക്ക് എന്തൊക്കെയോ തടസ്സങ്ങൾ. ഒരുപക്ഷേ, പോലീസ് അങ്ങോട്ടു വന്നേക്കും. അച്ഛൻ അവരോടു സംസാരിക്കാൻ നിൽക്കണ്ട. സുഖമില്ലെന്നു പറഞ്ഞ് മുറിയിലിരുന്നാ മതി."

"തോട്ടത്തിലെന്തായി കാര്യങ്ങൾ?"

ജഗന്നാഥക്കുറുപ്പ് പരവശനായി ചോദിച്ചു.

"തെങ്ങ് മുറിച്ചു കുറ്റി പിഴുതുമാറ്റി. ജെസിബി കുഴി മാന്തി

ആകാംക്ഷയിൽ മുഴുകി നിൽക്കുകയാണ് തോട്ടത്തിലും റോഡിലുമുള്ള കാഴ്ചക്കാരും പോലീസുകാരും. സന്ദീപും അല്ലിമയും രാജഗോപാലും ശ്വാസം പിടിച്ച മട്ടിലാണ് നിൽപ്.

ജെസിബി ഓപ്പറേറ്റർ മണ്ണുമാന്തിയുടെ പ്രവർത്തനം അൽപനേരത്തേക്കു നിർത്തിയിട്ട് കാബിനിൽനിന്നു പുറത്തേക്കിറങ്ങി.

"സാറെ എനിക്കൊരു ചായ കുടിക്കണം. ഇവിടടുത്ത് എവിടെങ്കിലും ചായക്കടയൊണ്ടെങ്കി പോയി കുടിച്ചിട്ട് വരാം."

ജെസിബി ഓപ്പറേറ്റർ പറഞ്ഞു.

"എടോ രണ്ടു മണിക്കൂർ തികച്ച് ജോലി ചെയ്തില്ലല്ലോ. അതിനുമുൻപു തനിക്ക് ചായ കഴിക്കണോ?" പോലീസ് ഉദ്യോഗസ്ഥൻ ദേഷ്യപ്പെട്ടു.

"സാറെ, രാവിലെ കാര്യമായിട്ടൊന്നും കഴിച്ചില്ല."

"താൻ കൈകൊണ്ടല്ലല്ലോ മണ്ണുമാന്തുന്നെ. യന്ത്രം കൊണ്ടല്ലേ. പിന്നെന്താ തനിക്കിത്ര ക്ഷീണം?"

"ചായ കുടിച്ചില്ലെങ്കി തലകറങ്ങും സാറെ..." സംഗതി എന്തെന്നറിയാൻ സന്ദീപ് അങ്ങോട്ടു വന്നു. കാര്യം പറഞ്ഞപ്പോൾ സന്ദീപ് ഇടപെട്ടു.

"ചായ ഇവിടെ വരുത്താം. കഴിക്കാൻ എന്തെങ്കിലും വേണെങ്കി അതുംകൂടി പറഞ്ഞേക്ക്."

"നാലു പൊറോട്ടേം രണ്ട് ബീഫ് ഫ്രൈയും." ജെസിബി ഓപ്പ

"കോർട്ട് ഓർഡറും കൊണ്ട് വന്നിരിക്കയാ." ജയിംസ് കുര്യൻ അനിഷ്ടത്തോടെ മുരണ്ടു.

"വലിയൊരു കൊലക്കേസിന്റെ തെളിവെടുപ്പ് നടന്നോണ്ടിരിക്കുവാ. ഒരീച്ചയെപ്പോലും തോട്ടത്തിലേക്ക് കേറ്റിവിടരുതെന്നാ ഞങ്ങക്ക് കിട്ടിയേക്കുന്ന ഓർഡർ. എല്ലാം നോക്കണ്ടേ നമ്മൾ."

ജയിംസ് കുര്യനു മറുത്തുപറയാൻ വയ്യ.

തന്റെയും കൂടി അറിവോടെയും സഹകരണത്തോടെയുമാണ് കേസന്വേഷണം പുരോഗമിക്കുന്നത് എന്നാണ് വയ്പ്. കാരണം, മണിമല പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിലാണ് ഇതെല്ലാം നടക്കുന്നത്. പൊൻകുന്നം സിഐയുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട പ്രത്യേക സംഘമാണ് അന്വേഷണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. അത് നിയന്ത്രിക്കുന്നതാകട്ടെ കോട്ടയത്തെ എസ്പി ഓഫീസിൽനിന്നും.

ഏഴടിയോളം കുഴി താഴ്ത്തിയശേഷം ജെസിബി ഓപ്പറേറ്റർ നീണ്ട യന്ത്രക്കൈ കുഴിയിലിട്ട് അങ്ങിങ്ങ് ചികയാൻ തുടങ്ങി. അവിടെ കുഴിക്കൂ എന്ന് പോലീസ് ചൂണ്ടിക്കാട്ടുമ്പോൾ കുറച്ച് മണ്ണുകോരിയെടുക്കും.

"പോത്തിന്റെ അവശിഷ്ടമെങ്കിലും കിട്ടണ്ടേ." പോലീസ് ഓഫീസർ ജെസിബി ഓപ്പറേറ്ററോട് തട്ടിക്കയറി. "ഇയാൾക്കു കുഴിക്കാനെന്താ ഇത്ര മടി?"

(ശേഷം 30-ാം പേജിൽ)

## വയോജനങ്ങൾ ഇരട്ടിയാകും

ന്യൂഡൽഹി: 2050 ആകുമ്പോഴേക്കും ഇന്ത്യയിൽ വയോജനങ്ങളുടെ എണ്ണം ഇരട്ടിയാകുമെന്ന് യുഎൻഎഫ്പിഎ (ജനസംഖ്യാ പ്രവർത്തനങ്ങൾക്കായുള്ള ഐക്യരാഷ്ട്രസഭാ ഫണ്ട്)യുടെ ഇന്ത്യയിലെ മേധാവി ആൻഡ്രിയ വൊയ്നർ പറഞ്ഞു. പിടിഐക്ക് നൽകിയ അഭിമുഖത്തിലാണ് ഇക്കാര്യം പറഞ്ഞത്.

# ചന്ദിപുര വൈറസ്ബാധ: ഗുജറാത്തിൽ 32 കുട്ടികൾ മരിച്ചു

അഹമ്മദബാദ്: ഗുജറാത്തിൽ വ്യാപകമായി ചന്ദിപുര വൈറസ് ബാധ. സംസ്ഥാനത്ത് 13 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചതോടെ ആകെ രോഗികളുടെ എണ്ണം 84 ആയി. ഒൻപത് മാസം മുതൽ 14 വയസ് വരെയുള്ള കുട്ടികളെയാണ് രോഗം പ്രധാനമായും ബാധിക്കുന്നത്. 27 ജില്ലകളിലാണ് രോഗം സ്ഥിരീകരിച്ചത്. ചന്ദിപുര വൈറസ് രോഗം ബാധിച്ച് 32 പേർ ഇതിനകം മരിച്ചു. അഹമ്മദബാദ്, ബനസ്കന്ത, സുരേന്ദ്രനഗർ, ഗാന്ധിനഗർ, ഖേഢ, മെഹ്സാന, നർമദ, വഡോദര,, രാജ്കോട്ട് എന്നീ ജില്ലകളിലാണ് പുതിയ രോഗബാധിതർ ഉള്ളത്. പുണെയിലെ വൈറോളജി ലാബിലാണ് രോഗം സ്ഥിരീകരിച്ചത്. പ്രത്യേക രോഗലക്ഷണങ്ങളോടെ മരിച്ചവരുടെ സാമ്പിളുകളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ജൂലൈ ഒന്നിനാണ് സംസ്ഥാനത്ത് രോഗം സ്ഥിരീകരിച്ചത്. അണുവാഹകരായ സാൻഡ് ഫ്ളൈ കടിക്കുന്നതിലൂടെയാണ് വൈറസ് മനുഷ്യരിലേക്ക് പടരുന്നതെന്നാണ് നിഗമനം. ചന്ദിപുര വെസിക്കുലോവൈറസ് (സിഎച്ച്പിവി) എന്ന പേരിൽ അറിയപ്പെടുന്ന ഈ ആർഎൻഎ വൈറസ്, പേവിഷബാധയുണ്ടാക്കുന്ന റാബിസ് വൈറസിന്റെ കുടുംബമായ റാബ്ഡോവിറിഡയിൽ ഉൾപ്പെടുന്നതാണ്. മഹാരാഷ്ട്രയിലെ ചന്ദപുര ഗ്രാമത്തിൽ 1965-ലാണ് ഈ വൈറസ് ആദ്യമായി കണ്ടെത്തിയത്. ശക്തമായ പനി, മസ്തിഷ്കജ്വരം (അക്യൂട്ട് എൻസെഫലൈറ്റിസ്) എന്നിവയാണ് വൈറസ് രോഗലക്ഷണങ്ങൾ, കൊതുകുകൾ, ഈച്ചകൾ തുടങ്ങിയവയാണ് രോഗം പരത്തുന്നത്.

## ഏഴാം നാളിലും തെരച്ചിൽ ഊർജിതം

(3-ാം പേജിൽനിന്നും)

മണ്ണ് നീക്കുന്നതിനിടെ മലവെള്ളം കുത്തിയൊഴുകി വീണ്ടും ചെറുതും വലുതുമായ മണ്ണിടിച്ചിലുകളും ഉണ്ടാകുന്നുണ്ട്.

കൂടുതൽ ആഴത്തിലുള്ള വസ്തുക്കൾ കണ്ടുപിടിക്കാൻ ശേഷിയുള്ള അത്യാധുനിക ഉപകരണങ്ങൾ ബെംഗ്ളൂരുവിൽ നിന്നും എത്തിക്കുമെന്നു സൈന്യം അറിയിച്ചു. ഇവയുടെ സഹായത്തോടെ പുഴയിലും തെരച്ചിൽ നടക്കും. ശക്തമായ കുത്തിയൊഴുക്കിനിടയിൽ പുഴയിൽ അവിടവിടെ മൺകൂനകൾ രൂപപ്പെട്ടിട്ടുണ്ട്. ഈ ഭാഗങ്ങൾ കേന്ദ്രീകരിച്ചാണ് തെരച്ചിൽ.

പശ്ചിമഘട്ട മലനിരയുടെ താഴ്വാരത്തിൽ മല കണക്കെ ഇടിഞ്ഞുവീണ മൺകൂനയ്ക്കുള്ളിൽ 90 മണിക്കൂറോളം അതിജീവിച്ച് അർജുൻ ജീവിതത്തിലേക്ക് തിരിച്ചു വരുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയാണ് കേരളം. കന്യാകുമാരി-പനവേൽ ദേശീയപാത 66-ൽ മംഗളൂരു-ഗോവ റൂട്ടിൽ അങ്കോളയ്ക്കു സമീപം ഷിരൂരിലാണ് അർജുൻ ഓടിച്ച ലോറി വൻ മണ്ണിടിച്ചിലിൽപ്പെട്ടത്.

16-ന് ചൊവ്വാഴ്ച രാവിലെ 8.30-ന് ആയിരുന്നു അപകടം.

## നിപ: പ്രതിരോധ നടപടികൾ ഊർജിതം

(3-ാം പേജിൽനിന്നും)

ഇവരിൽ 63 പേർ ഹൈ റിസ്ക് വിഭാഗത്തിലാണ്. മരിച്ച കുട്ടിയുമായി സമ്പർക്കമുണ്ടായ നാലുപേർക്ക് രോഗലക്ഷണമുണ്ട്. ഇവരുടെ സ്രവപരിശോധനാഫലം ഉടൻ ലഭിക്കും. ഹൈറിസ്ക് വിഭാഗത്തിലുള്ള എല്ലാവരുടെയും സാമ്പിളുകളും പരിശോധിക്കും. ആദ്യഘട്ടത്തിൽ ലക്ഷണങ്ങളുള്ളവരുടെ സാമ്പിളുകളാണ് എടുക്കുക. അതിനിടെ, നിപ ബാധിതനായ ഒരാളെക്കൂടി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച സാഹചര്യത്തിൽ ഇവിടെ നിയന്ത്രണമേർപ്പെടുത്തി. അത്യാവശ്യമുള്ളവർ മാത്രം ഒപി പരിശോധനയ്ക്ക് എത്തിയാൽ മതിയെന്നാണ് ആരോഗ്യവകുപ്പിന്റെ നിർദേശം. ആശുപത്രിയിൽ സന്ദർശകർക്കു കർശന നിയന്ത്രണമുണ്ട്.

നിപ രോഗലക്ഷണവുമായി മഞ്ചേരി മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന അറുപത്തിനാലുകാരനെയാണ് കോഴിക്കോട് മെഡിക്കൽ കോളജിലേക്കു മാറ്റിയത്. നിപ ബാധിച്ചു മരിച്ച കുട്ടിയുടെ വീട്ടിൽനിന്നു രണ്ടു കിലോമീറ്റർ അകലെ താമസിക്കുന്ന ആളാണിത്. മരിച്ച കുട്ടിയുമായി നേരിട്ടു സമ്പർക്കമില്ല.

ഈ മാസം 10-ന് പനി ബാധിച്ച പതിനാലുകാരൻ 12-ന് സ്വകാര്യ ക്ലിനിക്കിൽ ചികിത്സ തേടിയിരുന്നു. 13-ന് പാണ്ടിക്കാട്ടെ സ്വകാര്യ ആശുപത്രിയിലും ചികിത്സ തേടി. 15-ന് ഇതേ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പനി കുറയാത്തതിനാൽ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്കും തുടർന്നു കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്കും മാറ്റുകയായിരുന്നു.

കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർക്ക് സംശയം തോന്നി കുട്ടിയുടെ സാമ്പിൾ ശേഖരിച്ച് പരിശോധിച്ചപ്പോഴാണ് നിപ സ്ഥിരീകരിച്ചത്.

കേരളത്തിൽ നിപ ബാധിച്ചുള്ള 21-ാമത്തെ മരണമാണിത്. കേരളത്തിൽ ആദ്യമായി 2018-ൽ കോഴിക്കോട്ടാണ് നിപ സ്ഥിരീകരിച്ചത്.

## നോവൽ

(29-ാം പേജിൽ നിന്നും)

"ചെങ്കല്ലും പാറയുമാ സാറേ. ഇനിയങ്ങോട്ട് താഴത്തില്ല." കുറച്ച് മണ്ണും ചരലും കൂടി നീക്കിക്കഴിഞ്ഞപ്പോൾ ജീർണിച്ച അസ്ഥിഖണ്ഡങ്ങൾ അങ്ങിങ്ങ് തെളിഞ്ഞു.

"സൂക്ഷിച്ച്... വളരെ സൂക്ഷിച്ച്..."

പോലീസ് ഓഫീസർ ജാഗ്രതാ നിർദേശം നൽകി. തോട്ടത്തിൽ തറയിൽ വിരിച്ചിട്ട ടാർപോളിൻ ഷീറ്റിനു മീതേക്ക്, ജെസിബിയുടെ ബക്കറ്റ് മണ്ണും അസ്ഥിക്ഷണവും കോരിയിട്ടു തുടങ്ങി. തണ്ടെല്ലിന്റെയും കാലുകളുടെയും തലയോട്ടിയുടെയും കൊമ്പുകളുടെയും അവശിഷ്ടങ്ങൾ ടാർപോളിനിലെ മൺകൂനയിൽ കലർന്നുകിടന്നു. ജെസിബിയുടെ എഞ്ചിൻ നിർത്തിയിട്ട് കാബിനിൽനിന്നു തല പുറത്തേക്കിട്ട് ഓപ്പറേറ്റർ പറഞ്ഞു:

"കഴിഞ്ഞു... ഇനി ഒന്നുമില്ല. താഴെ ചെങ്കല്ലിന്റെ പാളിയാ... കുഴിക്കാൻ പറ്റത്തില്ല."

"നീ ഒന്നൂടെ നോക്കിക്കേ..." സിഐ നിർദേശിച്ചു.

അയാൾ എഞ്ചിൻ ഓൺ ചെയ്ത് ഗിയർ ലിവറുകൾ പ്രവർത്തിപ്പിച്ചു. ലോഡർ ബക്കറ്റ് ലൈനിന്റെ വശങ്ങളിലെ ലോഡർ ലിഫ്റ്റ് സിലിണ്ടറുകൾ ചലിക്കുന്നതനുസരിച്ച് വലിയ ലോഡർ ബക്കറ്റ് കമിഴ്ന്നു. കുഴിയിലെ ചെങ്കല്ലിൽ, ഘനമുള്ള ലോഡർ ബക്കറ്റ് ഇടിച്ച് ഓപ്പറേറ്റർ ചെങ്കല്ലിന്റെ കാഠിന്യം കാട്ടിക്കൊടുത്തു.

"ഇനി കുഴിച്ചാലും ഒന്നും കിട്ടത്തില്ല സാറേ."

ഓപ്പറേറ്റർ തറപ്പിച്ചു പറഞ്ഞു.

ഈ സമയം ഒരു പിക്കാക്സുമായി അനിബാബു കുഴിക്കരികിലേക്കു വന്നു.

"സാറെ ഞാൻ കുഴിച്ചു കാണിക്കാം." അയാൾ പിക്കാക്സ് ഉയർത്തിപ്പിടിച്ച് സിഐയോടു പറഞ്ഞു.

സിഐ മുഖംകൊണ്ട് ഒരാംഗ്യം കാട്ടി.

അനിബാബു പിക്കാക്സുമായി ഏഴരയടി താഴ്ചയിലേക്ക് ഊർന്നിറങ്ങി.

വെള്ളമുണ്ട് മാടിക്കുത്തി, ഷർട്ടിന്റെ രണ്ട് ബട്ടൺ അഴിച്ചിട്ടശേഷം അയാൾ ചെങ്കൽപാളിയുടെ അരികു ചേർത്ത് പിക്കാക്സിന്റെ മൂർച്ച കൂടിയ ഭാഗം കൊണ്ട് ആഞ്ഞു കൊത്തിത്തുടങ്ങി. പാളികൾക്കിടയിലെ മണ്ണ് വകഞ്ഞു മാറ്റിയശേഷം പിക്കാക്സിന്റെ കൂന്താലി പോലുള്ള ഭാഗം ഇട്ട് തിക്കി ചെങ്കൽപാളിയെ ഇളക്കി. എന്നിട്ട് കുഴിവക്കിൽ നോക്കിനിൽക്കുന്ന പോലീസുകാരോടു പറഞ്ഞു:

"സാറേ, ഇത് ചെങ്കല്ലിന്റെ പാറയൊന്നുമല്ല. എവിടുന്നോ ചെങ്കല്ലിന്റെ പാളികള് കൊണ്ട് അടുക്കീട്ട് സെറ്റായതാ."

"താൻ കെളച്ച് നോക്ക്. പറ്റാവുന്നിടത്തോളം കുത്തിയെളക്ക്." പോലീസുകാർ പ്രോത്സാഹിപ്പിച്ചു.

"സാറെ എന്നാ ഞാനങ്ങ് മാറിക്കോട്ടെ." ജെസിബി ഓപ്പറേറ്റർ പോകാൻ തിടുക്കം കൂട്ടി.

"താൻ പോകാൻ വരട്ടെ. അയാള് കുത്തിയെളക്കുന്ന മണ്ണും കല്ലും താൻ കോരി കരയ്ക്കിട്." സിഐ ആജ്ഞാപിച്ചു.

"സാറേ ഇനി അയാള് ചെയ്യട്ടെ."

"നിനക്കെന്താടാ കഴുവേറീടമോനെ പോകാനിത്ര തിടുക്കം. ഞങ്ങളെല്ലാരും പോയക്കഴിഞ്ഞിട്ട് നീ പോയാമതി. കേറടാ ജെസീബിലോട്ട്." സിഐയുടെ ആക്രോശം കേട്ട് ഓപ്പറേറ്റർ അന്ധാളിച്ചുപോയി. അയാൾ ഒരക്ഷരം മിണ്ടാതെ കാബിനിൽ കയറി ജെസിബി പ്രവർത്തിപ്പിച്ചു. അനി ബാബു പിക്കാക്സുവെച്ച് കൊത്തിയിളക്കുന്ന മണ്ണും കല്ലും അയാൾ ലോഡർ ബക്കറ്റ് ഉപയോഗിച്ച് കോരി കരയ്ക്കിട്ടു.

ചെങ്കൽ പാളികൾ കൊത്തിയടർത്തി കോരിമാറ്റിയതോടെ അടിയിൽ വീണ്ടും മണ്ണും ചരലുമായി. ഒന്നരയടികൂടി താഴ്ന്നു കഴിഞ്ഞപ്പോൾ അനിബാബു ആഞ്ഞുകൊത്തിയ പിക്കാസ് മണ്ണിനടിയിലെവിടെയോ ഉടക്കി. അനിബാബു മുകളിലേക്കു നോക്കിയിട്ട് ജെസിബിക്കാരനോടു മണ്ണു കോരിമാറ്റാൻ അടയാളം കാട്ടി.

ലോഡർ ബക്കറ്റ് താഴേക്കുവന്ന് മണ്ണ് കോരി. അനിബാബു മണ്ണിനു കട്ടി കുറഞ്ഞതായി തോന്നിയ ഭാഗം സൂക്ഷ്മതയോടെ പിക്കാക്സുകൊണ്ട് കിളച്ച് മാന്തി. ഒടുക്കം ഒരു പ്ലാസ്റ്റിക് ഷീറ്റിന്റെ ചില ഭാഗങ്ങൾ മണ്ണിനു മീതെ ദൃശ്യമായി.

"സൂക്ഷിച്ച്... സൂക്ഷിച്ച്..."

പോലീസ് അനിബാബുവിനോട് ആംഗ്യത്തോടെ പറഞ്ഞു.

അനിബാബു ഇതിനകം വിയർപ്പിൽ കുതിർന്നു കഴിഞ്ഞു. ശ്രദ്ധാപൂർവം വശങ്ങളിലെ മണ്ണ് വകഞ്ഞു മാറ്റിയപ്പോൾ പായിൽ തെറുത്തു പൊതിഞ്ഞപോലെ കട്ടിയുള്ള പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് നീളത്തിൽ പൊതിഞ്ഞ ഒരു ഭാണ്ഡം മണ്ണിനുവെളിയിൽ പ്രത്യക്ഷമായി. അതിനെ പല ചുറ്റുകളായി വരിഞ്ഞു ചുറ്റിക്കെട്ടിയ നൂൽക്കമ്പികൾ മിക്കവാറും തുരുമ്പിച്ച് ദ്രവിച്ചടർന്നു പോയെങ്കിലും ആ കെട്ടിന്റെ പാടുകൾ വടുക്കൾപോലെ പ്ലാസ്റ്റിക് ഷീറ്റിന്റെ മേൽ അങ്ങിങ്ങായി കാണാമായിരുന്നു.

അനിബാബു പിക്കാക്സ് താഴെയിട്ട് കുഴഞ്ഞുപോയപോലെ ആ മണ്ണിലേക്ക് ഇരുന്നു. അയാൾ ഇനി ഒന്നുംതന്നെ മനസ്സിലാക്കാൻ അവശേഷിക്കുന്നില്ല. തന്റെ സഹോദരന്റെ ജഡം ഇരുപത്തിരണ്ടു വർഷം മുൻപ് മറവു ചെയ്തതാണ് ഇപ്പോൾ കൺമുൻപിൽകാണുന്ന പ്ലാസ്റ്റിക്കിന്റെ പൊതിക്കെട്ട് എന്ന തിരിച്ചറിവിൽ കൈത്തലത്തിലേക്ക് നെറ്റി താങ്ങി അയാൾ തലകുനിച്ചു.

(തുടരും)

**SUBSCRIPTION FORM**

I.D. # ____ Date ____ Expiration Date ____

Name ____

Address ____

City ____ State ____ Zip ____

Phone: ____ Email: ____

Signature: ____

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

**Take Advantage Of Our New Low Rates**

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ____

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ____

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to


**KERALA EXPRESS**

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA MasterCard DISCOVER


ട്രൈസ്റ്റേറ്റ് കേരളാ ഫോറം
TRISTATE KERALA FORUM · PHILADELPHIA
"ആരവം 2K24"
TRISTATE KERALA FORUM ONAM '24
ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട്
ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഒരുക്കുന്ന വമ്പിച്ച ഓണാഘോഷം
ഫിലഡൽഫിയയിൽ
Powered by
KVK TECH
Syro Malabar Church Auditorium, 608 Welsh Rd, Philadelphia, P A - 19115
ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 12:00 മണി മുതൽ
Saturday, August 31st, 2024 - 12:00 PM
Navaneeth Unnikrishnan
Chief Guest & Onam Message
FLOWERS
Asianet
pravasi
KAIRALI
Abhilash john Chairman
Binu Mathew General Secretary
Philipose Cherian Treasurer
John Panicker Joint Secretary
Rajan Samuel Joint Treasurer
Joby George Onam Chairman
Vincent Emmanual Program Coordiantor
George Nadavayal Kerala Day Chairman
Suresh Nair
Sajan Varghese
Alex Thomas
George Olikkal
Sudha Kartha
Executive Vice Chair Persons
Sumodh Nellillala PRO
Rony Varghese Award
Georgekutty Lukose Karshaka Rathna
Geemon George Procession Coordinator
Sosamma Cherian
Bridget Vincent
Celine Oalickal
Best couple/ Best Men /Best Women Coordinators:
Arun Kovattu Program Producer
Alex Babu Social Media Coordinator
Asha Augustine Thiruvathira Coordinator
Sara Ipe Reception Cordinator
Sadasivankunji Kerala Coordinator
Chair Persons : Participating Associations : Fr. Modayil Philips (PAMPA) , Sunny Kizhakemuriyil (Kottayam Association), Philipose Cherian (Friends of Thiruvalla), Reji Cherukathara (Friends of Ranni), Suda Kartha (NSS, PA), P K Somarajan (SNDP), Abraham V Joseph (MELA), Sara Ipe (PIANO), Prof. Koshy Thalakal (Philadelphia Malayala Sahithya Vedhi), Chacko Abraham (CIMIO), Lawrance Thomas (PHILMA), Sreejithi Komath (MAP), Shyla Rajan (ORMA), IPCO
Coordinators: Benny Kottaram, Dileep George, Dennis Jacob, John P Varkey, Joseph P Mani, George Joseph, George Mathew, Sunil Lamannil, James Chacko, Mathew George, Jayan Pillai, Thomas Joy, Jomal Thomas, Mody Jacob, K O Varghese, Biju Abraham, Tinu Johnson, Kurian Polachirackal, Jaison Varghese, Aby Mathew, Jaison Thomas, Dominic P Jacob, Jayasree Nair, Jaya Sumodh, Deepa James, Lekha Jayakumar, Kurian Rajan, Thomas Behanan, Thomas Paul
"Serving Community for more than 25 Years"
INJURED in an ACCIDENT?
ATTORNEYS AVAILABLE 24/7
NO RECOVERY - NO FEE
EXPERIENCED CRIMINAL DEFENSE ATTORNEY IN OUR TEAM
LAW OFFICES OF KUNNEL, ORTIZ & THIRUSELVAM
KOT Law
THE KEY TO YOUR DREAM HOME
LIJO GEORGE
REALTOR
EMMANUEL REALTY
MAYURA
INDIAN RESTAURANT
9321-23, krewstown Rd
Philadelphia, PA 19115
2673773250
Best Compliments from...
Chaman Popli
Popli Group LLC
Riya the travel expert!
24X7 1 877 669 7492
WWW.RIYA.TRAVEL
INCREDIBLE DEALS AND PACKAGES ON CHRISTIAN PILGRIMAGE TOURS
HealthcareSTAT
Home Care (HHC)
Compassionate Care For Your Loved Ones
JCAHO, Medicare & Medicaid certified
Manilal Mathai & Daisy Manilal
NURSING SERVICES
HOME HEALTH AIDE SERVICES
THERAPY SERVICES
Angel Star
ADULT DAY CARE
Manilal Mathai & Daisy Manilal
Meals & Free Transportation Provided




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**